# താമരമൊട്ടുകൾ

വാല്യം 26 | മാർച്ച് 2024 | ലക്കം 03 | Price ₹20



താമരശ്ശേരി രൂപതാ ബുള്ളറ്റിൻ

EPARCHY OF THAMARASSERY

IN CARITATE RADICATI ET FUNDATI

# Blessing and Inauguration of St. Alphonsa Dialysis Centre Venappara















താമരശ്ശേരി രൂപതയുടെ


ആശംസകൾ... പ്രാർത്ഥനകൾ...



താമരമൊട്ടുകൾ മാർച്ച് 2024
വാല്യം 26 ലക്കം 03

# താമരമൊട്ടുകൾ

(താമരശ്ശേരി രൂപതാ ബുള്ളറ്റിൻ)



"വാങ്ങി ഭക്ഷിക്കുവിൻ; ഇതെന്റെ ശരീരമാണ്"

(മത്താ 26,26)

# ഇതളുകൾ വിരിയുമ്പോൾ


| | | |
|---|---|---|
| 1. | ആശംസകൾ | 175 |
| 2. | പ്രോഗ്രാം മാർച്ച് 2024 | 176 |
| 3. | സർക്കുലർ 01/2024 | 178 |
| 4. | ഇടയലേഖനം | 183 |
| 5. | സർക്കുലർ 02/2024 | 191 |
| 6. | സർക്കുലർ 03/2024 | 194 |
| 7. | കച്ചേരിക്കാര്യം | 196 |
| 8. | റൂബി ജൂബിലി | 201 |
| 9. | വൊക്കേഷൻബ്യൂറോ | 202 |
| 10. | ആദരാഞ്ജ്ജിലികൾ | 203 |
| 11. | വിശ്വാസപരിശീലനം | 205 |
| 12. | മദ്ബഹ ശുശ്രൂഷ സംഘം (**SMART**) | 207 |
| 13. | ലിറ്റർജി കമ്മീഷൻ | 208 |
| 14. | സെമിനാരി വാർത്ത | 210 |
| 15. | ചെറുപുഷ്പ മിഷൻലീഗ് | 212 |
| 16. | തിരുബാലസഖ്യം | 214 |
| 17. | കത്തോലിക്ക കോൺഗ്രസ്സ് | 214 |
| 18. | സ്റ്റാർട്ട് | 144 |
| 19. | അൽഫോൻസ കോളേജ് തിരുവമ്പാടി | 146 |
| 20. | അൽഫോൻസ കോളേജ് | 216 |
| 21. | സ്റ്റാർട്ട് | 219 |
| 22. | ആൽഫ മരിയ അക്കാദമി | 222 |
| 23. | വിദ്യാഭ്യാസരംഗം | 222 |
| 24. | പോപ്പ് ജോൺ പോൾ കക ഇൻസ്റ്റിറ്റ്യൂട്ട് | 225 |
| 25. | എയ്ഡർ എഡ്യൂക്കെയർ | 226 |
| 26. | കെസിവൈഎം-എസ്എംവൈഎം | 228 |
| 27. | വിൻസെന്റ് ഡി പോൾ സൊസൈറ്റി | 236 |
| 28. | മാതൃവേദി | 237 |
| 29. | ബഥാനിയ ധ്യാനകേന്ദ്രം | 239 |
| 30. | വികസനവേദി | 241 |
| 31. | യേശുനിധി | 244 |
| 32. | അജപാലനക്കുറിപ്പുകൾ | 245 |

# Birth Day Greetings

| Rev. Fathers | March |
|---|---|
| Karottuzhunnalil Jose | 1 |
| Panachickal Alex | 3 |
| Panachipuram Mathew | 3 |
| Thekkumcherikunnel Mathew | 3 |
| Oliakattil Joseph | 4 |
| Purayidathil George | 5 |
| Thoomkuzhy Dominic | 6 |
| Nandalath Johnson | 6 |
| Kunnath Joseph | 7 |
| Munjanattu Mathew | 10 |
| Narivelil George | 10 |
| Thuruthiyil Joseph | 10 |
| Kothanickal Chacko | 11 |
| Cheeramattathil Sebastian | 12 |
| Puthettupadavil Joseph | 12 |
| Purayidathil Antony | 13 |
| Njezhukumkattil Mathew | 14 |
| Cheruvelil Mathew | 15 |
| Chempukandathil Sebastian | 16 |
| Mannoor Joseph | 19 |
| Elamthuruthil Joseph | 21 |
| Pattaniyil Augustine | 27 |
| Vadakkedom Jose | 29 |
| Kalathoor Varghese | 29 |
| Chemplani Kuriakose | 31 |



Mar Remigiose Inchananiyil

# പ്രോഗ്രാം മാർച്ച് 2024

| | | |
|---|---|---|
| 06 | ബുധൻ | പാതിനോമ്പ് |
| 19 | ചൊവ്വ | വി. യൗസേപ്പിതാവിന്റെ മരണത്തിരുനാൾ |
| 22 | വെള്ളി | നാല്പതാം വെള്ളി : കുളത്തുവയൽ തീർത്ഥാടനം |
| 24 | ഞായർ | ഓശാന ഞായർ |
| | | ചരമദിനം: ഫാ. ജോർജ്ജ് പരുത്തപ്പാറ (2011) |
| 25 | തിങ്കൾ | മംഗളവാർത്തത്തിരുനാൾ |
| 26 | ചൊവ്വ | ചരമദിനം: ഫാ. ജോൺ പനയ്ക്കപ്പിള്ളി (2020) |
| 28 | വ്യാഴം | പെസഹാ വ്യാഴം |
| 29 | വെള്ളി | പീഡാനുഭവ വെള്ളി |
| | | ചരമദിനം : ഫാ. സെബാസ്റ്റ്യൻ കാഞ്ഞിരക്കാട്ടുകുന്നേൽ (2018) |
| 30 | ശനി | വലിയ ശനി |
| 31 | ഞായർ | ഉയിർപ്പ് |

# FEAST DAY GREETINGS
# March 19

Rev. Fathers
Alappattukottayil Joseph
Antheenadu Joseph
Aranjaniolickal Joseph (Sr.)
Aranjaniolickal Joseph (Jr.)
Chirakandathil Jose
Chundayil Joseph
Chirathalackal Joseph
Elamthuruthil Joseph
Ezhanikatt Joseph
Edakkattil Joseph
Kalappurackal Joseph
Kalarickal Joseph
Kalathil Joseph
Kappil Joseph
Karottuzhunnalil Jose
Keelath Joseph
Koonanickal Joseph
Kottarathil Joseph
Kunnath Joseph
Kuzhikattumyalil Joseph
Maliyeckal Joseph
Manjakazhakunnel Joseph
Mannancheril Joseph
Mannoor Joseph
Mukaleparambil Joseph
Njavallil Jose
Oliakattil Joseph
Palakattu Joseph
Panthaladickal Joseph
Palliyodil Joseph Christie
Pamplaniyil Joseph
Pennaparambil Jose
Poothakuzhy Joseph
Puthettupadvil Joseph
Puthanpurakkal Joseph
Pulichamakkal Joseph
Thandaparmbil Joseph
Thekkumkattil Joseph
Thuruthiyil Joseph
Vadakkedom Jose
Vadakkel Joseph
Vetukallel Joseph
Vilangupara Joseph

Mar Remigiose Inchananiyil

# ദൈവവിളി

സർക്കുലർ 01/2024

മിശിഹായിൽ പ്രിയപ്പെട്ടവരേ,

നമ്മുടെ ഹൃദയങ്ങളിൽ ക്രിസ്തുവിന്റെ ഉയർപ്പിനുവേണ്ടി നാം ഒരുങ്ങുന്ന സമയമാണല്ലോ ഇത്. വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം ഒരു അധ്യായന വർഷത്തിന്റെ സമാപനത്തിൽ എത്തിനിൽക്കുകയാണ്. കഴിഞ്ഞ ഒരു വർഷം പുതിയ അറിവുകൾ നേടുന്നതിനും പരീക്ഷകൾ നന്നായി എഴുതുന്നതിനും നമ്മെ അനുഗ്രഹിച്ച ദൈവത്തിനും നമ്മെ നന്നായി ഒരുക്കിയ അദ്ധ്യപകർക്കും നമുക്ക് നന്ദി പറയാം. കുട്ടികളോരോരുത്തരും തങ്ങളുടെ ഭാവിയെക്കുറിച്ച് ചിന്തിക്കുകയും ഉചിതമായ തീരുമാനങ്ങൾ എടുക്കുകയും ചെയ്യേണ്ട സമയമാണിത്. വേണ്ടത്ര ചിന്തിച്ചും പ്രാർത്ഥിച്ചും സ്വന്തം ജീവിതത്തെക്കുറിച്ച് നല്ല തീരുമാനമെടുക്കുവാൻ എല്ലാവരെയും ദൈവം അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

ആത്മാവിന്റെ ദാനമാണ് വിവേചിച്ചറിയാനുള്ള വരം. ദൈവവിളി കണ്ടെത്തുവാനുള്ള വിവേചന ശക്തിയും ആത്മാവിന്റെ ദാനമാണ്. ഒരു കാര്യം അല്ലെങ്കിൽ ഒരു തെരഞ്ഞെടുപ്പ് പരിശുദ്ധാത്മാവിൽ നിന്ന് വരുന്നതാണോ അതോ ലോകത്തിൽ നിന്നോ, പിശാചിൽ നിന്നോ ഉത്ഭവിച്ചത് ആണോ എന്ന് എങ്ങനെ തിരിച്ചറിയും? ഏക മാർഗ്ഗം വിവേചിച്ചറിയലിലൂടെ കണ്ടെത്തുക എന്നതാണ്. ബുദ്ധിശക്തിയെക്കാളും സാമാന്യബോധത്തെക്കാളും കൂടുതലായ ഒരു ശക്തി അതിന് ആവശ്യമാണ്. ഈ ദാനം പരിശുദ്ധാത്മാവ് നമുക്ക് നൽകുമെന്ന ആത്മവിശ്വാസത്തോടെ നമ്മൾ അപേക്ഷിക്കുകയും, പ്രാർത്ഥന, വിചിന്തനം, വായന, ആലോചന തേടൽ എന്നിവയിലൂടെ വികസിപ്പിക്കാൻ പരിശ്രമിക്കുകയും ചെയ് താൽ തീർച്ചയായും നമു

ക്ക് ഈ ആധ്യാത്മിക ദാനത്തിൽ വളരാൻ സാധിക്കും (Gaudete et Exultate no. 166).

സൃഷ്ടാവായ ദൈവം പ്രപഞ്ചത്തെ സൃഷ്ടിച്ചശേഷം ആദത്തിലൂടെ ഓരോരുത്തരെയും പേരുചൊല്ലി വിളിക്കുന്നതായി ഉൽപത്തി പുസ്തകത്തിൽ കാണാം (ഉൽ 1,3). ദൈവത്തിന്റെ ഈ വിളി തന്റെ കാരുണ്യത്തിന്റെയും സ്നേഹത്തിന്റെയും അടയാളമായി തുടരുന്നുവെന്ന് ബൈബിൾ സാക്ഷ്യപ്പെടുത്തുന്നു. ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യനെ ദൈവം അസ്ഥിത്വത്തിലേയ്ക്ക് വിളിക്കുകയാണ്. മനുഷ്യന്റെ ജീവിതലക്ഷ്യം ദൈവത്തെ പ്രാപിക്കുക എന്നതത്രെ.

ഈ പൂർണ്ണതയിലേയ്ക്കുള്ള പ്രയാണമാണ് യഥാർത്ഥത്തിൽ മനുഷ്യജീവിതം. ഇതിനായി പല വഴിയിലൂടെ മനുഷ്യൻ പ്രയാണം ചെയ്യുന്നു. എന്നെ ദൈവം എന്തിനായി വിളിച്ചിരിക്കുന്നു വെന്ന് ഓരോരുത്തരും മനസ്സിലാക്കി ആ വിളിക്ക് അനുസൃതമായി ജീവി ക്കാൻ കടപ്പെട്ടിരിക്കുന്നു. യോനാ ദൈവത്തിന്റെ വിളിക്കെതിരായി നീങ്ങിയപ്പോൾ ജീവിതം പരാജയമായിരുന്നു, ദുരന്തപൂർണ്ണമായിരുന്നു. എന്നാൽ ദൈവീകപദ്ധതിയോട് സഹകരിച്ചപ്പോൾ തന്റെ കൊച്ചു ജീവിതംകൊണ്ട് അത്ഭുതങ്ങൾ പ്രവർത്തിക്കുവാൻ പ്രവാ ചകനു കഴിഞ്ഞു. സ്വന്തം ജീവിത വിളിയെപ്പറ്റി തീരുമാനമെടുക്കുമ്പോൾ യോനാ പ്രവാചകന്റെ അനുഭവം നമുക്കും പാഠമായിരിക്കണം.

"എനിക്ക് ഇഷ്ടമുള്ള അജപാലകരെ ഞാൻ നിങ്ങൾക്ക് നൽകും" (ജെറ 3,15), ജെറമിയ പ്രവാചകനിലൂടെ ദൈവം അരുൾച്ചെയ്ത വാക്കുകളാണിവ. ഈ പ്രവാചക ശബ്ദത്തിന്റെ യാഥാർത്ഥ്യത്തെ ക്രിസ്തുവിന്റെ മൗതിക ശരീരമായ സഭ നിരന്തരം അനുഭവിച്ചറിയുന്നു. നല്ല ഇടയന്മാരെ നൽകി നല്ലിടയനായ ക്രിസ്തു എന്നും നമ്മെ അനുഗ്രഹിച്ചു കൊണ്ടിരിക്കുന്നു.

പൗരോഹിത്യ സന്യസ്ത ജീവിതം മനുഷ്യന്റെ അന്തരാത്മാവിൽ ശ്രവിക്കുന്ന ഉൾവിളിക്ക് നൽകുന്ന ഉത്തരമാണ്. മനുഷ്യാത്മാവിലുള്ള അരൂപിയുടെ പ്രവർത്തനവും ദൈവമനുഷ്യ ബന്ധത്തിന്റെ ആഴപ്പെടുത്തലുമാണ് ദൈവവിളി. സൃഷ്ടിയുടെ ആരംഭം മുതൽ തന്നെ ദൈവം മനുഷ്യനെ തന്നിലേക്ക് ആകർഷിക്കുന്നുണ്ട്. അതിനായി

ദൈവം മനുഷ്യരുടെ ഇടയിലേക്ക് ഇറങ്ങിവരുന്നുമുണ്ട്. പുറപ്പാട് പുസ്തകത്തിൽ മേഘത്തിലും, അഗ്നിയിലും, കൊടുങ്കാറ്റിലും, ദൈവം തന്റെ സാന്നിധ്യം വെളിപ്പെടുത്തുന്നു. ചെങ്കടലിന്റെ നടുവിലും, മാറായിലെ ജലത്തിലും ദൈവം സജീവ സാന്നിധ്യമാകുന്നു. സാന്നിധ്യമായി, സംരക്ഷണമായി ഇറങ്ങിവന്നദൈവം അബ്രാഹത്തിനും, യാക്കോബിനും, മോശക്കും വിളി നൽകുകയും സംരക്ഷണം നൽകുകയും ചെയ്യുന്നു. ബലഹീനതയിലും ശക്തിയാകുന്ന ദൈവത്തെ, വാർധക്യത്തിലും ജീവന്റെ തുടിപ്പ് നൽകുന്ന ശക്തമായ കരമായും, വിക്കി സംസാരശേഷി കുറഞ്ഞവന്റെ നാവാകുന്ന ദൈവമായും നാം കണ്ടുമുട്ടുന്നു. വിളിയെ മനസ്സിലാക്കി വിവേചിച്ചറിയുന്നവരുടെ ജീവിതത്തിൽ നിറഞ്ഞുനിൽക്കുന്ന സജീവ സാന്നിധ്യമാണ് ദൈവം. പുതിയ നിയമത്തിലും, ശിഷ്യന്മാർക്ക് സമാധാനവും ശക്തിയും നൽകുന്ന ദൈവത്തെയാണ് നാം കാണുക അതുപോലെ മനുഷ്യരെ അനാഥരാക്കാതെ കൂടെ ആയിരിക്കാൻ ആഗ്രഹിച്ച ഈശോ പരിശുദ്ധ കുർബാനയിലൂടെ അപ്പത്തിന്റെ രൂപത്തിൽ മനുഷ്യനിലേക്ക് വീണ്ടും കടന്നു വരുന്നു. ദൈവിക തലത്തിൽ നിന്നും മനുഷ്യാവതാരത്തിലൂടെ മനുഷ്യനായി താഴ്ന്ന് ഇറങ്ങി വന്ന ദൈവം കുർബാനയിൽ പദാർത്ഥമായി, ഭക്ഷണമായി താഴുന്നു. കൂദാശയിലൂടെയും, വിശുദ്ധ ഗ്രന്ഥത്തിലും ദൈവം ഇന്നും സന്നിഹിതനാണ്. അവിടുന്ന് മനുഷ്യനെ തന്നിലേക്ക് ആകർഷിക്കുകയും വിളിക്കുകയും ചെയ്യുന്നുണ്ട്. ദൈവ ത്തിന്റെ ഈ വലിയ സംരക്ഷണയോടെയുള്ള സ്നേഹത്തിന്, കൂടെയുള്ള വാസത്തിന് മനുഷ്യൻ നൽകുന്ന പ്രത്യുത്തരമാണ് പൗരോഹിത്യ സന്യസ്ത സമർപ്പണം.

ഈ ലോകത്തിൽ ദൈവത്തിന്റെ സ്വരമാകാൻ, ദൈവത്തിന്റെ പ്രവാചകരാകുവാൻ ദൈവത്തിന് മനുഷ്യജീവിതങ്ങളെ ഇന്നും ആവശ്യമുണ്ട്. ആർസ് എന്ന ഇടവകയെ പാപത്തിൽ നിന്നും തിന്മയുടെ ശക്തികളിൽ നിന്നും വിമോചിപ്പിച്ച വി. ജോൺ മരിയ വിയാനിയെപ്പോലെ, ലോകസുഖങ്ങളോട് വിട പറഞ്ഞ്, ദാരി ദ്ര്യത്തെ പ്രണയിച്ച അസ്സീസിയിലെ വി. ഫ്രാൻസിസിനെപ്പോലെ, യുവാക്കൾക്കുവേണ്ടി ജീവൻ സമർപ്പിച്ച വി. ഡോൺ ബോസ്ക്കോ യെപ്പോലെ, സഹനങ്ങളെ ക്രിസ്തുവിനുവേണ്ടി പുഞ്ചിരിയോടെ സ്വീകരിച്ച വി. അൽഫോൻസാമ്മയെപ്പോലെ, കൽക്കട്ടയിലെ ദരിദ്രരെയും പാർശ്വ

വത്ക്കരിക്കപ്പെട്ടവരെയും നെഞ്ചോടണച്ച വി. മദർതെരേസയെ പ്പോലെ ദൈവഹിതം അന്വേഷിക്കുവാനും അനേകർക്കുവേണ്ടി ജീവൻ സമർപ്പിക്കുവാനും ധൈര്യവും ആഗ്രഹവുമുള്ള അനേകരെ ക്രിസ്തുവിന് ഇന്നും ആവശ്യമുണ്ട്. ദൈവജനത്തിന് ശുശ്രൂഷ ചെയ്യുവാനായി പൗരോഹിത്യ സന്ന്യാസ ദൈവവിളികളിലൂടെ ധൈര്യത്തോടും അർപ്പണബോധത്തോടും കൂടി മുന്നേറുവാൻ ആഗ്രഹിക്കുന്ന എല്ല വിദ്യാർത്ഥിനീ വിദ്യാർത്ഥികളെയും യുവതിയുവാക്കളെയും നമുക്കും പ്രോത്സാഹിപ്പിക്കാം.

ഗാർഹിക സഭയായ കുടുംബമാണ് ദൈവവിളിയുടെ വിളനിലം. മാതാപിതാക്കളുടെ ജീവിതമാതൃകയും, വിശ്വാസസാക്ഷ്യവും പ്രാർത്ഥനാചൈതന്യവുമാണ് സമർപ്പണജീവിതത്തിലേയ്ക്കുള്ള പ്രത്യേക വിളി സ്വീകരിക്കാൻ കുട്ടികളെ പ്രേരിപ്പിക്കുന്ന പ്രധാന പ്പെട്ടഘടകമെന്നുകൂടി ഓർമ്മിപ്പിക്കട്ടെ. ദൈവം തനിക്ക് ഇഷ്ടമുള്ളവരെ തന്റെ അടുക്കലേക്ക് വിളിച്ചു (മർക്കോ 3,13). ഇതൊരു തിരഞ്ഞെടുപ്പാണ്. ആത്യന്തികമായി ദൈവം ദാനമായി നൽകുന്നതാണ് പൗരോഹിത്യ ദൈവവിളി. പിതാവിനാൽ ആകർഷിക്കപ്പെടാതെ ആർക്കും ഈ വിളിയിലേക്ക് കടന്നു വരുവാൻ സാധിക്കുകയില്ല. ദൈവം ഓരോരുത്തരെയും പേര് ചൊല്ലി വിളിക്കുകയാണ്. മനുഷ്യരക്ഷ സാദ്ധ്യമാക്കിത്തീർക്കാൻ ദൈവം എല്ലാവരെയും ക്ഷണിക്കുന്നു. എങ്കിലും ദൈവം തന്റെ രക്ഷാകര പദ്ധതിയിൽ ചിലരെ പ്രത്യേകം വിളിച്ചു നിയോഗിക്കുന്നതായി ബൈ ബിളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വിശ്വാസസമൂഹത്തിന്റെ പിതാവായ അബ്രാഹത്തെ വിളിച്ചത് മുതൽ മോശയിലൂടെയും സാമുവലിലൂടെയും, മറിയത്തിലൂടെയും, അപ്പസ്തോലന്മാരിലൂടെയും, ഇന്ന് നാം ഓരോരുത്തരിലൂടെയും, ദൈവം വിളിക്കുകയും വേർതിരിക്കുകയും ചെയ്യുന്നു. ഈ വിളികൾ എല്ലാം വ്യക്തിപരമായ വിളികളാണ്. ഓരോരുത്തരും പ്രത്യുത്തരിക്കുന്നതും വ്യക്തിപരമായാണ്.

പൗരോഹിത്യ സമർപ്പിത വിളിയോട് ആഭിമുഖ്യം തോന്നുന്ന എല്ലാ കുട്ടികളെയും ദൈവവിളി ക്യാമ്പിലേയ്ക്ക് ക്ഷണിക്കുകയാണ് തങ്ങളുടെ ദൈവവിളി തിരിച്ചറിയുന്നതിനും വിവേച്ചിച്ചറിയുന്നതിനുമുള്ള തുടക്കമായി ദൈവവിളി ക്യാമ്പിൽ പങ്കെടുക്കാം. ഈ വർഷത്തെ ദൈവവിളി ക്യാമ്പുകൾ ഏപ്രിൽ 1,2,3 തീയതികളിലാണ്

നടക്കുന്നത്. ആൺകുട്ടികൾക്ക് താമരശ്ശേരി അൽഫോൻസാ മൈനർ സെമിനാരിയിൽ വച്ചും പെൺകുട്ടികൾക്ക് മേരിക്കുന്ന് പി.എം.ഒ.സി. യിലുമായിട്ടാണ് ക്യാമ്പ് സംഘടിപ്പിച്ചിരിക്കുന്നത്. എസ്.എസ്.എൽ. സി.യോ, പ്ലസ്ടുവോ, ഉന്നതകോഴ്സുകളോ പൂർത്തിയാക്കിയവരാണ് ക്യാമ്പിൽ സംബന്ധിക്കേണ്ടത്. പൗരോഹിത്യ സന്യാസ ജീവിതം നയിക്കുവാൻ ആഗ്രഹിക്കുന്ന എല്ലാ കുട്ടികളെയും മാതാപിതാക്കൾ ഈ ക്യാമ്പിന് പറഞ്ഞു വിടുവാൻ ശ്രദ്ധിക്കുമല്ലോ.

ഈശോയിൽ സ്നേഹപൂർവ്വം

**മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**

**താമരശ്ശേരി രൂപതയുടെ മെത്രാൻ**

***ഈ സർക്കുലർ മാർച്ച് 3-ാം തീയതി വി. കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.***

# ഇടയലേഖനം

Prot. No. 0205/2024

**സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോ ലീത്താമാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പി തർക്കും തന്റെ അജപ ാലനശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടി രിക്കുന്ന എല്ലാ ദൈവ ജനത്തിനും എഴുതുന്നത്. കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോ ടുംകൂടെ ഉണ്ടായിരിക്കട്ടെ!**

ഈശോമിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പായി ചുമത ലയേറ്റതിനുശേഷം ഒരു ഇടയലേഖനത്തിലൂടെ ഞാൻ ആദ്യമായി നിങ്ങളെ അഭിസംബോധനചെയ്യുകയാണ്. സഭയുടെ ആസ്ഥാനകാ ര്യാലയമായ മൗണ്ട് സെന്റ് തോമസിൽ ജനുവരി 8 മുതൽ 10 വരെ നടന്ന മുപ്പത്തിരണ്ടാമതു സിനഡിന്റെ ഒന്നാം സമ്മേളനം സഭയുടെ നാലാമത്തെ മേജർ ആർച്ചുബിഷപ്പായി എന്നെ തെരഞ്ഞെടുക്കു കയും പ്രസ്തുത തെരഞ്ഞെടുപ്പ് പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ സ്ഥിരീകരിക്കുകയും ചെയ്തു. ജനുവരി പതിനൊന്നാം തിയതി മേജർ ആർച്ചുബിഷപ്പിന്റെ ചുമതല ഞാൻ ഏറ്റെടുത്തു. പ ുതിയ മേജർ ആർച്ചുബിഷപ്പിന്റെ തെര ഞ്ഞെടുപ്പിനായി ആത്മാർഥ മായി പ്രാർഥിച്ച സഭമുഴുവനോടും ഞാൻ ഹൃദയപൂർവം നന്ദിപറയു ന്നു. സഭയുടെ അഡ്മിനിസ്ട്രേറ്റർ എന്ന നിലയിൽ സിനഡു വിളി ച്ചുകൂട്ടുകയും മേജർ ആർച്ചുബിഷ പ്പിന്റെ തെരഞ്ഞെടുപ്പും സ്ഥാന ാരോഹണവുമായി ബന്ധപ്പെട്ട എല്ലാക്കാര്യങ്ങളും ദൈവാനുഗ്രഹ പ്രദമായും സൂക്ഷ്മതയോടെയും കൃത്യതയോടെയും ക്രമീകരിക്കു കയുംചെയ്ത കൂരിയാ ബിഷപ്പ് മാർ സെബാസ്റ്റ്യൻ വാണിയപ്പുര യ്ക്കൽ പിതാവിനും ഏറ്റം ഹൃദ്യമായി നന്ദിപറയുന്നു.

സീറോമലബാർസഭയുടെ ചരിത്രം ദൈവിക ഇടപെടലു കള ുടെ അത്ഭുതവിവരണമാണ്. മാർ തോമാശ്ലീഹായുടെ പ്രേഷിത

പ്രവർത്തനത്താൽ രൂപമെടുത്ത ഈ ക്രൈസ്തവ സമൂഹത്തിനു നൂറ്റാണ്ടുകൾ നീണ്ട സങ്കീർണവും വേദനാജന കവുമായ അനുഭവങ്ങളിലൂടെയാണ് കടന്നുപോകേണ്ടിവന്നത്. കത്തോലിക്കാ കൂട്ടായ്മയിൽനിന്നു വിഘടിച്ചുപോകാനുള്ള പ്രലോഭനങ്ങളെ അതിജീവിച്ച ഈ സഭാസമൂഹം സ്വന്തം അസ്തിത്വം രൂപപ്പെടു ത്തുന്നതിനു വേണ്ടിയുള്ള പരിശ്രമങ്ങൾ നിരന്തരം തുടർന്നു കൊണ്ടേയിരുന്നു. 1923–ൽ സീറോ മലബാർ ഹയരാർക്കി സ്ഥാപിത മായെങ്കിലും 1992–ൽ മേജർ ആർക്കി എപ്പിസ്കോപ്പൽ പദവിയി ലേക്ക് ഉയർത്തപ്പെട്ടതോടെയാണു സീറോമലബാർ സഭയിൽ കാനോനികമായ സംവിധാനങ്ങൾ പൂർണമായും രൂപപ്പെട്ടത്. നമ്മുടെ സഭയെ കഴിഞ്ഞ രണ്ടു സഹസ്രാബ്ദങ്ങളിൽ വഴിനടത്തിയ ദൈവപരിപാലനയ്ക്കു നന്ദിപറയാം. സഭയുടെ ആദ്യത്തെ മേജർ ആർച്ചുബിഷപ്പ് കർദിനാൾ മാർ ആന്റണി പടിയറ പിതാവിനെയും പൊന്തിഫിക്കൽ ഡെലഗേറ്റ് ആർച്ചു ബിഷപ്പ് മാർ അബ്രാഹം കാട്ടുമന പിതാവിനെയും രണ്ടാമത്തെ മേജർ ആർച്ചുബിഷപ്പ് കർദിനാൾ മാർ വർക്കി വിതയത്തിൽ പിതാവിനെയും ഈ അവസരത്തിൽ ആദരവോടും കൃതജ്ഞത യോടുംകൂടെ അനുസ് മരിക്കുന്നു.

സഭയുടെ മൂന്നാമത്തെ മേജർ ആർച്ചുബിഷപ്പായ കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവിന്റെ ശുശ്രൂഷകൾ സമാനതകളില്ലാത്തതാണ്. ജീവിതലാളിത്യവും നലംതികഞ്ഞ സഭാസ്നേഹവും സുവിശേഷത്തോടുള്ള അചഞ്ചലമായ പ്രതിബദ്ധതയും വിശ്രമരഹിതമായ അധ്വാനവും വ്രതമാക്കിയ ജീവിതമാണ് പിതാവിന്റേത്. ഭാരതം മുഴുവനും ഭരണാധികാരമുള്ള സഭയായി സീറോ മലബാർസഭയെ വളർത്തുകയും ഭാരതത്തിനു പുറത്തു മെൽബൺ, മിസ്സിസാഗാ, ഗ്രേറ്റ് ബ്രിട്ടൺ രൂപതകളുടെയും യൂറോ പ്പിലെ അപ്പസ്തോലിക്ക് വിസിറ്റേഷന്റെയും സ്ഥാപനത്തിലൂടെ നമ്മുടെ സഭയ്ക്ക് ആഗോളമാനം നല്കുകയും ചെയ്തത് അഭിവന്ദ്യ ആലഞ്ചേരി പിതാവിന്റെ ക്രാന്തദർശനമാണ്. ആരാധനക്രമനവീകരണം എന്നും സങ്കീർണമായിരുന്ന നമ്മുടെ സഭയിൽ വിശുദ്ധ കുർബാനയർപ്പണത്തിന്റെ ഏകീകരണവും യാമപ്രാർഥനകളുടെയും നവീകരണവും ഏറ്റെടുത്തു ലക്ഷ്യത്തിലെത്തിച്ചത് അഭിവന്ദ്യപിതാവിന്റെ നിശ്ചയദാർഢ്യവും നേതൃത്വപാടവവുമാണ്. വന്ദ്യ പിതാവു സഭയ്ക്കുവേണ്ടിചെയ്ത ത്യാഗപൂ

ർണമായ സമർപ്പണത്തിനു നമുക്കു പിതാവിനോടു നന്ദിപറയാം.

പരിശുദ്ധ പിതാവു ഫ്രാൻസിസ് മാർപാപ്പ എന്റെ തെരഞ്ഞെടുപ്പിനു സ്ഥിരീകരണം നല്കിക്കൊണ്ട് എഴുതിയ കത്തിൽ സമൂഹത്തിലെ പാവങ്ങൾക്കും പാർശ്വവത്ക്കരിക്കപ്പെട്ടവർക്കും തണലാകണമെന്ന പ്രത്യേക നിർദേശം നല്കിയിട്ടുണ്ട്. ഭക്ഷണവും വെള്ളവും വസ്ത്രവും കിടപ്പാടവും സ്വന്തമായ ഭൂമിയും സ്വാതന്ത്ര്യവുമില്ലാത്തവരോടാണ് ഈശോ തന്നെത്തന്നെ താദാത്മ്യപ്പെ ടുത്തിയത് (മത്താ 25: 35–36). 'പാവങ്ങളുടെ സഭ എന്ന ഫ്രാൻസിസ് പാപ്പായുടെ സഭാദർശനം ജീവിക്കാൻ നാം ശ്രദ്ധിക്കണം. ധൂർത്തും ആഡംബരവും പ്രദർശനപരതയും സുവിശേഷവിരുദ്ധമായ പാപങ്ങളാണ്. ഈശോ തന്റെ സഭയെക്കുറിച്ചു കണ്ട ലാളിത്യത്തിന്റെ സ്വപ്നം സഭയുടെ എല്ലാ പ്രവർത്തനമേഖലകളിലും പ്രതിഫലിക്കണം. നമ്മുടെ നിർമാണപ്രവൃത്തികളിലും തിരുനാൾ, വിവാഹം, തിരുപ്പട്ടം തുടങ്ങിയ ആഘോഷങ്ങളിലും സുവിശേഷത്തിന്റെ ലാളിത്യമായിരിക്കണം നമുക്കു മാർഗദീപം. പാവപ്പെട്ടവർക്കു പ്രാപ്യമല്ലാത്ത സ്ഥാപനങ്ങളൊന്നും സഭയുടെ സ്ഥാപനങ്ങളായി അറിയപ്പെടാൻ അവകാശമില്ലാത്തവയാണ്.

ഭാരതത്തിലും കേരളത്തിലും ക്രൈസ്തവസമൂഹം നേരിടുന്ന വിവേചനങ്ങളെക്കുറിച്ചു നാം കരുതലുള്ളവരാകണം. ഒരു ന്യൂനപക്ഷമെന്നനിലയിൽ ഈ സമൂഹത്തിന്റെ വളർച്ചയ്ക്കും നിലനില്പിനും ആവശ്യമായതും ഭരണഘടന ഉറപ്പുനല്കുന്നതുമായ എല്ലാ ന്യായമായ അവകാശങ്ങളും ആനുകൂല്യങ്ങളും നേടിയെടുക്കാനും അവയെ പരിരക്ഷിക്കാനും നമുക്കു സാധിക്കണം. കർഷകർ, അസംഘടിതരായ തൊഴിലാളികൾ, ചെറുകിട വ്യവസായികൾ തുടങ്ങിയവർ ഇന്ന് എല്ലാ മേഖലകളിലും തഴയപ്പെട്ടുകൊണ്ടിരിക്കുകയാണ്. വന്യമൃഗങ്ങളുടെ ആക്രമണങ്ങ ളിൽനിന്നു മലയോര മേഖലയിൽ താമസിക്കുന്നവരുടെ ജീവനും സ്വത്തിനും സംരക്ഷണമൊരുക്കുന്നതിൽ ഭരണസംവിധാനങ്ങൾ പരാജയപ്പെടുമ്പോൾ നമുക്കു നഷ്ടമാകുന്നതു മനുഷ്യജീവിത ങ്ങളും അവരുടെ ഒരായുസിന്റെ അധ്വാനവുമാണ്. ഇവിടെയെല്ലാം ജനാധിപത്യപരമായ സംഘടിത മുന്നേറ്റങ്ങൾ ആവശ്യമാണ്.

ക്രൈസ്തവർ എക്കാലവും മതസൗഹാർദത്തിന്റെ വക്താക്കളാണെന്ന സത്യം നാം മറക്കരുത്. ഈശോയിലൂടെ കൈവന്ന രക്ഷ സകല മനുഷ്യർക്കുംവേണ്ടിയുള്ളതാണെന്ന സാർവത്രിക സാഹോദര്യത്തിലാണു നാം വിശ്വസിക്കുന്നത്. അതിനാൽ വർഗീ യതയ്ക്കോ വിഭാഗീയതയ്ക്കോ ക്രിസ്തീയജീവിതത്തിൽ പ്രസക്തിയില്ല. എല്ലാ മതങ്ങളും സഹോദരനിർവിശേഷമായ സ്നേഹത്തോ ടെ വസിക്കുന്ന നമ്മുടെ നാടിന്റെ നന്മ നഷ്ടമാകാതിരിക്കാൻ നാം ജാഗ്രതയോടെ വർത്തിക്കണം.

നമ്മുടെ സഭയ്ക്കു ദൈവം നല്കിയിരിക്കുന്ന അനുഗ്രഹ ങ്ങൾ നിരവധിയാണ്. 35 രൂപതകളിലും യൂറോപ്പിലെ അപ്പസ്തോ ലിക് വിസിറ്റേഷനിലും മറ്റു അസംഘടിത സമൂഹങ്ങളിലുമായി അൻപതുലക്ഷത്തിലധികം വരുന്ന വിശ്വാസികൾ നമുക്കുണ്ട്. വൈദിക സമർപ്പിത ദൈവവിളികളാൽ സമ്പന്നമാണു നമ്മുടെ സഭ. നമ്മുടെ രൂപതകളിലും സംവിധാനങ്ങളിലും മാത്രമല്ല മറ്റു സഭകളിലും ലോകം മുഴുവനിലും ശുശ്രൂഷചെയ്യുന്ന വൈദികരും സമർപ്പിതരും നമ്മുടെ അഭിമാനമാണ്. മാനുഷികമായ പോരായ്മ കളും സ്വഭാവരീതികളും പൗരോഹിത്യത്തിന്റെയും സമർപ്പിതജീവിതത്തിന്റെയും ശോഭ നഷ്ടപ്പെടുത്താതെ ഫലപ്രദമായ ശുശ്രൂഷ ചെയ്യാൻ വൈദികരും സമർപ്പിതരും കൂടുതൽ ആത്മീയമായ കാഴ്ച പ്പാട് ഉള്ളവരാകണമെന്നു സഭ ആഗ്രഹിക്കുന്നു. പത്തു ലക്ഷ ത്തോളം വരുന്ന കുടുംബങ്ങളാണു നമ്മുടെ സഭയുടെ ശക്തി. പ്രാർഥനയിലും സ്നേഹത്തിലും പരസ്പരബഹുമാനത്തിലും രൂപപ്പെടുകയും വളരുകയും ചെയ്യുന്ന കുടുംബങ്ങൾക്കു മാത്രമേ കാലഘട്ടം ഉയർത്തുന്ന ശിഥിലീകരണത്തെ നേരിടാൻ സാധി ക്കുകയുള്ളൂ.

നമ്മുടെ യുവജനങ്ങളും കുഞ്ഞുങ്ങളും അവരുടെ വിശ്വാസജീവിതവും ദൈവം നമുക്കു നല്കിക്കൊണ്ടിരിക്കുന്ന അനുഗ്രഹങ്ങളാണ്. യുവജനങ്ങളുടെ കൂടെനടക്കാനും ജീവിത സാഹചര്യങ്ങളിൽ അവർ നേരിടുന്ന വെല്ലുവിളികളെ അഭിമുഖീകരിക്കാൻ അവരെ ശക്തരാക്കാനും നമുക്കു കഴിയേണ്ടതുണ്ട്. യുവജനങ്ങളുടെയും കുഞ്ഞുങ്ങളുടെയും വിശ്വാസ പരിശീലനം സഭ മുഴുവന്റെയും ഉത്തരവാദിത്വമായി കണക്കാക്കണം. ഈശോയെ നാഥനും രക്ഷകനുമായി സ്വന്തം ജീവിതത്തിൽ സ്വീകരിക്കാനും അതു

മറ്റുള്ളവർക്കുമുൻപിൽ സാക്ഷ്യപ്പെടു ത്താനും നമ്മുടെ യുവജനങ്ങളും കുഞ്ഞുങ്ങളും ബോധ്യമുള്ളവരാകണം. വിശ്വാസ പരിശീലനം ഈ ലക്ഷ്യം നേടുന്നതിനു പര്യാപ്തമാകേണ്ടിയിരിക്കുന്നു.

സാർവത്രികസഭയുടെ പ്രേഷിതസ്വഭാവം അതിന്റെ എല്ലാ തലങ്ങളിലും സ്വാംശീകരിക്കാൻ സീറോമലബാർസഭയെ ദൈവം ധാരാളമായി അനുഗ്രഹിച്ചിട്ടുണ്ട്. നമ്മുടെ മിഷൻ രൂപത കളിലും മിഷൻപ്രദേശങ്ങളിലും ശുശ്രൂഷചെയ്യുന്നവരെ പ്രാർഥനയിൽ പ്ര ത്യേകം ഓർക്കണം. ഭാരതത്തിലെ പല അവികസിത മേഖലക ളിലും വിദ്യാഭ്യാസസ്ഥാപനങ്ങളിലൂ ടെയും ആതുരശുശ്രൂഷ കളിലൂടെയും സാമൂഹ്യപ്രവർത്തനങ്ങളിലൂടെയും സ്നേഹവും കാരുണ്യവും പകർന്നുകൊടുത്തുകൊണ്ടു സാമൂഹ്യസേവന ത്തിലേർപ്പെട്ടിരിക്കുന്നവർക്കെതിരേ അടിസ്ഥാനരഹിതമായ ആരോപ ണങ്ങൾ ഉന്നയിച്ചുകൊണ്ടു കേസുകളെടുക്കാനും സേവനമേഖലക ളിൽനിന്നു അവരെ പുറത്താക്കാനും ജനോപകാര പ്രവർത്തനങ്ങളെ തടസപ്പെടുത്താനും നടത്തുന്ന സംഘടിതശ്രമ ങ്ങൾ നമ്മുടെ ശ്രദ്ധയിലുണ്ട്. ഇപ്രകാരം സുവിശേഷത്തിനുവേണ്ടി പീഡിപ്പി ക്കപ്പെടുന്നവരെയോർത്തു സഭമുഴുവനും പ്രാർഥിക്കണം. അവരുടെ പ്രവർത്തനങ്ങൾക്കു സാധ്യമായ എല്ലാ പിന്തുണയും നല്കേണ്ടതു നമ്മുടെ ഓരോരുത്തരുടെയും കടമയാണെന്നതു മറക്കാതിരിക്കാം.

നമ്മുടെ സമൂഹം മറ്റൊരു കുടിയേറ്റാനുഭവത്തിലൂടെ കടന്നു പോയ്ക്കൊണ്ടിരിക്കുന്നു. ഉന്നതവിദ്യാഭ്യാസത്തിനും മികച്ച ജോ ലിസാധ്യതയ്ക്കും ഉയർന്ന ജീവിതനിലവാരത്തിനും വേണ്ടി നമ്മുടെ യുവജനങ്ങളും കുടുംബങ്ങളും വിദേശരാജ്യങ്ങളിലേക്കു കുടിയേറിക്കൊണ്ടിരിക്കുകയാണ്. വിദേശരാജ്യങ്ങളിലുള്ള സീറോ മലബാർ രൂപതകളും നാട്ടിലെ രൂപതകളുമായി യോജിച്ചുള്ള പ്ര വർത്തനത്തിലൂടെ ഇത്തരം കുടുംബങ്ങളെയും വ്യക്തികളെയും അനുഗമിക്കാനും ആവശ്യമായ സഹായങ്ങൾ ചെയ്തു കൊടു ക്കാനും സാധിക്കണം. ചില സാഹചര്യങ്ങളിലെങ്കിലും വാഗ്ദാനം ചെയ്യപ്പെടുന്ന കോഴ്സുകളോ ജോലിയോ ശമ്പളമോ ലഭിക്കാതെ പ്രവാസികൾ വഞ്ചിതരാകുന്ന സംഭവങ്ങൾ ഉടലെടുക്കുന്നുണ്ട്. പ ന്ത്രണ്ടാം ക്ലാസു കഴിഞ്ഞയുടൻ വിദേശത്തേക്കുപോകാനുള്ള പ്ര വണതയും കുടുംബങ്ങൾ വലിയ കടബാധ്യത എടുത്തുവച്ചു മക്കളെ

വിദേശത്തേക്ക് അയക്കുന്ന സാഹചര്യവും വിശകലന വിധേയമാക്കണമെന്നു ഞാനാഗ്രഹിക്കുന്നു. ഉന്നതപഠനത്തിനും അതിനനുസൃതമായ ജോലിക്കുമുള്ള സ്വന്തം നാട്ടിലെ സാധ്യത കൾ പ്രയോജനപ്പെടുത്താനും സാധിക്കണം.

സീറോമലബാർസഭയുടെ മുന്നിൽ ചക്രവാളത്തോളം വിശാലമായ സാധ്യതകളാണു ദൈവം തുറന്നുതരുന്നത്. സഭയുടെ ഏറ്റവും വലിയ മൂലധനം കൂട്ടായ്മയും വിശ്വാസവുമാണെന്ന സത്യം നാം വിസ്മരിക്കരുത്. ഏതൊരു വ്യക്തിസഭയുടെയും വളർച്ചയിൽ സഭാപാരമ്പര്യങ്ങളോടുള്ള വിശ്വസ്തതയും (resourcement) സമകാലികതയോടുള്ള തുറവിയും (aggiornamento) ഒരുപോലെ പ്രധാനമാണെന്ന വി. ജോൺ ഇരുപത്തിമൂന്നാമൻ മാർപാപ്പയുടെ ദർശനം നമുക്കു വഴികാട്ടണം. പാരമ്പര്യവാദവും പുരോഗമനചിന്തയും പരസ്പരപൂരകങ്ങളാകയാൽ അവയെ ഭിന്നതയുടെ കാരണങ്ങളായി നാമാരും കാണരുത് വ്യത്യസ്ത ചിന്താഗതികളുള്ളവർ ചേരിതിരിഞ്ഞു സാമൂഹികമാധ്യമങ്ങളിലൂടെ പരസ്പരം അധിക്ഷേപിക്കുമ്പോൾ മുറിവേല്ക്കുന്നതു നമ്മുടെ കർത്താവിന്റെ ശരീരമായ തിരുസഭയ്ക്കാണെന്ന സത്യം നമുക്കു മറക്കാതിരിക്കാം.

വിശുദ്ധ കുർബാനയുടെ ഏകീകൃതരൂപം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് എറണാകുളം–അങ്കമാലി അതിരൂപതയിൽ നിലനില്ക്കുന്ന പ്രതിസന്ധികളെക്കുറിച്ചു നിങ്ങൾക്കറിയാമല്ലോ. തിരുസഭാഗാത്രത്തിലെ ഈ മുറിവുണക്കാൻ നമുക്കെല്ലാവർക്കും ഒരുമിച്ചു പ്രാർഥിക്കുകയും പരിശ്രമിക്കുകയുംചെയ്യാം. ഈ വിഷയത്തിനു പരിഹാരംകാണാൻ പൊന്തിഫിക്കൽ ഡെലഗേറ്റായ ആർച്ചുബിഷപ്പ് സിറിൽ വാസിൽ പിതാവിനെയും അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ ബിഷപ്പ് മാർ ബോസ്കോ പുത്തൂർ പിതാവിനെ യുമാണ് പരിശുദ്ധ  സിംഹാസനം ചുമതലപ്പെടുത്തിയിരിക്കുന്നത്. സഭയിൽ ഐക്യം സംജാതമാക്കാൻ അവർ നടത്തുന്ന പരിശ്രമങ്ങളോടു എല്ലാവരും ആത്മാർഥമായി സഹകരിക്കണം. നമ്മുടെ കുർബാനക്രമത്തിന്റെ സിനഡു തീരുമാനിച്ച ഏകീകൃതരൂപം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ടു പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ ആവർത്തിച്ചു നല്കിയ ഉദ്ബോധനത്തിൽനിന്നു പിന്നോട്ടുപോകാൻ ആർക്കും സാധിക്കില്ല. കത്തോലിക്കാ കൂട്ടായ്മയിൽ നമ്മൾ

നിലനില്ക്കുന്നതു പരിശുദ്ധ പിതാവിനോടു പൂർണമായ വിധേയത്വം പുലർത്തിക്കൊണ്ടാവണം.

പ്രിയപ്പെട്ടവരേ, സീറോമലബാർസഭയെ നയിക്കുക എന്ന ദൗത്യം ദൈവം എന്നെ ഭരമേല്പിക്കുമ്പോൾ നിങ്ങളുടെ പ്രാർഥനയിലും വിശ്വാസത്തിലും സ്നേഹത്തിലുമാണു ഞാൻ പ്രത്യാശവയ്ക്കുന്നത്. പ്രതിസന്ധികളുടെ നടുവിലൂടെ കടന്നുപോകു മ്പോഴും, അവിടന്നു തന്റെ കാരുണ്യം ഒരിക്കലും നമ്മിൽനിന്നു പിൻവലിക്കുന്നില്ല. വിപത്തുകൾകൊണ്ടു നമുക്കു ശിക്ഷണം നല്കുമെങ്കിലും അവിടന്നു സ്വജനത്തെ കൈവിടുന്നില്ല (2 മക്ക 6,16) എന്ന ആഴമായ വിശ്വാസം നമുക്കുണ്ടാവണം. നിങ്ങൾ എന്നെ തെരഞ്ഞെടുക്കുകയല്ല, ഞാൻ നിങ്ങളെ തെരഞ്ഞെടുക്ക യാണു ചെയ്തത് (യോഹ 15,16) എന്ന ഈശോയുടെ വചനം നമുക്കു ബലം പകരുന്നു. നിങ്ങളെ വിളിക്കുന്നവൻ വിശ്വസ്തനാണ് (1 തെസ 5,24) എന്ന വി. പൗലോസിന്റെ ആഴമായ ബോധ്യ വും നമുക്കു കരുത്തേകട്ടെ. സാർവത്രിക സഭയുടെ കൂട്ടായ്മയിൽ, പരിശുദ്ധ പിതാവിനോടുള്ള വിധേയത്വത്തിൽ, പൗരസ്ത്യ വ്യക്തി സഭകളിലൊന്നായ സീറോമലബാർസഭയുടെ മക്കളായ നമുക്ക് ഈ കാലഘട്ടം ആവശ്യപ്പെടുന്ന വിശ്വാസസാക്ഷ്യം നല്കാൻ സ്നേഹത്തിലും ഐക്യത്തിലും വ്യാപരിക്കാം. നിങ്ങളെല്ലാവരെയും നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെ വിമലഹൃദയത്തിനും നമ്മുടെ പിതാവായ മാർതോമാശ്ലീഹായുടെ മാധ്യസ്ഥ്യത്തിനും സമർപ്പിക്കുന്നു. നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സഹവാസവും നിങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ!

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള സീറോമലബാർ മേജർ ആർക്കിഎപ്പിസ്കോപ്പൽ കാര്യാലയത്തിൽനിന്നു 2024–ാം ആണ്ട് ഫെബ്രുവരി മാസം 22–ാം തീയതി നല്കപ്പെട്ടത്.

**മാർ റാഫേൽ തട്ടിൽ, സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ്**

ഈ ഇടയലേഖനം 2024 മാർച്ച് 10–ാം തീയതി ഞായറാഴ്ച സീറോമലബാർസഭയിലെ എല്ലാ ഇടവകദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും സമർപ്പിതഭവനങ്ങളിലും പരിശീലനകേന്ദ്രങ്ങളിലും മേജർ സെമിനാരികളിലും വിശുദ്ധ കുർബാനമധ്യേ വായിക്കേണ്ടതാണ്.

# യേശുനിധി

സർക്കുലർ 02/2024

മിശിഹായിൽ പ്രിയപ്പെട്ടവരേ,

കർത്താവിന്റെ പീഡാനുഭവത്തെ അനുസ്മരിച്ചുകൊണ്ട് നാം ആരംഭിച്ച വലിയനോമ്പ് അടുത്തയാഴ്ച മുതൽ വിശുദ്ധവാരത്തിലേക്ക് പ്രവേശിക്കുകയാണല്ലോ. പ്രാർത്ഥനയ്ക്കും ഉപവാസത്തിനുമൊപ്പം ഈ കാലഘട്ടം ദാനധർമ്മത്തിന്റെയും അവസരമാണ്. ദൈവസ്നേഹത്തിലും പരസ്നേഹത്തിലും ഒരുപോലെ ആഴപ്പെടേണ്ട ഈ സന്ദർഭത്തിൽ പങ്കുവയ്ക്കാനുള്ള ആത്മീയത സ്വന്തമാക്കാനും ക്രിസ്തു നമ്മെ ക്ഷണിക്കുന്നു.

പ്രമാണങ്ങൾ എല്ലാം പാലിച്ചുകൊണ്ട് ജീവിച്ച മനുഷ്യൻ നിത്യജീവൻ അവകാശമാക്കുവാൻ താൻ ഇനി എന്തുചെയ്യണമെന്ന് ക്രിസ്തുവിനോട് ചോദിക്കുമ്പോൾ ഈശോ നല്കുന്ന ഉത്തരം ചിന്തോദ്ദീപകമാണ്; "ഇനിയും നിനക്ക് ഒരു കുറവുണ്ട്, നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്ക് കൊടുക്കുക" (ലൂക്ക 18,22). ഈശോ ആഹ്വാനം ചെയ്യുന്ന ഈ ചൈതന്യം സ്വീകരിച്ച് നമുക്കുള്ള വിഭവങ്ങൾ പങ്കുവച്ചുകൊണ്ട് കൂട്ടായ്മയിൽ നമുക്ക് വളരാം. തങ്ങൾക്കുള്ളതെല്ലാം വിറ്റ്, സമ്പത്ത് പൊതുവായി കരുതി, ആവശ്യാനുസരണം എല്ലാവർക്കുമായി വീതിച്ച ആദിമക്രൈസ്തവസമൂഹം നമുക്ക് മാതൃകയാണ് (അപ്പ 22,45).

തനിക്കു ലഭിച്ച അനുഗ്രഹങ്ങൾ അപരനുമായി പങ്കുവയ്ക്കുമ്പോൾ ക്രിസ്തുവിനെത്തന്നെയാണ് നാം ശുശ്രൂഷിക്കുന്നത്. കർത്താവ് അരുൾചെയ്യുന്നു, "എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇത് ചെയ്തുകൊടുത്തപ്പോൾ എനിക്ക് തന്നെയാണ് ചെയ്തുതന്നത്" (മത്താ 25,40). സഹോദരങ്ങൾക്ക് ഉപവി പ്രവൃത്തി

കൾ ചെയ്തുകൊണ്ട് ക്രിസ്തുവിനെ ശുശ്രൂഷിക്കുന്നവൻ ഏറ്റവും ഫലദായകമായ സുവിശേഷ പ്രഘോഷണമാണ് സമൂഹത്തിൽ നിറവേറ്റുന്നതെന്ന് ഫ്രാൻസീസ് മാർപ്പാപ്പയും പഠിപ്പിക്കുന്നു.

നമ്മുടെ രൂപതയിൽ സാമ്പത്തിക ബുദ്ധിമുട്ട് പലതരത്തിൽ അനുഭവിക്കുന്നവർക്കുള്ള വലിയ ഒരാശ്രയമാണ് യേശുനിധി. നിങ്ങൾക്ക് ഏവർക്കും അറിയാവുന്നതുപോലെ താമരശ്ശേരി രൂപത യുടെ ഈ കാരുണ്യനിധി ആരംഭിച്ചിട്ട് 28 വർഷങ്ങൾ പിന്നിട്ടു. സഹായമർഹിക്കുന്നവർക്ക് എളിയ സഹായമാവുക എന്ന ഉദ്ദേ ശ്യത്തോടെ കഴിഞ്ഞ മൂന്ന് ദശകത്തോളം യേശുനിധിയ്ക്ക് ഔദാ ര്യപൂർവ്വം നിങ്ങൾ നൽകിയ എല്ലാ സംഭാവനകൾക്കും നന്ദി യർപ്പി ക്കുന്നു. കാരുണ്യത്തിന്റെ സ്നേഹഹസ്തമായ യേശു നിധിയ്ക്ക് ഉദാരമായി സംഭാവന നല്കികൊണ്ട് ഈ വർഷവും നിങ്ങൾ പ്രോ ത്സാഹിപ്പിക്കണം.

കഴിഞ്ഞവർഷം 62,90,245/– (അറുപത്തിരണ്ട് ലക്ഷത്തി തൊണ്ണൂ റായിരത്തി ഇരുന്നൂറ്റി നാൽപ്പത്തിയഞ്ച്) രൂപ യേശുനിധി യിലേക്ക് സമാഹരിക്കുവാൻ നമുക്ക് സാധിച്ചു. 460 ഓളം അർഹത പ്പെട്ട കു ടുംബങ്ങൾക്ക് ഭവനനിർമ്മാണത്തിനും ചികിത്സയ്ക്കും വിദ്യാഭ്യാസ ത്തിനും വിവാഹത്തിനും മറ്റ് ആവശ്യങ്ങൾക്കുമായി യേശുനിധിയിൽ നിന്ന് ഉദാരമായി നല്കുവാൻ സാധിച്ചു. ബഹു. വികാരിയച്ചന്മാരുടെ ശിപാർശയോടെ ഇതിന്റെ കമ്മറ്റിയ്ക്ക് സമർപ്പിക്കുന്ന അപേക്ഷകളെല്ലാം പരിഗണിച്ചുകൊണ്ടാണ് ഇപ്രകാരം പാവങ്ങൾക്ക് അത്താ ണിയായി മാറുവാൻ യേശുനിധിയ്ക്ക് സാധിച്ചത്.

ഈ വർഷവും ഓശാനഞായറാഴ്ച വി. കുർബാനമദ്ധ്യേയാണ് യേശുനിധിയിലേക്കുള്ള സംഭാവന സ്തോത്രക്കാഴ്ചയായി സ്വീക രിക്കുന്നത്. അതിനാവശ്യമായ കവറുകൾ നിങ്ങളുടെ ഭവനങ്ങളിൽ എത്തിക്കുന്നതായിരിക്കും. സഹായം അർഹിക്കുന്ന നമ്മുടെ സഹോ ദരങ്ങൾക്കായി ഏറ്റവും കുറഞ്ഞത് നിങ്ങളുടെ കുടുംബത്തിന്റെ ഒരു ദിവസത്തെ വരുമാനമെങ്കിലും മാറ്റിവയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു. വിധവയുടെ കൊച്ചുകാണിക്കപോലെ നിങ്ങളുടെ ഉദാരത ദൈവസ ന്നിധിയിൽ അനുഗ്രഹീതമാകട്ടെ.

നിങ്ങൾക്കെല്ലാവർക്കും അനുഗ്രഹപ്രദമായ വലിയ ആഴ്ച യും സന്തോഷപ്രദമായ ഉയിർപ്പുതിരുനാളും ആശംസിക്കുന്നു. നിങ്ങളുടെ ഇടവകയെയും കുടുംബത്തെയും ഈശോ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

ഈശോയിൽ സ്നേഹപൂർവ്വം

മാർ റെമീജിയോസ് ഇഞ്ചനാനിയിൽ

താമരശ്ശേരി രൂപതയുടെ മെത്രാൻ

**ഈ സർക്കുലർ 2024 മാർച്ച് 17-ാം തീയതി ഞായറാഴ്ച വി. കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.**

# പാവനസ്മരണയ്ക്ക്



**റവ. ഫാ ജോർജ് പരുത്തപ്പാറ**

**24-03-2011**



**റവ. ഫാ ജോൺ പനയ്ക്കപ്പിള്ളി**

**26-03-2020**



**റവ. ഫാ. സെബാസ്റ്റ്യൻ**

**കാഞ്ഞിരക്കാട്ടുകുന്നേൽ**

**29-03-2018**

# കുളത്തുവയൽ തീർത്ഥാടനം

സർക്കുലർ 03/2024

മിശിഹായിൽ പ്രിയപ്പെട്ടവരേ,

രൂപതയുടെ ആഭിമുഖ്യത്തിൽ വലിയ നോമ്പിലെ നാല്പതാം വെള്ളിയാഴ്ച നടക്കുന്ന കുളത്തുവയൽ തീർത്ഥാടനത്തെക്കുറിച്ച് നിങ്ങളെ അറിയിക്കുന്നതിനാണ് ഈ കത്തെഴുതുന്നത്. ഈശോയുടെ പീഡാസഹന മരണോത്ഥാനത്തെ ധ്യാനിക്കുന്ന ഭക്താനുഷ്ഠാനമായ കുരിശിന്റെ വഴി ഓരോ ക്രൈസ്തവനും ആത്മീയ തീർത്ഥാടനമാണ്. “ആരെങ്കിലും എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ അവൻ തന്നെത്തന്നെ പരിത്യജിച്ച് തന്റെ കുരിശുമെടുത്ത് എന്റെ പിന്നാലെ വരട്ടെ” (മത്താ 16,24); കുരിശുവഹിച്ചുകൊണ്ടുള്ള ആത്മീയയാത്ര എത്രമാത്രം രക്ഷാകരവും കൃപാപൂർണ്ണവുമാണെന്ന് ക്രിസ്തുവിന്റെ ഈ വചനങ്ങൾ നമുക്ക് വെളിപ്പെടുത്തുന്നു. നമുക്കുവേണ്ടി ക്രൂശിതനായ ഈശോയോടൊപ്പം ത്യാഗപൂർവ്വം അവിടുത്തെ കുരിശിന്റെ വഴിയിലൂടെ സഞ്ചരിക്കുവാനുള്ള അവസരമാണ് പതിവുപോലെ ഈ വർഷവും ക്രമീകരിക്കുന്ന കുളത്തുവയൽ തീർത്ഥാടനം.

നാല്പതാം വെള്ളിയാഴ്ചയുള്ള ഈ ആഘോഷപൂർവ്വകമായ കുരിശിന്റെ വഴിയിൽ വി.തോമാശ്ലീഹായോടുള്ള കർത്താവിന്റെ മറുപടി നമുക്ക് ധ്യാനമാക്കാം. “ഞാനാണ് വഴിയും സത്യവും ജീവനും” (യോഹ 14,6). രക്ഷയുടെ മാർഗ്ഗമായ കുരിശിന്റെ വഴിയാണ് ക്രിസ്തുവിനെ അനുകരിക്കാനും പുൽകാനുമുള്ള ലളിതവും സുന്ദരവുമായ വഴി. നാല്പതാം വെള്ളിയാഴ്ച ആചരണം അപ്രകാരം തികഞ്ഞ ആത്മീയ അനുഭവമാക്കി മാറ്റാൻ നിങ്ങൾ പരിശ്രമിക്കുമല്ലോ. മാനസാന്തരപ്പെട്ട് സ്നേഹപിതാവിലേക്ക് തിരികെയെത്തുവാനുള്ള വഴിയാണിത്. സഭയോടുള്ള സ്നേഹവും വിശ്വസ്തതയും വീണ്ടും കണ്ടെത്താനുള്ള മാർഗ്ഗവും. അസമാധാനത്തിന്റെയും അസഹിഷ്ണുതയുടെയും വിത്തുകൾ സമൂഹത്തിൽ വിതയ്ക്കപ്പെടുന്നതിന് പരിഹാരം ചെയ്യാനുള്ള അവസരവുമാണ് ഈ കുരിശിന്റെ വഴി. കർത്താവിന്റെ അനവധിയായ കൃപകളെ ആശ്ലേഷിക്കാനുള്ള അസുലഭമായ സാഹ

ചര്യം ഇത് ഒരുക്കുന്നു.

കുളത്തുവയൽ തീർത്ഥാടനം 7–ാം വർഷത്തിലേക്ക് പ്രവേശിക്കുകയാണ്. മാർച്ച് 22–ാം തീയതി വെള്ളിയാഴ്ച രാവിലെ 7 മണിക്ക് കുളത്തുവയലിൽ എത്തിച്ചേരത്തക്കവിധത്തിലാണ് തീർത്ഥാടനം ഈ വർഷം സംഘടിപ്പിക്കുന്നത്. മാർച്ച് 21–ാം തീയതി രാത്രി 10 മണിക്ക് താമരശ്ശേരി കത്തീഡ്രലിൽ നിന്ന് തീർത്ഥാടനം ആരംഭിക്കും. കുരിശിന്റെ വഴിയും ജപമാലയും തുടർച്ചയായി ചൊല്ലി നടത്തുന്ന ഈ ആത്മീയ യാത്ര ഏകദേശം 35 കിലോമീറ്റർ ദൈർഘ്യമുള്ളതാണ്. ആയിരക്കണക്കിന് വിശ്വാസികൾക്ക് പ്രാർത്ഥനയുടെ വലിയ അനുഭവമായി മാറുന്ന കുളത്തുവയൽ തീർത്ഥാടനത്തിലേക്ക് നിങ്ങളെ ഓരോരുത്തരേയും ഞാൻ സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

നമ്മുടെ വ്യക്തിപരമായ നിയോഗങ്ങൾക്കൊപ്പം യുദ്ധകെടുതികൾ മൂലം ബുദ്ധിമുട്ട് അനുഭവിക്കുന്ന എല്ലാ ജനവിഭാഗങ്ങളെയും വന്യജീവികളുടെ ആക്രമണംമൂലം ക്ലേശമനുഭവിക്കുന്ന നമ്മുടെ നാടിനെയും കർഷകജനതയുടെ ദുരിതങ്ങളെയും പരീക്ഷയ്ക്കായി ഒരുങ്ങുന്ന കുട്ടികളെയും യുവജനങ്ങളെയും ക്രൂശിതന്റെ വഴിയെ നമുക്ക് സമർപ്പിക്കാം. ഈ തീർത്ഥാടനയാത്ര വിജയപ്രദമായി നടത്തുന്നതിന് ഇടവകകളും സംഘടനകളും പ്രത്യേക താൽപര്യമെടുക്കുമല്ലോ. കഴിയുന്ന എല്ലാവരും ഈ തീർത്ഥയാത്രയിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മുഴുവൻ ദൂരവും നടക്കുവാൻ സാധിക്കാത്തവർ തീർത്ഥാടനത്തിന്റെ ഏതെങ്കിലും ഭാഗത്ത് പങ്കുചേർന്ന് പ്രാർത്ഥിക്കു ന്നത് വലിയ അനുഗ്രഹത്തിന് കാരണമാകും. രൂപത മുഴുവനും ഈ നാല്പതാം വെള്ളിയാഴ്ച ആചരണത്തിൽ മാനസികമായി പങ്കു ചേർന്ന് പ്രാർത്ഥിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. ദൈവാനുഗ്രഹ പ്രദമായ ഒരു വലിയ ആഴ്ചയും ഉയിർപ്പുതിരുനാളും ഏവർക്കും ആശംസിച്ചുകൊണ്ട്,

സ്നേഹപൂർവ്വം,

**മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**
**താമരശ്ശേരി രൂപതയുടെ മെത്രാൻ**

2024 മാർച്ച് 17–ാം തീയതി ഞായറാഴ്ച വി. കുർബാനമദ്ധ്യേ ഈ സർക്കുലർ വായിക്കുകയോ ഉള്ളടക്കം വിശദീകരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്.

# കച്ചേരിക്കാര്യം

1. Transfer and New appointments

Fr. John Oravumkara : Director, St. Alphonsa Dialysis Unit

Fr. Joseph Vilangupara : Thiruvambady Mekhala Director, KCYM

Mekhala Directors of SMART

Fr. Sebastian Mattapally : Vilangad

Fr. Joseph Panthaladickal : Kodanchery

Fr. Joseph Vilangupara : Thiruvambady

Fr. Abraham Mazhuvanchery : Maruthomkara

Fr. George Kumpuckal : Koorachundu

Fr. George Narivelil : Thamarassery

Mekhala Directors of CML

Fr. Joseph Vettukallel : Thiruvambady

Fr. George Purayidathil : Vilangad

Fr. Joseph Panthaladickal : Kodanchery

Fr. George Kumpuckal : Koorachundu

Fr. Jacob Puthenpurakkal : Thamarassery

2. ഇടവകകളിലെ കണക്കുകൾ – Online Submit

ഇടവകകളിലെ കണക്കുകൾ ഓൺലൈൻ ആയി Submit ചെയ്യേണ്ടതാണ്. ഇതുവരെയും Submit ചെയ്യാത്ത ഇടവകകൾ എത്രയും വേഗം Submit ചെയ്യേണ്ടതാണ്.

3. രൂപതാവിഹിതം (7.5%), പൊതുപിരിവുകൾ

രൂപതാനിയമാവലിയിൽ പറഞ്ഞിരിക്കുന്നതുപോലെ ഇടവകയുടെ വാർഷിക വരുമാനത്തിന്റെ 7.5% രൂപതാവിഹിതമായി നൽകേണ്ടതാണ്. വാർഷിക തിരട്ട് പാസാക്കുന്നതിനും പുതുതായി തെരഞ്ഞെടുക്കപ്പെടുന്ന കൈക്കാരന്മാരുടെ പേരുകൾ അംഗീകാരത്തിനായി സമർപ്പിക്കുന്നതിനും മുമ്പ് രൂപതാവിഹിതം അടച്ചുതീർക്കണമെന്ന് അറിയിക്കുന്നു.

രൂപതാവിഹിതം ഈ വർഷം ഫൊറോനകേന്ദ്രങ്ങളിൽവച്ച് സ്വീകരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾ ഫൊറോന വികാരിയ ച്ചന്മാർ വഴി അറിയിക്കുന്നതാണ്.

2023–24 സാമ്പത്തിക വർഷത്തെ പൊതുപിരിവുകൾ ഇനിയും അടച്ചു തീർക്കാനുള്ള ഇടവകകൾ എത്രയുംവേഗം അത് രൂപതാകേന്ദ്രത്തിൽ എത്തിക്കണമെന്ന് അറിയിക്കുന്നു.

4. യേശുനിധി – 2024

നമ്മുടെ ജീവികാരുണ്യ പ്രവർത്തനഫണ്ടായ യേശുനിധിയിലേക്കുള്ള സംഭാവനകൾ പതിവനുസരിച്ച് ഓശാനഞായറാഴ്ച വി. കുർബാനമദ്ധ്യേ സമർപ്പിക്കേണ്ടതാണ്. അതിനുവേണ്ടിയുള്ള കവറുകൾ ഫൊറോനകേന്ദ്രങ്ങളിൽ എത്തിക്കുന്നതാണ്. ഈ കവറുകൾ യഥാസമയം ഭവനങ്ങളിൽ എത്തിക്കുവാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

5. വി. യൗസേപ്പിതാവിന്റെ വണക്കമാസം

മാർച്ച് മാസം യൗസേപ്പിതാവിന് പ്രത്യേകമായി സമർപ്പിക്കപ്പെട്ടതാണല്ലോ. ദൈവാലയങ്ങളിൽ വി. യൗസേപ്പിതാവിന്റെ നൊവേന യും പ്രാർത്ഥനകളും ചൊല്ലി വി. യൗസേപ്പിതാവിന്റെ മാദ്ധ്യസ്ഥ്യം യാചിക്കുന്നതിനും, മാർച്ച് 19 ന് വി. യൗസേപ്പിതാവിന്റെ മരണത്തി രുനാൾ സമുചിതമായി ആചരിക്കുന്നതിനും കുടുംബങ്ങളിൽ വണക്കമാസം ചൊല്ലുന്നതിനും ദൈവജനത്തെ പ്രോത്സാഹിപ്പി ക്കുമല്ലോ.

6. കുളത്തുവയൽ തീർത്ഥാടനം

താമരശ്ശേരി രൂപതയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന കുളത്തുവയൽ തീർത്ഥാടനം നാൽപ്പതാം വെള്ളിയാഴ്ചയായ മാർച്ച് 22–ാം

തീയതി നടത്തുന്നതാണ്. 2024 മാർച്ച് 21–ാം തീയതി വ്യാഴാഴ്ച രാത്രി 10 മണിക്ക് താമരശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ നിന്നും അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിന്റെ നേതൃത്വത്തിൽ ആരംഭിക്കുന്ന തീർത്ഥാടനം താമരശ്ശേരി രൂപതയുടെ കുടിയേറ്റ തീർത്ഥാടനകേന്ദ്രമായ കുളത്തുവയൽ സെന്റ് ജോർജ് തീർത്ഥാടന കേന്ദ്രത്തിൽ 22–ാം തീയതി വെള്ളിയാഴ്ച രാവിലെ 7 മണിയോടെ എത്തിച്ചേരുന്നു. തുടർന്ന് വി. കുർബാനയർപ്പിച്ച് വചനസന്ദേശം നൽകുന്നതാണ്. പങ്കെടുക്കുന്നവർക്ക് നേർച്ചഭക്ഷണവും തിരിച്ച് പോകുന്നതിന് പ്രധാനകേന്ദ്രങ്ങളിലേക്ക് ബസ്സ് സർവ്വീസും ക്രമീകരിച്ചിട്ടുണ്ട്. സാധിക്കുന്നിടത്തോളം എല്ലാവരെയും പങ്കെടുപ്പിക്കാൻ ബഹു. വികാരിയച്ചന്മാർ പരിശ്രമിക്കുമല്ലോ.

7. നോമ്പുകാല മാസധ്യാനവും വി. മൂറോൻ വെഞ്ചരിപ്പും

നോമ്പുകാലത്ത് നടത്തിവരുന്ന വൈദികരുടെ പൊതുമാസധ്യാനവും വി. മൂറോൻ വെഞ്ചരിപ്പും 2024 മാർച്ച് 25–ാം തീയതി തിങ്കളാഴ്ച താമരശ്ശേരി മേരി മാതാ കത്തീഡ്രൽ ദൈവാലയത്തിൽ വെച്ച് നടത്തുന്നു. രാവിലെ 10 മണിക്ക് മാസധ്യാനം ആരംഭിക്കുകയും തുടർന്ന് കുമ്പസാരത്തിനുള്ള അവസരം ക്രമീകരിക്കുകയും ചെയ്യുന്നു. 11.30 ന് അഭിഷേകതൈല വെഞ്ചരിപ്പുകർമ്മവും വി. കുർബാനയും ആരംഭിക്കുന്നു. തിരുക്കർമ്മങ്ങൾക്കുശേഷം രൂപതാഭവനിലാണ് ഉച്ചഭക്ഷണം ക്രമീകരിച്ചിരിക്കുന്നത്. ദൈവാലയങ്ങളിലേക്ക് കൊണ്ടുപോകുന്നതിനുള്ള അഭിഷേകതൈലവും രൂപതാഭവനിൽ നിന്നാണ് നൽകുന്നത്. തിരുക്കർമ്മങ്ങൾ കൃത്യസമയത്ത് ആരംഭിക്കേണ്ടതിനാൽ ബഹു. വൈദികർ നേരത്തെതന്നെ എത്തിച്ചേരുവാൻ പരിശ്രമിക്കുമല്ലോ.

8. ദൈവവിളി ക്യാമ്പ്

ഈ വർഷത്തെ ദൈവവിളി ക്യാമ്പ് 2024 ഏപ്രിൽ 1–ാം തീയതി തിങ്കളാഴ്ച ഉച്ചകഴിഞ്ഞ് 3.30 മണിക്ക് ആരംഭിച്ച് 4–ാം തീയതി ബുധനാഴ്ച ഉച്ചയ്ക്ക് 2 മണിക്ക് സമാപിക്കുന്നതാണ്. ആൺകുട്ടികൾക്ക് അൽഫോൻസ മൈനർ സെമിനാരിയിലും പെൺകുട്ടികൾക്ക്

പി.എം.ഒ.സി.യിലുമാണ് ക്യാമ്പുകൾ ക്രമീകരിച്ചിരിക്കുന്നത്.

9. പുതിയ അഡ്രസ്സ്

**ബഹു. ജോസഫ് ക്രിസ്റ്റി പള്ളിയോടിൽ അച്ചന്റെയും ബഹു. സെബാസ്റ്റ്യൻ മുരിങ്ങയിൽ അച്ചന്റെയും പുതിയ മേൽവിലാസം:**

Rev. Dr. Joseph Christie Palliyodil

Scherzingerstrasse 44, 8595

Altnau, Switzerland

Rev. fr. Rojy Muringayil

Heerstr. 128

53111 Bonl

Germany

10. ആദരാഞ്ജലികൾ

ബഹു. സെബാസ്റ്റ്യൻ പുരയിടത്തിൽ അച്ചന്റെ വത്സലപിതാവ്

ശ്രീ. വർഗീസ് പുരയിടത്തിൽ (85) 2024 ജനുവരി 27–ാം തീയതി നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. 28–ാം തീയതി തിരുവമ്പാടി ഇടവകയിൽ നടന്ന മൃതസംസ്കാര ശുശ്രൂഷകൾക്ക് അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് കാർമ്മികത്വം വഹിച്ചു. സന്തപ്ത കുടുംബാംഗങ്ങളോടും പ്രത്യേകിച്ച് ബഹു. സെബാസ്റ്റ്യനച്ചനോട് രൂപതാകുടുംബത്തിന്റെ അനുശോചനം അറിയിക്കുകയും പരേതന്റെ ആത്മശാന്തിക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

11. സ്മരണാഞ്ജലി

13–03–1987 –റവ. ഫാ. വർഗ്ഗീസ് സി.എം.ഐ.

17–03–1991 –റവ. ഫാ. ജോസഫ് കൊട്ടുകാപ്പള്ളി

24–03–2011 –റവ. ഫാ ജോർജ് പരുത്തപ്പാറ

26–03–2020 –റവ. ഫാ ജോൺ പനയ്ക്കപ്പിള്ളി

29–03–2018 –റവ. ഫാ. സെബാസ്റ്റ്യൻ കാഞ്ഞിരക്കാട്ടുകുന്നേൽ

**പ്രോട്ടോസിഞ്ചെല്ലൂസ്**

# റൂബി ജൂബിലി

1. സെന്റ് അൽഫോൻസ ഡയാലിസിസ് സെന്റർ ഉദ്ഘാടനം

താമരശ്ശേരി രൂപതയുടെ റൂബി ജൂബിലി പ്രോജക്ടായ സെന്റ് അൽഫോൻസ ഡയാലിസിസ് സെന്റർ തിരുവമ്പാടി എംഎൽഎ ലിന്റോ ജോസഫ് ഉദ്ഘാടനം ചെയ്തു. താമരശ്ശേരി രൂപതയുടെ കീഴിൽ വേനപ്പാറയിൽ പ്രവർത്തിക്കുന്ന കാലിക്കറ്റ് സെന്റർ ഫോർ അഡ്വാൻസ് മെന്റൽ ഹെൽത്ത് കെയർ ആന്റ് സൈക്കോതെറാപ്പി (ക്യാംപ്) സെന്ററിന്റെ കെട്ടിട സമുച്ചയത്തിൽ ആരംഭിക്കുന്ന ഡയാലിസിസ് സെന്ററിന്റെ വെഞ്ചരിപ്പു കർമ്മം ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ നിർവഹിച്ചു.

വികാരി ജനറൽ മോൺ. അബ്രഹാം വയലിൽ, അൽഫോൻസാ ഡയാലിസിസ് സെന്റർ ഡയറക്ടർ ഫാ. ജോൺ ഒറവുങ്കര, മുക്കം മുൻസിപ്പാലിറ്റി ചെയർമാൻ പി. ടി. ബാബു, തിരുവമ്പാടി ഫൊറോന വികാരി ഫാ. തോമസ് നാഗപറമ്പിൽ, ഫാ. സാബു മഠത്തിക്കുന്നേൽ, മരിയ വോസ്റ്റെ, വേനപ്പാറ ഇടവക വികാരി ഫാ. സൈമൺ കിഴക്കേക്കുന്നേൽ, സി.ഒ.ഡി. ഡയറക്ടർ ഫാ. ജോർജ് ചെമ്പരത്തി, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ബെന്നി ലൂക്കോസ്, ക്യാംപ് ഡയറക്ടർ ഫാ. മാത്യു തടത്തിൽ, മുക്കം സെന്റ് ജോസഫ് ഹോസ്പിറ്റൽ അഡ്മിനിസ്ട്രേറ്റർ സിസ്റ്റർ ഡാലിയ എം.എസ്.ജെ., വാർഡ് മെമ്പർ രജിത എന്നിവർ പ്രസംഗിച്ചു.

2. നാല്പതുമണി ആരാധന

താമരശ്ശേരി രൂപതയുടെ റൂബി ജൂബിലിയോട് അനുബന്ധിച്ച് രൂപതയിലെ എല്ലാ ഇടവകകളിലും 40 മണി ആരാധന നടത്തുന്നു. 2024 ജനുവരി ഒന്നു മുതൽ ഫെബ്രുവരി 29 വരെ കൂരാച്ചുണ്ട് ഫൊറോനയിൽ നടന്നു.

ഫാ. ജോൺ ഒറവുങ്കര
കോഡിനേറ്റർ

# വൊക്കേഷൻബ്യൂറോ

ദൈവവിളി ക്യാമ്പ്

തിയതി : 2024 ഏപ്രിൽ 1 –ാം തീയതി രാവിലെ 10.30 മുതൽ 3–ാം തീയതി ഉച്ചക്ക് 2.00 വരെ (തിങ്കൾ, ചൊവ്വ, ബുധൻ). ആൺകുട്ടികൾക്കുള്ള ക്യാമ്പ് താമരശ്ശേരി അൽഫോൻസ മൈനർ സെമിനാരിയിലും പെൺകുട്ടികൾക്ക് മേരിക്കുന്ന് ജഉഹഋ യിലും വച്ച് നടത്തപ്പെടുന്നു.

ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. ക്യാമ്പിനു വരുന്നവർ ബൈബിൾ, നോട്ടുബുക്ക്, പേന, ബെഡ്ഷീറ്റ്, ടോയ്ലറ്റ് സാധനങ്ങൾ മുതലായവ കൊണ്ടുവരേണ്ടതാണ്.

2. ക്യാമ്പിൽ പങ്കെടുക്കുന്നവർ ബഹു. വികാരിയച്ചന്റെ കത്ത് നിർബന്ധമായും കൊണ്ടുവരേണ്ടതാണ്.

3. ക്യാമ്പ് ഫീസ് 500 രൂപ ആയിരിക്കും. ഫീസിൽ ഇളവ് ആഗ്രഹിക്കുന്നവർ ഈ കാര്യം സൂചിപ്പിക്കുന്ന വികാരിയച്ചന്റെ കത്ത് കൊണ്ടുവരേണ്ടതാണ്.

4. മറ്റ് രൂപതകളിലോ സന്യാസ സമൂഹങ്ങളിലോ ചേരുവാൻ ആഗ്രഹിക്കുന്നവർ നിർബന്ധമായും രൂപത ദൈവവിളി ക്യാമ്പിൽ പങ്കെടുക്കേണ്ടതാണ്.

5. രൂപതയുടെ പുറത്തുള്ള സെമിനാരികളിൽ ചേരാൻ ആഗ്രഹിക്കുന്ന കുട്ടികൾ രൂപതയിൽ നിന്നും നിർബന്ധമായും എൻ.ഒ.സി വാങ്ങേണ്ടതാണ്

6. ബഹുമാനപ്പെട്ട വികാരിയച്ചന്മാർ നമ്മുടെ രൂപത സെമിനാരിയിൽ ചേരുവാൻ ആഗ്രഹിക്കുന്ന കുട്ടികളുടെ പേരുവിവരങ്ങൾ അറിയിക്കുമല്ലോ.

7.വൊക്കേഷൻ പ്രൊമോട്ടേഴ്സ് കുട്ടികളെ സന്ദർശിക്കാനുള്ള സമയം ക്യാമ്പിന്റെ സമാപനദിവസമായ 3–ാം തീയതി രാവിലെ 10.00 മുതൽ 11.30 വരെ ആയിരിക്കും.

**ഫാ. ജോസഫ് പുത്തൻപുരയ്ക്കൽ**
**ഡയറക്ടർ, വൊക്കേഷൻബ്യൂറോ**

# ആദരാഞ്ജലികൾ



## സി. ഹെലൻ സി. എം. സി

ജനനം : 12.11.1934 മരണം 06.01.2024

പാലാ രൂപതയിലെ രാമപുരം ഇടവകയിൽ 1934 നവംബർ 12 ന് വടക്കുംകര (കണിയറകത്ത്) ആഗസ്തി – കത്രി ദമ്പതികളുടെ അഞ്ചു മക്കളിൽ നാലാമത്തെ മകളായി സി. ഹെലൻ ഭൂജാതയായി. പ്രാഥമിക വിദ്യാഭ്യാസവും തുടർ വിദ്യാഭ്യാസവും രാമപുരം സെന്റ് അഗസ്റ്റ്യൻസ് സ്കൂളിൽ നിന്നും പൂർത്തിയാക്കി. 1961 ൽ പാലായിലുള്ള കരൂർ മഠത്തിൽ അർത്ഥിനിയായി പ്രവേശിച്ച ഹെലൻ സന്യാസപരിശീലനം പൂർത്തിയാക്കി 1963 ഏപ്രിൽ 14 ന് ആദ്യവ്രതാർപ്പണവും 1966 മെയ് 30 ന് നിത്യവ്രതാർപ്പണവും നടത്തി.

സാമൂഹികസേവനരംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ച സിസ്റ്റർ നടവയൽ, കീഴ്പ്പള്ളി, പുഷ്പഗിരി, തോട്ടുമുക്കം, എൻ ആർ പുര, കുട്ടർപ്പാടി, കബിനിഗിരി, ചെറുപാറ, കൽക്കുണ്ട്, അടയ്ക്കാകുണ്ട്, തിരുവമ്പാടി, മുതുകാട്, മുക്കം, കക്കാടംപൊയിൽ, തേക്കുംകുറ്റി, താമരശ്ശേരി, പീടികപ്പാറ, കൂടരഞ്ഞി എന്നീ മഠങ്ങളിൽ സേവനമനുഷ്ഠിച്ചു. തോട്ടുമുക്കം, എൻ ആർ പുര, കുട്ടർപ്പാടി, കബിനിഗിരി, കൽക്കുണ്ട്, അടയ്ക്കാകുണ്ട്, മുക്കം, താമരശ്ശേരി, മുതുകാട് എന്നീമഠങ്ങളിൽ സുപ്പീരിയറായും സേവനം ചെയ്തു. നല്ല ഒരു മതാധ്യാപികയായും മെസ് മാനേജറായും ശുശ്രൂഷ ചെയ്ത ഹെലനാമ്മ തന്റെ ജീവിതത്തിലൂടെ സന്യാസജീവിതത്തിന്റെ സ്വർഗ്ഗീയ ആനന്ദം മറ്റുളവർക്ക് പകർന്നു കൊടുക്കാൻ സാധിച്ചു. പ്രായഭേദമെന്യേ എല്ലാവർക്കും ഹെലനാമ്മയായി മാറിയ സി. ഹെലൻ മാതൃസംഘടന, മിഷൻലീഗ്, കെ സി വൈ എം എന്നിവയിലൂടെ താനായിരുന്ന ഇടവകയിലെ ജനങ്ങൾക്ക് വഴികാട്ടിയും മാതൃകയുമായിരുന്നു. വിശ്രമജീവിതം നയിച്ചുവരികയായിരുന്ന സി. ഹെലൻ 06.01.2023 ശനിയാഴ്ച്ച നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. ഹെലനാമ്മയുടെ ആത്മാവിന് നിത്യശാന്തി നേരുന്നു.



**സി. മേഴ്സി ജോസ് എസ്.എച്ച്**

(ജനനം: 23.06.1972 മരണം: 03.02.2024)

താമരശ്ശേരി രൂപതയിലെ പശുക്കടവ് ഇടവകയിൽ പ്ലാത്തോട്ടത്തിൽ പരേതരായ ജോസഫ് – ഏലിക്കുട്ടി ദമ്പതികളുടെ മൂന്നാമത്തെ പുത്രിയായി ഷൈനി എന്ന സി. മേഴ്സി ജോസ് ജനിച്ചു. പശുക്കടവ് ലിറ്റിൽ ഫ്ളവർ സ്കൂളിൽ നിന്ന് പ്രാഥമിക വിദ്യാഭ്യാസവും, ചെമ്പനോട സെന്റ് ജോസഫ് സ്കൂളിൽ നിന്ന് ഹൈസ്കൂൾ വിദ്യാഭ്യാസവും പൂർത്തിയാക്കിയ ഷൈനി, തിരുഹൃദയ നാഥന്റെ മണവാട്ടിയാകാനുള്ള തീവ്രമായ ആഗ്രഹം തിരിച്ചറിഞ്ഞ് 1988 ജൂൺ 15 ന് കുളത്തുവയൽ തിരുഹൃദയ മഠത്തിൽ അർത്ഥിനിയായി ചേർന്നു. 1991 നവംബർ 14–ാം തീയതി ആദ്യവ്രതവാഗ്ദാനം നടത്തി സി. മേഴ്സി ജോസ് എസ് എച്ച് എന്ന നാമം സ്വീകരിച്ചു.

ഈശോയുടെ തിരുഹൃദയത്തിന്റെ കരുണാർദ്ര സ്നേഹം താൻ കണ്ടുമുട്ടുന്നവരിലേക്ക് പകർന്ന് നൽകുന്നതിൽ സിസ്റ്റർ മേഴ്സി ഏറെ താത്പര്യം കാണിച്ചിരുന്നു. തന്റെ പേര് സൂചിപ്പിക്കുന്നതു പോലെ സി. മേഴ്സി നിഷ്കളങ്കമായ പുഞ്ചിരികൊണ്ടും, സ്നേഹമസൃണമായാ ഇടപെടൽ കൊണ്ടും, കരുണയുടെ ഭാവം കൊണ്ടും തന്നെ കണ്ടുമുട്ടുന്നവരുടെ മനസ്സുകളിൽ മായ്ക്കാനാവാത്തവിധം ഇടംപിടിച്ചു. ആഴമായ പ്രാർത്ഥനയും, പരിഭവങ്ങളോ, പരാതികളോ ഇല്ലാത്ത ജീവിതവും, സേവന മനോഭാവവും, സഹോദരങ്ങളെ സന്തോഷിപ്പിക്കാനുള്ള സ്വതസിദ്ധമായ കഴിവും, സി. മേഴ്സിയുടെ വ്യക്തിത്വത്തെ മറ്റുള്ളവരിൽ നിന്നും വ്യത്യസ്തയാക്കുന്നു.

1993 മുതൽ ജർമ്മനിയിൽ സേവനമനുഷ്ഠിച്ചുവരികയായിരുന്നു. ശാരീരിക അസ്വസ്ഥതകളെ തുടർന്ന് അല്പസമയത്തെ വിശ്രമത്തിനായി ആഗ്രഹിച്ച സി. മേഴ്സി ജോസിനെ, തിരുഹൃദയനാഥൻ നിത്യസമ്മാനത്തിനായി 2024 ഫെബ്രുവരി 3ന് വിളിച്ചു. സർവ്വവും ഈശോയുടെ തിരുഹൃദയമഹത്വത്തിനായി വ്യയംചെയ്ത സി. മേഴ്സി ജോസിന്റെ ജീവനുള്ള ഓർമ്മകൾക്ക് മുന്നിൽ ഹൃദയം നിറഞ്ഞ പ്രണാമം.

# വിശ്വാസപരിശീലനം

**വിശ്വാസോത്സവ രൂപതാതല പഠനശിബിരം**

ഫെബ്രുവരി 24 ശനിയാഴ്ച്ച രാവിലെ 9.30 മുതൽ 1.30 വരെ വിശ്വാസോത്സവ രൂപതാതല പഠനശിബിരം നടന്നു. രൂപതാ മതബോധന പ്രസിഡന്റ് ശ്രീ. ഷിബു എടാട്ട് എല്ലാവരേയും സ്വാഗതം ചെയ്തു. രൂപതാ മതബോധന ഡയറക്ടർ ആമുഖ സന്ദേശം നൽകി. താമരശ്ശേരി രൂപതാധ്യക്ഷൻമാർ റെമീജിയോസ് ഇഞ്ചനാനിയിൽ മീറ്റിങ് ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി. വികാരി ജനറാൾ മോൺ. അബ്രാഹം വയലിൽ അനുഗ്രഹ പ്രഭാഷണം നടത്തി. തലശ്ശേരി അതിരൂപത വിശ്വാസപരിശീലന ഡയറക്ടർ ഡോ. ജേക്കബ് വെണ്ണായപ്പിള്ളി വിഷയാവതരണം നടത്തി. തുടർന്ന് ഗ്രൂപ്പ് സെഷൻ നടന്നു. ശ്രീ. ബർണാഡ് ജോസ് വിശ്വാസോത്സവത്തിന് സഹായകമായ ഗ്രൂപ്പ് ആക്റ്റിവിറ്റീസ് പരിചയപ്പെടുത്തി. മേഖലാ റിസോഴ്സ് ടീമുകൾ ചർച്ച നടത്തി. ഓഫീസ് സ്റ്റാഫ് ശ്രീ. സണ്ണി കോക്കാപ്പള്ളി എല്ലാവർക്കും നന്ദി പറഞ്ഞു.

**ACC 13,14 ക്ലാസ്സുകൾ**

ഫെബ്രുവരി മാസത്തെ അഇഇ 13 ന്റെ 2 ക്ലാസ്സുകളും, അഇഇ 14 ന്റെ 2 ക്ലാസ്സുകളും കാറ്റിക്കിസം യൂട്യൂബ് ചാനലിൽ സംപ്രേക്ഷണം ചെയ്തു. ACC 13 ൽ മരണാനന്തര ജീവിതം□എന്ന വിഷയത്തെ കുറിച്ച് ഫാ. ചെറിയാൻ പൊങ്ങൻപാറയും സ്വർഗ്ഗവും നരഗവും നിത്യമാണ് എന്ന വിഷയത്തെ കുറിച്ച് ഫാ. സെബാസ്റ്റ്യൻ കാവളക്കാട്ടും ക്ലാസ്സുകൾ എടുത്തു. ACC 14 ൽ എന്താണ് പ്രാർത്ഥന എന്ന വിഷയത്തെ കുറിച്ച് ശ്രീ. ടോമി പെരുവിലങ്ങാട്ടും വിശ്വാസ വിരുദ്ധ പ്രസ്ഥാനങ്ങളും അവർക്കുള്ള മറുപടിയും എന്ന വിഷയത്തെ കുറിച്ച് ഫാ. കുര്യാക്കോസ് പാലക്കീലും ക്ലാസ്സുകൾ എടുത്തു.

Mr. Johnson Poovathinkal ഇതേ ക്ലാസ്സുകൾ പവർപോയിന്റ് പ്രസന്റേഷനോടുകൂടി കാറ്റക്കിസം ചാനലിൽ സംപ്രേക്ഷണം

ചെയ്തു.

**മീഡിയ കാറ്റക്കേസിസ്**

ഫെബ്രുവരി മാസത്തിൽ നടന്ന അഇഇ ക്ലാസുകൾ, ഒഇഇ യൂണി വേഴ്സിറ്റി പരീക്ഷയിൽ രൂപതാതല റാങ്കുകൾ നേടിയ കുട്ടികളുടേയും മിഷൻ ക്വസ്റ്റ് റാങ്ക് വിജയിയുടെയും ഇന്റർവ്യൂ വീഡിയോകൾ കാറ്റക്കിസം യൂട്യൂബ് ചാനലിൽ സംപ്രേക്ഷണം ചെയ്തു. മിഷൻ ക്വസ്റ്റ് ഗ്ലോബൽ വിന്നർ ഷൈനി താമരക്കാട്ടിനെ അഭിനന്ദിച്ചു.

**Faith @ Home**

കുടുംബവിശ്വാസ പരിശീലനത്തിന്റെ ഭാഗമായി നടക്കുന്ന Faith @Home പ്രോഗ്രാം വിവിധ ഇടവകകളിൽ നടന്നു കൊണ്ടിരിക്കുന്നു. പാറോപ്പടി മേഖലയിലെ എല്ലാ ഇടവകകളി ലും Faith @ Home പ്രോഗ്രാം നടത്തി. പെരിന്തൽമണ്ണ, കൂരാച്ചുണ്ട് മേഖലകളിലെ വിവിധ ഇടവകകളിൽ പ്രോഗ്രാം നടന്നു കൊണ്ടിരിക്കുന്നു.

**2023 -24 HCC പരീക്ഷ റിസൾറ്റ്**

HCC യൂണിവേഴ്സിറ്റി പരീക്ഷയുടെ മാർക്ക് ലിസ്റ്റ് ഫെബ്രു വരി 10 ന് ഓരോ ഇടവകയിലേക്കും അയച്ചുനൽകി.

**HCC Say Exam**

തോറ്റ കുട്ടികൾക്കുവേണ്ടിയുള്ള പരീക്ഷ ഫെബ്രുവരി–18 ഞായറാഴ്ച വിവിധ മേഖല കേന്ദ്രങ്ങളിൽ വെച്ച് നടന്നു.

HCC യൂണിവേഴ്സിറ്റി പരീക്ഷയിൽ രൂപതാതല റാങ്കുകൾ നേടിയവർ

HCC I

First Rank : Ardra Ann Saji Mezhukanal, Kannoth
Second Rank : Criz Maria Wilson Kalappurackal, Venappara
Third Rank : Ann Mariya Shiju Thengumpallil, Pulloorampara

HCC II

First Rank : Angel Roy Thadathil, Kakkadampoil
Second Rank : Diya Biju Paravara, Malappuram
Third Rank : Nilja Joji Kavunkal, Cheerattamala

**മതാധ്യാപക തുടർപരിശീലന പരീക്ഷ**

വിശ്വാസ പരിശീലകരുടെ രൂപവത്ക്കരണം എന്ന പുസ്തകത്തെ ആസ്പദമാക്കി മതാധ്യാപകർക്കായി നടത്തുന്ന തുടർപരിശീലന പരീക്ഷ ഫെബ്രുവരി 25 ഞായറാഴ്ച നടന്നു. പരീക്ഷയിൽ രൂപതയിലെ മുഴുവൻ അധ്യാപകരും പങ്കെടുത്തു.

## International Google Meet

വിശ്വാസപരിശീലന കേന്ദ്രം START മായി ചേർന്ന് പത്താം ക്ലാസ്സ് കഴിഞ്ഞ കുട്ടികളുടെ തുടർ പഠനം, ജോലി, വിദേശ യാത്ര എന്നീ വിഷയങ്ങളിൽ കുട്ടികൾക്ക് അവബോധം നൽകുന്നതിനായി, പത്താം ക്ലാസ്സിലെ അധ്യാപകരേയും, ഒങമാരെയും ചേർത്ത് ഗൂഗിൾ മീറ്റ് നടത്തി.

**മാർച്ച് 2023**

| | |
|---|---|
| 03 ഞായർ | : നോമ്പുകാലം 4–ാം ഞായർ |
| 09 ശനി | : വിശ്വാസോത്സവ അധ്യാപക പഠനശിബിരം (മേഖലാതലം) |
| 10 ഞായർ | : നോമ്പുകാലം 5–ാം ഞായർ |
| 17 ഞായർ | : നോമ്പുകാലം 6–ാം ഞായർ |
| 19 ചൊവ്വ | : വി. യൗസേപ്പിതാവ് |
| 24 ഞായർ | : നോമ്പുകാലം 7–ാം ഞായർ, ഓശാന ഞായർ |
| 28 വ്യാഴം | : പെസഹാവ്യാഴം |
| 29 വെള്ളി | : ദുഃഖ വെള്ളി |
| 30 ശനി | : ദുഃഖ ശനി, ACC 13, 14 ഇടവകതല സംഗമം |
| 31 ഞായർ | : ഉയിർപ്പുകാലം 1–ാം ഞായർ, ഈസ്റ്റർ |

**ഫാ. ജോൺ പള്ളിക്കാവയലിൽ**
**ഡയറക്ടർ, വിശ്വാസപരിശീലനം**

# മദ്ബഹ ശുശ്രൂഷ സംഘം (SMART)

**നന്ദി**

നാളിതുവരെയും താമരശ്ശേരി രൂപത SMART- ന്റെ മേഖല ഡയറക്ടർ മാരായി സേവനം അനുഷ്ഠിച്ച് പുതിയ പ്രവർത്തന മേഖലയിലേക്ക് പ്രവേശിച്ച ബഹുമാനപ്പെട്ട അച്ചന്മാർക്ക് പ്രാർത്ഥനയോടെ ആശം സകൾ നേരുന്നു, സ്നേഹത്തോടെ നന്ദി പറയുന്നു.

Fr. Varghese Panackal - Maruthonkara

Fr. Jobin Thekkekakaramattom - Vilangad

Fr. George Narivelil - Thiruvambady

FR. Nirmal Pulayamparambil - Thamarassery

Fr. Albin Vilangupara - Kodanchery

Fr. Albin Koyippurath - Koorachund

**സ്വാഗതം**

പുതിയതായി SMART- ന്റെ മേഖല ഡയറക്ടർമാരായി ചാർജ് എടുത്ത ബഹുമാനപ്പെട്ട അച്ചന്മാർക്ക് ആശംസകളും പ്രാർത്ഥനകളും.

Fr. Boby Mazhuvanchery - Maruthonkara

Fr. Tins Mattappallil - Vilangad

Fr. Jithin Narivelil - Thamarassery

Fr. Albin Vilangupara -Thiruvambady

Fr. Jithin Panthaladickal - Kodanchery

Fr. Joel Kumbuckal -Koorachund

**ഫാ. ജോസഫ് പുത്തൻപുരയ്ക്കൽ**
**ഡയറക്ടർ, SMART**

# ലിറ്റർജി കമ്മീഷൻ

**മർഗാനീസ ക്ലാസ് രണ്ടാം ഭാഗം**

വിശുദ്ധ കുർബാനയാകുന്ന മഹാരഹസ്യത്തെക്കുറിച്ച് ആഴത്തിൽ മനസ്സിലാക്കാൻ വിശ്വാസികളെ സഹായിക്കുന്ന ഓൺലൈൻ പഠന പരമ്പരയായ മർഗാനീസയുടെ രണ്ടാം ഭാഗത്തിൽ ഫെബ്രുവരി മാസത്തിൽ ക്ലാസ് നയിച്ചത് താമരശ്ശേരി രൂപതയുടെ ചാൻസലറായ ഫാ. ഡോ. സെബാസ്റ്റ്യൻ കവളക്കാട്ടാണ്. 'പരിശുദ്ധ കുർബാന ഫ്രാൻസിസ് മാർപാപ്പയുടെ വീക്ഷണത്തിൽ' എന്ന വിഷയത്തെ ആസ്പദമാക്കിയാണ് ക്ലാസ് നയിച്ചത്. ഫെബ്രുവരി 24 ശനി വൈകിട്ട് 8.30 മുതൽ 9.30 വരെ സൂം മീറ്റിലൂടെ നടത്തിയ ഈ ക്ലാസിൽ വിവിധ സ്ഥലങ്ങളിൽ നിന്നായി അമ്പതോളം പേർ സംബന്ധിച്ചു.

ഈ ക്ലാസുകൾ നടത്താൻ ആവശ്യമായ എല്ലാ സാങ്കേതിക സഹായങ്ങളും നൽകിയ പോപ്പ് ജോൺ പോൾ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഫാ. കുര്യൻ പുരമഠത്തിൽ, കോട്ടയ്ക്കൽ ലിറ്റിൽ ഫ്ളവർ ഇടവക പാരിഷ് സെക്രട്ടറി ശ്രീ. ഷിജു കുഴികണ്ടത്തിൽ എന്നിവർക്ക് പ്രത്യേകം നന്ദി അർപ്പിക്കുന്നു.

എല്ലാ മാസത്തെയും രണ്ടാമത്തെയും നാലാമത്തെയും ആഴ്ചയിൽ നടക്കുന്ന ഈ ക്ലാസുകളിൽ പങ്കെടുക്കാൻ ബഹു. അച്ചന്മാർ ഇടവകാംഗങ്ങളെ പ്രോത്സാഹിപ്പിക്കുകയും ഇതുമായി ബന്ധപ്പെട്ട് അയച്ചുതരുന്ന പോസ്റ്ററുകൾ ഇടവക വാട്സ്ആപ്പ് കൂട്ടായ്മകളിൽ ഷെയർ ചെയ്യുമല്ലോ.

**പുത്തൻപാന ആലാപന മത്സരം**

താമരശ്ശേരി രൂപത ലിറ്റർജി കമ്മീഷന്റെ ആഭിമുഖ്യത്തിൽ നമ്മുടെ ഇടവകയിലെ കുടുംബ കൂട്ടായ്മകളെ കേന്ദ്രീകരിച്ച് പുത്തൻപാന ആലാപന മത്സരം സംഘടിപ്പിക്കുന്നു.

ഈ മത്സരത്തിന് രണ്ടു തലങ്ങൾ ആണുള്ളത്. ഒന്നാമത്തെ തലത്തിൽ, ഒരു ഇടവകയിലെ കുടുംബകൂട്ടായ്മയുടെ അടിസ്ഥാനത്തിലുള്ള ഒരു ടീമിന് പുത്തൻപാന ആലപിക്കുന്ന 5 മിനിറ്റ് വീഡിയോ 8921835701 എന്ന വാട്സ്ആപ്പ് നമ്പറിലേക്ക് അയച്ചു തരാവുന്നതാണ്. ഒരു ഇടവകയിൽ നിന്ന് കുടുംബകൂട്ടായ്മ അടിസ്ഥാനത്തിലുള്ള എത്ര ടീമുകൾക്കു വേണമെങ്കിലും മത്സരത്തിൽ പങ്കെടുക്കാം. ഒരു

കുടുംബ കൂട്ടായ്മയുടെ പേരിലാണ് ഒരു ടീം അറിയപ്പെടേണ്ടത്. ഒരു ഇടവകയിൽ നിന്ന് ഒന്നിലധികം കുടുംബകൂട്ടായ്മ ടീമുകൾ ഉണ്ടെങ്കിൽ അതിൽ നിന്ന് ഒരു ടീമിനെ ഫൈനൽ മത്സരത്തിലേക്ക് തെരഞ്ഞെടുക്കുന്നതാണ്.

നിബന്ധനകൾ:

അഞ്ചു മിനിറ്റാണ് ആലാപന സമയം, ഒരു ടീമിൽ പരമാവധി 7 പേർ വരെ ആകാം, പ്രായഭേദമെന്യേ ആർക്കുവേണമെങ്കിലും സംബന്ധിക്കാം, കുട്ടികളും യുവജനങ്ങളും മുതിർന്നവരും ഉൾപ്പെടെയുള്ള ടീമുകൾക്ക് മുൻഗണന ഉണ്ടായിരിക്കുന്നതാണ്, ഇലക്ട്രോണിക് ഉപകരണങ്ങളോ മറ്റ് വാദ്യോപകരണങ്ങളോ പാടില്ല. മൈക്ക് നൽകുന്നതാണ്. മത്സരത്തിന് 'അമ്മ കന്യാമണിതന്റെ..... ബുദ്ധിയും പേരാ'എന്ന ആദ്യത്തെ നാല് വരികൾ ആലപിക്കാൻ പാടില്ല. അത് ഒഴികെയുള്ള മറ്റു വരികൾ ആലപിക്കാവുന്നതാണ്. പന്ത്രണ്ടാം പാദത്തിലെയും മറ്റ് പാദങ്ങളിലെയും വരികൾ ആലപിക്കാവുന്നതാണ്. ഫൈനൽ മത്സരം 2024 മാർച്ച് 23 ശനിയാഴ്ച 1. 30 ന് കോഴിക്കോട് പി.എം. ഒ.സി. യിൽ വെച്ച് നടത്തുന്നതാണ്. ഫൈനൽ മത്സരത്തിന് വരുന്നവർ ഇടവകയിലെ കുടുംബകൂട്ടായ്മയുടെ അടിസ്ഥാനത്തിലുള്ള ടീമാണെന്ന് സാക്ഷ്യപ്പെടുത്തുന്ന ബഹു. വികാരിയച്ചന്റെ കത്ത് നിർബന്ധമായും കൊണ്ടുവരേണ്ടതാണ്. ഫൈനൽ മത്സരത്തിലേക്ക് പരിഗണിക്കേണ്ട 5 മിനിറ്റുള്ള വീഡിയോ നൽകാനുള്ള അവസാന തീയതി 2024 മാർച്ച് 15 വെള്ളിയാഴ്ച ആണ്. വീഡിയോ വ്യക്തമായിരിക്കണം. പങ്കെടുക്കുന്ന അംഗങ്ങളുടെ മുഖം കാണണം. വീഡിയോയിൽ ഇടവക, കുടുംബ കൂട്ടായ്മയുടെ പേര് എന്നിവ ഉൾപ്പെടുത്തേണ്ടതാണ്.

ഫൈനൽ മത്സരത്തിന് ഒന്നാം സമ്മാനം റോസമ്മ പുല്ലാട്ട്, ചാപ്പൻതോട്ടം ഇടവക മെമ്മോറിയൽ ക്യാഷ് അവാർഡും (7000 രൂപ) ട്രോഫിയും രണ്ടാം സമ്മാനം ത്രേസ്യാമ്മ കോലാട്ടുവെളിയിൽ, കോട്ടക്കൽ ഇടവക മെമ്മോറിയൽ ക്യാഷ് അവാർഡും (5000 രൂപ) ട്രോഫിയും മൂന്നാം സമ്മാനം റവ. ഫാ. ഗിൽബർട്ട് ഗോൺസാൽവോസ് ട്രസ്റ്റ്, മരിയാപുരം ഇടവക മെമ്മോറിയൽ ക്യാഷ് അവാർഡും (3000 രൂപ) ട്രോഫിയും ആയിരിക്കും.

**ഫാ. ജോസഫ് കളത്തിൽ**
**ലിറ്റർജി കമ്മീഷൻ**

# സെമിനാരി വാർത്ത

**എൻട്രൻസ് എക്സാം**

വിവിധ മേജർ സെമിനാരികളിലേക്കുള്ള പ്രവേശന പരീക്ഷ മൈനർ സെമിനാരിയിൽ വച്ച് ഫെബ്രുവരി 10–ാം തീയതി നടത്തപ്പെട്ടു. ഈ വർഷം 4 വൈദിക വിദ്യാർത്ഥികളാണ് പരീക്ഷയെഴുതിയത്.

**വിനോദയാത്ര**

ഫെബ്രുവരി 6–ാം തീയതി മൈനർ സെമിനാരി കുടുംബം കരിമ്പിലെ cocozeena farmstay ലേയ്ക്ക് ഏകദിന വിനോദയാത്ര നടത്തി. ഒരു പകൽ മുഴുവൻ അവിടെ സജ്ജീകരിക്കപ്പെട്ട കളിസ്ഥലങ്ങളിലും സ്വിംമിങ്ങ്പൂളിലും തൊട്ടടുത്ത പുഴയിലും ആർത്തുല്ലസിച്ച് അവസാനം കരിമ്പ് ഇടവകയും സന്ദർശിച്ച് സായാഹ്നത്തോടെ തിരികെ സെമിനാരിയിൽ എത്തി.

**വിദേശ അതിഥികൾ സെമിനാരി സന്ദർശിച്ചു**

ജർമ്മിനിയിലെ Trier രൂപത Missio സീനിയർ സെക്രട്ടറി Tomek Welke യും Schweich ഇടവകയിലെ Kooperator Fr. Axel Huber ഉം സെമിനാരി സന്ദർശിച്ചു. ഏകദേശം രണ്ട് മണിക്കൂർ നീണ്ടുനിന്ന സന്ദർശനത്തിൽ ഇരുവരും തങ്ങൾ നാളിതുവരെ നടത്തിയ മിഷൻ യാത്രകളിലെ അനുഭവങ്ങൾ വിവരിക്കുകയും അതിനെത്തുടർന്ന് ആധുനിക യുഗത്തിൽ സഭയുടെ മിഷൻ രംഗങ്ങളിൽ അനുവർത്തിക്കേണ്ട പുതു സമീപനങ്ങളും പ്രവർത്തന ശൈലികളും എന്തായിരിക്കണമെന്ന വിഷയത്തിൽ ചർച്ച നടത്തിയത് ഏറെ വിജ്ഞാനപ്രദമായിരുന്നു.

**വേനൽക്കാല ക്യാമ്പുകൾ**

താമരശ്ശേരി രൂപതയ്ക്കുവേണ്ടി വൈദിക പരിശീലനം നടത്തുന്ന തത്വശാസ്ത്ര – ദൈവശാസ്ത്ര വിദ്യാർത്ഥികളെ ഉൾക്കൊള്ളിച്ചുകൊണ്ട് 4–ാം ക്ലാസ്സ് മുതൽ 10–ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്കും യുവജനങ്ങൾക്കും വ്യക്തിത്വ വികസനം, വിശ്വാസരൂപീകരണം തുടങ്ങിയ വിവിധ വിഷയങ്ങളെ സംബന്ധിച്ച് ഏപ്രിൽ, മെയ് മാസങ്ങളിൽ ക്യാമ്പുകളും, ക്ലാസ്സുകളും നടത്താനാഗ്രഹിക്കുന്നു. ബ്രദേഴ്സിന്റെ സേവനം ആവശ്യമുള്ളവർ രൂപത മൈനർ സെമിനാരിയുമായി ബന്ധപ്പെടുമല്ലോ. ബന്ധപ്പെടേണ്ട നമ്പർ: 8281721946, 8547312788.

**ഫാ. ജേക്കബ് അരീത്തറ**

*(ഡയറക്ടർ, അൽഫോൻസ സെമിനാരി)*

# ചെറുപുഷ്പ മിഷൻലീഗ്

പ്രവർത്തന മാർഗരേഖ തയ്യാറാക്കൽ മത്സരം റീജിയണൽ തലം

ചെറുപുഷ്പ മിഷൻലീഗ് മലബാർ റീജിയണിന്റെ നേതൃത്വത്തിൽ 2023 –24 ലെ പ്രവർത്തന വിഷയത്തെ ആസ്പദമാക്കി നടത്തിയ മാർഗരേഖ മത്സരത്തിൽ താമരശ്ശേരി രൂപത അഭിമാനകരമായ നേട്ടം കൈവരിച്ചു.

ശാഖ തലത്തിൽ സമ്മാനാർഹരായവർ

1st Prize കോടഞ്ചേരി ശാഖ

3rd Prize കുപ്പായക്കോട്

മേഖല തലത്തിൽ സമ്മാനാർഹരായവർ

1st Prize തിരുവമ്പാടി മേഖല

3rd Prize താമരശ്ശേരി മേഖല

രൂപതാ തലം

2nd Prize താമരശ്ശേരി രൂപത

നിർണ്ണായക നേട്ടം കൈവരിച്ച താമരശ്ശേരി രൂപതയിലെകോടഞ്ചേരി, കുപ്പായക്കോട് ശാഖകൾക്കും തിരുവമ്പാടി, താമരശ്ശേരി മേഖലകൾ ക്കും ചെറുപുഷ്പ മിഷൻലീഗ് രൂപത കുടുംബത്തിന്റെ അഭിനന്ദന ങ്ങൾ നേരുന്നു. ഫെബ്രുവരി 4ന് റീജിയണൽ ഓർഗനൈസർ ശ്രീ. രഞ്ജിത്ത് മുതുപ്ലാക്കൽ രൂപത ഓഫീസിൽ വരികയും സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു.

**റീജിയണൽ സമ്മേളനം**

പാറോപ്പടി മേഖലയുടെ സംഗമം ഫെബ്രുവരി 10ന് പാറോപ്പടിയിൽ വച്ച് നടന്നു. ശാഖ ജൂനിയർ ഭാരവാഹികൾ, മേഖല ഭാരവാഹികൾ, വൈസ് ഡയറക്ട്രേഴ്സ് എന്നിവർക്കുവേണ്ടി വിവിധ സെമിനാറുക ളും സംഘടിപ്പിച്ചു.

**കരുണയുടെ മാലാഖാമാർ (രോഗീ സന്ദർശനദിനം)**

ഫെബ്രുവരി 11 ലൂർദ് മാതാവിന്റെ തിരുനാൾ ദിനത്തിൽ രോഗി സന്ദ ർശനദിനം ആചരിച്ചു. ഓരോ ശാഖയിലേയും അംഗങ്ങൾ ശാഖയിലെ കിടപ്പു രോഗികളെ സന്ദർശിച്ച് പ്രാർത്ഥിച്ചു.

ഡയറക്ടർമാർക്ക് പ്രാർത്ഥനാശംസകൾ

നാളിതുവരെയും താമരശ്ശേരി രൂപത ചെറുപുഷ്പ മിഷൻ ലീഗിന്റെ മേഖല ഡയറക്ടർ ആയി സേവനം അനുഷ്ഠിച്ച് പുതിയ മേഖലയിലേക്ക് കടന്ന് പോകുന്ന ഫാ. തോമസ് പുലയംപറമ്പിൽ, ഫാ. ജോർജ്ജ് കരിന്തോളിൽ, ഫാ. ജേക്കബ് കോയിപ്പുറത്ത്, ഫാ. മാത്യു തെക്കേക്കരമറ്റത്തിൽ, ഫാ. ജോസഫ് വിലങ്ങുപാറ എന്നിവർക്ക് പ്രാർത്ഥനയോടെ ആശംസകൾ നേരുന്നു.

പുതിയതായി ചാർജ് എടുത്ത ഫാ. ജേക്കബ് പുത്തൻപുരയ്ക്കൽ (താമരശ്ശേരി മേഖല), ഫാ. ജോസഫ് പന്തലാടിക്കൽ (കോടഞ്ചേരി മേഖല), ഫാ. ജോർജ്ജ് പുരയിടത്തിൽ (വിലങ്ങാട് മേഖല), ഫാ. ജോസഫ് വെട്ടുകല്ലേൽ (തിരുവമ്പാടി മേഖല), ഫാ. ജോർജ്ജ് കുമ്പുക്കൽ (കൂരാച്ചുണ്ട് മേഖല) എന്നിവർക്ക് ആശംസകളും പ്രാർത്ഥനയും നേരുന്നു.

**പരീക്ഷ ഒരുക്ക പ്രാർത്ഥന 2സ24 (ശാഖ തലത്തിൽ)**

18.02.2024, 25.02.2024 എന്നീ അനുയോജ്യമായ തിയതിയിൽ പരീക്ഷ ഒരുക്ക പ്രാർത്ഥന ശാഖകളിൽ നടത്താവുന്നതാണ്. എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷകൾക്കായി ഒരുങ്ങുന്ന കുട്ടികളെ ഞായറാഴ്ച്ചയിലെ കുട്ടികളുടെ വി. കുർബാനക്കായി ഒരുമ്മിച്ചു കൂട്ടുന്നു. അൾത്താരയുടെ മുമ്പിൽ അവർ മുട്ടുകുത്തി നിൽക്കുന്നു. ചെറുപുഷ്പ മിഷൻലീഗ് കുട്ടികൾ അവർക്കായി ജപമാല ചൊല്ലി പ്രാർത്ഥിക്കുന്നു. വിശുദ്ധ കുർബാനയിൽ അവരെ നിയോഗം വെച്ച് പ്രത്യേകം പ്രാർത്ഥിക്കുന്നു. വിശുദ്ധ കുർബാനയ്ക്ക് മുമ്പോ ശേഷമോ പരിശുദ്ധാത്മാവിന്റെ ഗാനം ആലപിക്കുമ്പോൾ വികാരിയച്ചൻ പരീക്ഷയ്ക്കായി ഒരുങ്ങുന്ന കുട്ടികളുടെ തലയിൽ കൈവച്ച് ഹന്നാൻ വെള്ളം തളിച്ച് പ്രാർത്ഥിക്കുന്നു.

പരീക്ഷയ്ക്കായി ഒരുങ്ങുന്ന കുട്ടികളുടെ പേരുകൾ തുടർന്നുള്ള ദിവസങ്ങളിൽ പ്രാർത്ഥിക്കാനായി ചെറുപുഷ്പ മിഷൻലീഗ് കുട്ടികൾക്ക് കൊടുക്കുന്നു.

**ഫാ. ജോർജ്ജ് വെള്ളാരംകാലായിൽ**
**ഡയറക്ടർ, ചെറുപുഷ്പ മിഷൻലീഗ്**

# തിരുബാലസഖ്യം

2024 ഫെബ്രുവരി 11 ഞായറാഴ്ച ആഗോള കത്തോലിക്കാ സഭ തിരുബാലസഖ്യ ദിനമായി ആഘോഷിച്ചു. കെ.സി.ബി.സി വൊക്കേഷൻ കമ്മീഷൻ പുറപ്പെടുവിപ്പിച്ച സർക്കുലർ എല്ലാ ദൈവാലയങ്ങളിലും കുർബാന മദ്ധ്യേ വായിച്ചു. അതോടൊപ്പം നമ്മുടെ രൂപതയിലെ തിരുബാലസംഖ്യ സംഘടനയുടെ ആഭിമുഖ്യത്തിൽ വ്യത്യസ്ത പ്രവർത്തനങ്ങൾ കുഞ്ഞുങ്ങൾക്കായി നൽകി.

- എല്ലാ ഞായറാഴ്ചയും നൽകി വരുന്ന ജീസസ് ടോക്ക് ആദിന ത്തിന്റെ പ്രാധാന്യം ഉൾപ്പെടുത്തിക്കൊണ്ട് നൽകി.
- അന്നേ ദിവസം വി. കുർബാനയിൽ സംഘടനയിലെ കുഞ്ഞുങ്ങൾക്കായി പ്രത്യേകം പ്രാർത്ഥിക്കുകയും കുർബാനയ്ക്കു ശേഷം കുഞ്ഞുങ്ങളുടെ തലയിൽ കൈവെച്ച് പ്രാർത്ഥിക്കുകയും ചെയ്തു. കുഞ്ഞുങ്ങൾക്ക് പ്രത്യേക സമ്മാനങ്ങളും നൽകി.

ച്ച കുഞ്ഞുങ്ങൾക്കായ് രൂപതാ തലത്തിൽ വിവിധ മത്സരങ്ങൾ സംഘടിപ്പിച്ചു.

1. ടാബ്ലോ മത്സരം, ബൈബിൾ നേഴ്സറി – 1,2 ക്ലാസ്സുകൾ
2. ഉണ്ണീശോയ്ക്കൊരു കത്ത് – 3,4 ക്ലാസ്സുകൾ

**ഫാ. ജോർജ്ജ് വെള്ളാരംകാലായിൽ**
**ഡയറക്ടർ, തിരുബാലസഖ്യം**

# കത്തോലിക്ക കോൺഗ്രസ്സ്

**1. മെമ്പർഷിപ്പ് കാമ്പയിൻ & യൂണിറ്റ് ഇലക്ഷൻ**

കത്തോലിക്ക കോൺഗ്രസ് ഫെബ്രുവരി മാർച്ച് മാസങ്ങൾ സമുദായ ശാക്തീകരണ മാസമായി ആചരിക്കുന്നു. മെമ്പർഷിപ്പ് ക്യാമ്പയിൻ, യൂണിറ്റ് ഇലക്ഷൻ എന്നിവയാണ് ഈ മാസങ്ങളിലെ പ്രധാന പ്രവർത്തനങ്ങൾ.

താമരശ്ശേരി രൂപത യിലെ മെമ്പർഷിപ്പ് ക്യാമ്പയിൻ ഫെബ്രുവരി 12–ാം തീയതി മാർ റെമീജിയോസ് ഇഞ്ചനാനിയിൽ കത്തോലിക്കാ കോൺഗ്രസ് അംഗത്വം പുതുക്കിക്കൊണ്ട് ഉദ്ഘാടനം ചെയ്തു. നിലവിൽ യൂണിറ്റ് പ്രവർത്തിക്കുന്ന ഇടവകകളിൽ മാർച്ച് 3 മുതൽ 10 വരെയുള്ള തീയതികളിൽ തെരഞ്ഞെടുപ്പ് നടത്തേണ്ടതാണ്. യൂണിറ്റ് ആരംഭിക്കാത്ത ഇടവകകളിൽ മാർച്ച് 1 മുതൽ 15 വരെ മെമ്പർഷിപ്പ് ക്യാമ്പയിൻ നടത്തി മാർച്ച് 10 മുതൽ 17 വരെയുള്ള തീയതികളിൽ ഇലക്ഷൻ പൂർത്തിയാക്കേണ്ടതാണ്. ഏപ്രിൽ 21ന് മുൻപായി മേഖല തെരഞ്ഞെടുപ്പുകളും മെയ് 26ന് മുൻപായി രൂപത തിരഞ്ഞെടുപ്പും പൂർത്തിയാക്കുന്നു.

**2. രൂപത തല ഫണ്ട് സമാഹരണം**

കത്തോലിക്കാ കോൺഗ്രസിന്റെ രൂപത തല പ്രവർത്തന ഫണ്ട് സമാഹരണം ഫെബ്രുവരി 29ന് അവസാനിക്കുന്നു. സമ്മാന കൂപ്പൺ നറുക്കെടുപ്പ് മാർച്ച് 8 നും സമ്മാനദാനം മാർച്ച് 9 നും നടത്തപ്പെടുന്നു.

**3. പ്രതിഷേധ ജ്വാല**

വർദ്ധിച്ചുവരുന്ന വന്യജീവി ആക്രമണങ്ങളിൽ മനുഷ്യർ കൊല്ലപ്പെടുകയും അപകടത്തിൽപ്പെടുകയും ചെയ്യുന്നതിൽ പ്രതിഷേധിച്ചുകൊണ്ടുള്ള പ്രതിഷേധ ജ്വാല കത്തോലിക്ക കോൺഗ്രസിന്റെ നേതൃത്വത്തിൽ വിവിധ സംഘടനകളുടെ ആഭിമുഖ്യത്തിൽ രൂപതയിലെ ഇടവകകളിൽ മാർച്ച് ഫെബ്രുവരി 18 ഞായറാഴ്ച നടത്തപ്പെട്ടു.

**4. മാർഗ്ഗദീപം ന്യൂനപക്ഷ പ്രീ മെട്രിക് സ്കോളർഷിപ്പ്**

ന്യൂനപക്ഷങ്ങൾക്ക് ലഭ്യമായിരുന്ന പ്രീ മെട്രിക് സ്കോളർഷിപ്പ് കേന്ദ്ര സർക്കാർ പിൻവലിച്ചിരുന്നു. അതേത്തുടർന്ന് അത്തരം ഒരു സ്കോളർഷിപ്പ് പ്രഖ്യാപിക്കും എന്ന് സംസ്ഥാന സർക്കാർ വാ

ഗ്ദാനം ചെയ്തിരുന്നു എങ്കിലും അത് സർക്കാർ നടപ്പിലാക്കിയിരുന്നില്ല. ഈ സാഹചര്യത്തിൽ രൂപത സമിതി പ്രസ്താവനയിലൂടെ പ്രസ്തുത സ്കോള ർഷിപ്പ് അടിയന്തിരമായി നടപ്പിലാക്കണം എന്ന് സർക്കാരിനോട് ആവശ്യം ഉയർത്തിയിരുന്നു. കഴിഞ്ഞ ബജറ്റിൽ മാർഗ്ഗദീപം എന്ന പേരിൽ ന്യൂനപക്ഷ പ്രീ മെട്രിക് സ്കോളർഷിപ്പ് സർക്കാർ പ്രഖ്യാപിക്കുകയും 20 കോടി രൂപ സ്കോളർഷിപ്പ് വിതരണത്തിനായി വകയിരുത്തുകയും ചെയ്തു.

**5. രൂപത എക്സിക്യൂട്ടീവ് യോഗം**

ഫെബ്രുവരി 2,11 തീയതികളിൽ രൂപത എക്സിക്യുട്ടിവ് യോഗങ്ങൾ ചേർന്നു. അംഗത്വ വിതരണം, ഇലക്ഷൻ, ഫണ്ട് സമാഹ രണം, വന്യജീവി ആക്രമണം, ന്യൂനപക്ഷ സ്കോളർഷിപ്പ്, ഋണട സംവരണം, ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ, ലോക് സഭാ ഇലക്ഷൻ സംബന്ധിച്ച വിഷയങ്ങൾ എന്നിവയിൽ ചർച്ചകൾ നടന്നു.

**6. ഭീമഹർജി സമർപ്പണം**

ക്രൈസ്തവ സമുദായത്തെ ബാധിക്കുന്ന നിരവധി പ്രശ്നങ്ങൾ ഉന്നയിച്ചുകൊണ്ട് 5 ലക്ഷം പേരുടെ ഭീമഹർജി ജനുവരി 25ന് പ്രസിഡന്റ് ബിജു പറയുന്നിലം, ജനറൽ സെക്രട്ടറി രാജീവ് കൊച്ചുപറമ്പിൽ എന്നിവരുടെ നേതൃത്വത്തിൽ മുഖ്യമന്ത്രിക്ക് സമർപ്പിച്ചു.

**ഫാ. മാത്യു തൂമുള്ളിൽ**
**ഡയറക്ടർ, കത്തോലിക്ക കോൺഗ്രസ്സ്**

# അൽഫോൻസ കോളേജ്

● 1. 2. 24 അവസാന വർഷ B Com വിദ്യാർത്ഥിയായ, Abhijith V.S ന്റെ വേർപാടിൽ മാനേജ്മെന്റും വിദ്യാർത്ഥികളും സ്റ്റാഫ് അംഗങ്ങളും രക്ഷിതാക്കളും അടങ്ങുന്ന അൽഫോൻസാ കോളേജ് കുടുംബാംഗങ്ങൾ, അനുശോചന യോഗം ചേർന്നു.

● 2.2.2024 അൽഫോൻസയുടെ സ്വന്തം ജോയലച്ചൻ അൽഫോൻസാ ജീസസ് യൂത്തിനൊപ്പം. തിരുവമ്പാടി അൽഫോൻസാ കോളേജിലെ 2015–18 ബാച്ച്ഡിഗ്രി വിദ്യാർത്ഥിയായിരുന്ന ഫാ. ജോയൽ കൂമ്പുക്കൻ തന്റെ തിരുപ്പട്ട സ്വീകരണത്തിനു ശേഷം അൽഫോൻസാ കോളേജിലെ ജീസസ് യൂത്ത് പ്രവർത്തകരോടൊത്ത് ദിവ്യബലി അർപ്പിച്ചു പ്രാർത്ഥിച്ചു. നവ വൈദികന് അൽഫോൻസാ കോളേജിന്റെ പേരിലുള്ള ഉപഹാരം കോളേജ് പ്രിൻസിപ്പൽ ഡോ. കെ. വി. ചാക്കോയും കൊമേഴ്സ് ഡിപ്പാർട്ട്മെന്റിന്റെ ഉപഹാരം വകുപ്പ് മേധാവി സാനി തോമസും സമ്മാനിച്ചു.

● 3.2.2024 തെരുവ് ജീവിതങ്ങളില്ലാത്ത കോഴിക്കോടിനായി ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ നടത്തിയ ഉദയം പ്രൊജക്റ്റിന്റെ ഭാഗമായ തിരുവമ്പാടി അൽഫോൻസാ കോളേജിനുള്ള സർട്ടിഫിക്കറ്റ് ജില്ലാ കളക്ടർ സ്നേഹൽ കുമാറിന്റെ അടുത്തുനിന്ന് കോളേജ് പ്രതിനിധികൾ ഏറ്റുവാങ്ങി.

● 6.1.2024 തിരുവമ്പാടി അൽഫോൻസാ കോളേജിലെ ഫൈൻ ആർട്സ് മത്സരങ്ങൾ കല 2024 കോളേജ് ഓഡിറ്റോറിയത്തിൽ വച്ച് ഗിറ്റാറിസ്റ്റ് ജോഷി ചെറിയാൻ ഉദ്ഘാടനം ചെയ്തു. കോളേജ് ചെയർമാൻ അർഷിൻ സിബി ജോസ് അധ്യക്ഷത വഹിച്ച ഉദ്ഘാടന സമ്മേളനത്തിൽ പ്രിൻസിപ്പൽ ചാക്കോ കെ. വി. മുഖ്യപ്രഭാഷണം നടത്തി. യുജിസി നെറ്റ് ക്വാളിഫൈ ചെയ്ത വിദ്യാർത്ഥിനി ആതിരയെ ചടങ്ങിൽ ആദരിച്ചു. ഫൈൻ ആർട്സ് കോഡിനേറ്റർ ഡോ. ജെയിംസ് പോൾ, ഫൈൻ ആർട്സ് സെക്രട്ടറി രാഹുൽ കെ എ തുടങ്ങിയവർ ചടങ്ങിൽ സംസാരിച്ചു.

● 8.2.2024 ഫ്രഞ്ച് സർക്കാർ സ്കോളർഷിപ്പോടെ ഫ്രാൻസിൽ ഉപരിപഠനവും ജോലിയും ഫ്രഞ്ച് എംബസിയും അൽഫോൻസ

കോളേജ് തിരുവമ്പാടിയും സംയുക്തമായി 2024 ഫെബ്രുവരി 8ന് നടത്തിയ Choose France Tour (CFT) ഇന്ത്യൻ വിദ്യാർത്ഥികൾക്ക്, സ്വകാര്യ ഏജൻസികളുടെ സഹായമില്ലാതെ, ഫ്രഞ്ച് സർക്കാർ നേരിട്ട് സൗജന്യ ഉപരിപഠനത്തിന്റേയും ഗവേഷണത്തിന്റേയും പുതുവാതായനങ്ങൾ തുറക്കുന്നു. കേരളത്തിലാദ്യമായി ഫ്രഞ്ച് എംബസി അൽ ഫോൻസാ കോളേജിൽ വച്ച് നേരിട്ട് നടത്തിയ ഈ റീജണൽ സി എഫ്ടിമെഗാ എഡ്യുക്കേഷൻ ഫെയറിൽ കേരളത്തിലെ വിവിധ കോളേജുകളിൽ നിന്നും മൂവായിരത്തിലധികം വിദ്യാർത്ഥികളും ഗവേഷണാർത്ഥികളും അധ്യാപകരും പങ്കെടുക്കുത്തു.

- 9.2.2024 അന്താരാഷ്ട്ര കോൺഫെറൻസ് കോഴിക്കോട്: ഇൻസ്റ്റിട്യൂട്ട് ഓഫ് ഫുഡ് ആൻഡ് അഗ്രികൾച്ചറൽ എത്തിക്സ് അൽ ഫോൻസ കോളേജ് തിരുവമ്പാടിയുമായി ചേർന്ന് അന്താരാഷ്ട്ര കോൺഫെറൻസ് നടത്തി. രൂപതാധ്യക്ഷൻ മാർ റെമീജിയോസ് ഇഞ്ചനാനിയിലിന്റെ അധ്യക്ഷതയിൽ നടന്ന ഉദ്ഘാടന സമ്മേളനം കാർഷിക സർവ്വകലാശാല വൈസ് ചാൻസലർ ഡോ. ബി അശോക് കഅട ഉദ്ഘാടനം ചെയ്തു. പ്രൊഫ. ജോസ് ആന്റണി മുഖ്യ പ്രഭാഷണം നടത്തി. കാർഷിക മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ, വന്യജീവി സംഘർഷം, സുസ്ഥിര വികസനം, കാലാവസ്ഥാ വ്യതിയാനം, ആഗോളതാപനം, കാർബൺ മാർക്കറ്റ്, വികസനവും പരിസ്ഥിതിയും തുടങ്ങിയ വിഷയങ്ങളിൽ രാജ്യത്തിനകത്തും പുറത്തുമുള്ള ഗവേഷകർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു കേരളത്തിലെ കാർഷിക മേഖല നേരിടുന്ന പ്രശ്നങ്ങളെപ്പറ്റി തിരഞ്ഞെടുത്ത കൃഷിക്കാരുമായി സംവാദവും ഇതിനോടനുബന്ധിച്ചു നടത്തി. ഭാരതത്തിലെ ഇരുപതിലധികം സർവകലാശാലകളിൽ നിന്നുള്ള ഗവേഷകർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. കാലിക്കറ്റ് സർവകലാശാല, കാലടി ശ്രീ. ശങ്കരാചാര്യ സംസ്കൃത സർവകലാശാല, ലിസാ കോളേജ് കൈതപ്പൊയിൻ, ന്യൂമാൻ കോളേജ് തൊടുപുഴ, ശ്രീ. അയ്യപ്പാ കോളേജ് ചെങ്ങന്നൂർ, സി.എം.സ് കോളേജ് കോട്ടയം, ഗവണ്മെൻറ് കോളേജ് കോട്ടയം എന്നീ സ്ഥാപനങ്ങളുമായി ചേർന്ന് സംയുക്തമായാണ് കോൺഫെറൻസ് നടത്തിയത്.
- 23.2.2024 കോളേജിൽ പുതുതായി സ്ഥാപിച്ചിരിക്കുന്ന സോളാർ പവർ പ്ലാന്റിന്റെ ഔദ്യോഗിക സ്വിച്ച് ഓൺ കർമ്മം മാർ റെമീജിയോസ് ഇഞ്ചനാനിയിൽ നിർവഹിച്ചു.

• 23.2024 അൽഫോൻസാ കോളേജ് എൻഎസ്എസ് യൂണിറ്റ് നമ്പർ 341 കാഡ്ബറി പ്രൈവറ്റ് ലിമിറ്റഡ് ആയിട്ട് സഹകരിച്ച് എൻ എസ്എസ് വോളണ്ടിയേഴ്സിന്, പ്രഥമ ശുശ്രൂഷ നൽകുന്നതിന് വളണ്ടിയേഴ്സ് പ്രാപ്തരാക്കുന്നതിനുവേണ്ടി ഏകദിന സെമിനാർ നടത്തി. പ്രസ്തുത സെമിനാർ കോളേജ് പ്രിൻസിപ്പൽ ഡോക്ടർ കെ. വി ചാക്കോ ഉദ്ഘാടനം ചെയ്തു. ഡോ. എ.വി. ജോയ് ക്ലാസ്സിന് നേ തൃത്വം വഹിച്ചു.

**ഫാ. സ്കറിയ മങ്കരയിൽ**
**മാനേജർ, അൽഫോൻസ കോളേജ്**

## സ്റ്റാർട്ട്

### INTERNATIONAL EDUCATIONAL MEET

താമരശ്ശേരി രൂപതയുടെ ഉന്നത വിദ്യാഭ്യാസ സ്ഥാപനമായ സെന്റ് തോമസ് അക്കാഡമി റിസർച്ച് ആൻഡ് ട്രെയിനിങ് രൂപത വിശ്വാസ പരിശീലന കേന്ദ്രവും സംയുക്തമായി ഇൻറർനാഷണൽ വിദ്യാഭ്യാസ മീറ്റ് സംഘടിപ്പിച്ചു. സ്റ്റാർട്ടിലെ അടുത്ത അധ്യയന വർഷത്തിൽ തുടങ്ങുന്ന കോഴ്സുകളെയും അന്തർദേശീയ തലത്തിലുള്ള അധ്യാപകരെയും രൂപതയിലെ മതാധ്യാപകർക്ക് പരിചയപ്പെടുത്തുക എന്നതായിരുന്നു മീറ്റിന്റെ ലക്ഷ്യം.

താമരശ്ശേരി രൂപതാ അധ്യക്ഷൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ, മീറ്റ് ഉദ്ഘാടനം ചെയ്തു. വിശ്വാസ പരിശീലന കേന്ദ്രം ഡയറക്ടർ ഫാ. രാജേഷ് പള്ളിക്കാവയലിൽ, സ്റ്റാർട്ട് ഡയറക്ടർ ഡോ. സുബിൻ കിഴക്കേവീട്ടിൽ, ഫാ. ഡോ. ജോർജ് പയ്യമ്പള്ളി, ഫാ. അനീഷ് കളത്തിൽ, പ്രൊഫ. കേയ്സ് സ്കിപ്പർ, അഡ്വ. ഇസബൽ കോറിദോരി, ഡോ. ജെറാർദ് ബ്രുഗിംഗ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് വിദഗ്ധൻ ശ്രീ. റെൻജി ജോൺ തുടങ്ങിയവർ മീറ്റിങ്ങിൽ വിവിധ വിഷയങ്ങളിൽ ക്ലാസ്സുകൾ എടുത്തു. രൂപതയിലെ മതബോധന പ്രധാനാധ്യാപകരും പത്താം ക്ലാസിലെ അധ്യാപകരും വളരെ സജീവമായി യോഗത്തിൽ പങ്കെടുത്തു.

## Integrated Residential PLUS TWO Course

കുട്ടികളിൽ അടുത്തകാലത്ത് വന്നിട്ടുള്ള വിദേശ പഠനം, ജോലി എന്ന പുതിയ ആവശ്യങ്ങൾക്ക് ശരിയായ ഉത്തരം നൽകാൻ ശ്രമിക്കുന്നതോടൊപ്പം നമ്മുടെ നാട്ടിലെ മികച്ച യുണിവേഴ്സിറ്റികളിലേക്കും, പ്രീമിയർ ഇൻസ്റ്റിറ്റ്യൂട്ടുകളിലേക്കും (IITs, IIMS, NITs etc.) പ്രവേശനം ലഭിക്കുന്നതിനും നമ്മുടെ കുട്ടികളെ കാലോചിതമായി ഒരുക്കുക എന്ന ലക്ഷ്യത്തോടെ സ്റ്റാർട്ട് റെസിഡൻഷ്യൽ പ്ലസ് ടു കോഴ്സ് ആരംഭിക്കുകയാണ്.

ഉന്നത മികവോടെ നാട്ടിലോ വിദേശത്തോ ജീവിതം കരുപ്പിടിപ്പിക്കാൻ ആഗ്രഹിക്കുന്ന കുട്ടികൾക്ക് അന്തരാഷ്ട്ര നിലവാരത്തോടെ പഠിക്കുവാനും അവരുടെ ഭാവിജീവിതം ശോഭനമാക്കുവാനും, പ്ലസ്ടു പഠനത്തോടൊപ്പം ഫ്രഞ്ച്, ജർമ്മൻ ഭാഷകളിൽ ബി 2 ഗ്രേഡ് പരീക്ഷ കൂടി പാസാകാൻ കുട്ടികളെ പ്രാപ്തരാക്കുന്നു. ഈ ഭാഷകൾ സംസാരിക്കുന്ന വിദേശികളായ അദ്ധ്യാപകരുടെയും ക്ലാസുകൾ ഉണ്ടായിരിക്കും.

**OBJECTIVE OF START SPECIALITY**

- PLUS-TWO Humanities and Commerce പഠനത്തോടൊപ്പം National and Inter- national level competitive പരീക്ഷൾക്കും ട്രെയിനിംഗ് നൽകുന്നു.
- Mental, Psychological and minutely organized preparation to take ANY ENTR- NACE EXAM ANYWHERE IN THE WORLD in ANY UNIVESITY/COL- LEGE in India and abroad.
- CUET, IPM, CLAT, NDA - Technical and non-Technical, NID, JEE, KEAM, CUSAT CAT എന്നീ അഖിലേന്ത്യ തലത്തിലുള്ള പ്രധാന എൻട്രൻസ് പരീക്ഷകൾക്കുള്ള പരിശീലനം നൽകുന്നു
- സ്റ്റാർട്ടിൽത്തന്നെ താമസിച്ചുള്ള രണ്ടു വർഷത്തെ കോഴ്സ്.
- ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം ഹോസ്റ്റൽ സൗകര്യം.

SALIENT FEATURES OF START TRAINING

START Starts PLUS-ONE and PLUS-TWO RESIDENTIAL Courses (Kerala Board) FOR GIRLS and BOYS from JUNE 2024.

- LANGUAGES (for Both Humanities and Commerce)
- English • Malayalam/Hindi
- COMMERCE STREAM : 40 Seats

- Accountancy • Business Studies • Economics • Political Science
- HUMANITIES STREAM: 40 Seats
- History Economics • Sociology • Economics • Political Science

MEDIUM OF INSTRUCTION ENGLISH

കുട്ടികളുടെ അഭിരുചിക്കനുസരിച്ച് തിരഞ്ഞെടുക്കാവുന്ന ഇതര കോഴ്സുകൾ

START LANGUAGE LAB

● IELTS and OET Training ● German, French, Italian up to B2 Level

● Language Training • Focuses on Mastering the fourfold language skills; Listening Speaking, Reading and Writing. • Grammar (Basic, Intermediate and Advanced) • Fluency • Public Speaking • Pronunciation (Received Pronunciation) • Interview Training • Vocabulary • Attitude Development • Good Speech Habits • Comprehension

AI COURSE

● Gain a solid understanding of the advantages of AI and Machine Learning.

● Increasing the professional value with the rare ability to connect this power technology with your profession.

● Learn Computer Programming with Python, Machine Learning, NLP, Chat GPT, and more.....

MS OFFICE AND TALLY + BCC COURSE PREPARATION

SOFT SKILL TRAINING, CAREER GUIDANCE AND MENTORING SERVICES

● Instrumental Music Classes

● Training based on the Aptitude and Individual Differences

ADMISSION PROCEDURE

● Apply on the prescribed form available from START office or via www.startindia.org

● An Entrance Exam based on the following:
a) English b) Basic Maths c) Current affairs and general knowledge d) Interview

കൂടുതൽ വിവരങ്ങൾക്ക്,

0495 2357843, 9037107843, 97444458111

office@startindia.org, startcalicut22@gmail.com www.startindia.org

ഫാ. സുബിൻ കിഴക്കേവീട്ടിൽ,ഡയറക്ടർ സ്റ്റാർട്ട്

ALPHA

# ആൽഫ മരിയ അക്കാദമി

കുന്ദമംഗലം ആൽഫ മരിയ അക്കാദമിയോട് ചേർന്ന് പുതുതായി നിർമ്മിച്ച ഹോസ്റ്റലിന്റെ വെഞ്ചരിപ്പ് കർമ്മം 2024 മാർച്ച് 19 ന് വൈകുന്നേരം 4 മണിക്ക് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് നിർവ്വഹിക്കുന്നു.

ആൽഫ മരിയ അക്കാദമിയുടെ നേതൃത്വത്തിൽ നടക്കുന്ന ജർമൻ ഭാഷാ പരിശീലനത്തിന്റെ പുതിയ ബാച്ചുകൾ 2024 ഏപ്രിൽ 2 ന് ആരംഭിക്കുന്നു. ആൺകുട്ടികൾക്കും പ്രത്യേകം ഹോസ്റ്റൽ സൗകര്യം. മിതമായ ഫീസിൽ 8 മാസത്തെ പരിശീലനമാണ് നൽകുന്നത്.

സിവിൽ സർവ്വീസ് ഫൗണ്ടേഷൻ കോഴ്സിന്റെ ക്ലാസ്സുകൾ ജൂൺ മാസത്തിൽ ആരംഭിക്കുന്നു. ആറാം ക്ലാസ്സ് മുതൽ പത്താം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് സ്കൂൾ പഠനത്തോടൊപ്പം പൊതു വിജ്ഞാനം, കറന്റ് അഫയേഴ്സ്, പ്രസംഗ പരിശീലനം തുടങ്ങിയ വിഷയങ്ങളിൽ പ്രഗൽഭരായ അധ്യാപകരുടെ നേതൃത്വത്തിൽ പരിശീലനം നൽകുന്നു.

തിരുവമ്പാടി ആൽഫ മരിയ അക്കാദമിയിൽ 2024-25 അധ്യയന വർഷത്തെ 8,9,10 ക്ലാസ്സുകളിലേക്കുള്ള ട്യൂഷൻ ക്ലാസ്സുകൾ ഏപ്രിൽ മൂന്നിന് ആരംഭിക്കുന്നു.

**ഫാ. ജോസഫ് പുളിച്ചമാക്കൽ**
**ഡയറക്ടർ, ആൽഫ മരിയ അക്കാദമി**

# വിദ്യാഭ്യാസരംഗം

**വിദ്യാഭ്യാസ സംഗമവും യാത്രയയപ്പ് സമ്മേളനവും**

താമരശ്ശേരി രൂപത കോർപ്പറേറ്റ് മാനേജ്മെന്റിന് കീഴിലുള്ള വിദ്യാലയങ്ങളിലെ അധ്യാപക അനധ്യാപകരെ പങ്കെടുപ്പിച്ചുകൊണ്ട് വിദ്യാഭ്യാസ സംഗമവും ഈ വർഷം സർവ്വീസിൽ നിന്നും വിരമിക്കുന്ന പ്രധാനധ്യാപകർ, അധ്യാപകർ, അനധ്യാപകർ എന്നിവർക്കുള്ള യാത്രയയപ്പ് സമ്മേളനവും 2024 ഫെബ്രുവരി 10 ശനിയാഴ്ച്ച പുല്ലൂരാംപാറ ബഥാനിയ റിന്യൂവൽ സെന്ററിൽ വെച്ച് നടന്നു. രാവിലെ 9.30 ന് രജിസ്ട്രേഷനോടുകൂടി ആരംഭിച്ച ആദ്യ സെക്ഷനിൽ വിദ്യാഭ്യാസ മേഖലയിലെ സമകാലീന വെല്ലുവിളികളെക്കുറിച്ച് ചങ്ങനാശ്ശേരി രൂപതാംഗം ഫാ. ജിസൺ പോൾ വേങ്ങാശ്ശേരി അധ്യാപകരുമായി സംവദിച്ചു. തുടർന്ന് അധ്യാപക അനധ്യാപകർക്ക് ആവിശ്യമായ നിർദ്ദേശങ്ങൾ നൽകി  കോർപ്പറേറ്റ് മാനേജർ ഫാ. ജോസഫ് വർഗ്ഗീസ് സംസാരിച്ചു. പുല്ലൂരാംപാറ ഹൈസ്കൂളിലെ കലാകാരികൾ അവതരിപ്പിച്ച സ്വാഗത നൃത്തവും ഡിജിറ്റൽ രൂപത്തിൽ അവതരിപ്പിച്ച കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസിയുടെ പ്രവർത്തന റിപ്പോർട്ടും ഏറെ ആകർഷകമായിരുന്നു. കോർപ്പറേറ്റ് മാനേജറുടെ അധ്യക്ഷതയിൽ നടന്ന യാത്രയയപ്പ് സമ്മേളനം അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്തു. കോർപ്പറേറ്റ് വിദ്യാലയങ്ങളിൽ സ്തുത്യർഹ സേവനം അനുഷ്ഠിച്ച ശേഷം ഔദ്യോഗിക ജിവിതത്തിൽ നിന്നും വിരമിക്കുന്ന അധ്യാപക അനധ്യാപക ജീവനക്കാരെ അഭിവന്ദ്യ രൂപതാധ്യക്ഷൻ അഭിനന്ദിക്കുകയും സന്തോഷകരമായ വിശ്രമജീവിതം ആശംസിക്കുകയും ചെയ്തു. സർവ്വീസിൽ നിന്നും വിരമിക്കുന്ന മുഴുവൻ ജീവനക്കാർക്കും കോർപ്പറേറ്റ് മാനേജ്മെന്റിന്റെ സ്നേഹോപഹാരം അഭിവന്ദ്യ പിതാവ് സമ്മാനിച്ചു. പൗരോഹിത്യ സുവർണ്ണ ജുബിലി ആഘോഷിക്കുന്ന മുൻ കോർപ്പറേറ്റ് മാനേജർ മാത്യു മാവേലി അച്ചനേയും പൗരോഹിത്യ രജത ജൂബിലി നിറവിലായിരിക്കുന്ന ജോസഫ് കളരിക്കൽ അച്ചനേയും വിദ്യാഭ്യാസത്തിൽ ഡോക്ടറേറ്റ്

നേടിയ കൂടരഞ്ഞി ഹയർ സെക്കണ്ടറി സ്കൂൾ അധ്യാപകൻ ഡോ. സിജു അബ്രഹാം, സംസ്ഥാന കായിക മേളയിൽ സ്വർണ്ണ മെഡൽ കരസ്ഥമാക്കിയ പെരുവണ്ണാമുഴി യൂ.പി. സ്കൂൾ അധ്യാപിക ശ്രീമതി ഡെൽന ജോർജിനേയും ചടങ്ങിൽ ആദരിച്ചു. ഫാ. സെബാസ്റ്റ്യൻ പുളിക്കൽ, ഫാ. മാത്യു മാവേലി, ഫാ. ജോസഫ് കളരിക്കൽ, വിപിൻ എം. സെബാസ്റ്റ്യൻ, ലീന വർഗ്ഗീസ്, അമ്പിളി പി. എ., അശ്വിൻ ടി. ജോസഫ്, വിൽസൺ ജോർജ്, തോമസ് സി. ജെ., ജേക്കബ് കോച്ചേരി എന്നിവർ ചടങ്ങിൽ സംസാരിച്ചു. ജോസ്ന ജോസ്, ജോൺസൺ ജോസഫ്, സിൽവി സെബാസ്റ്റ്യൻ എന്നിവർ ഗാനമാലപിച്ചു. ഉച്ചഭക്ഷണത്തോടെ പരിപാടി സമാപിച്ചു.

**സ്കോളർഷിപ്പ് പരീക്ഷ**

ഈ വർഷത്തെ കോർപ്പറേറ്റ്തല വേദപാഠ സന്മാർഗ ശാസ്ത്ര സ്കോളർഷിപ്പ് പരീക്ഷകൾ 5 മേഖലാ കേന്ദ്രങ്ങളിൽ വെച്ച് ഫെബ്രുവരി 17 ശനിയാഴ്ച നടന്നു. 4 മുതൽ 9 വരെ ക്ലാസ്സുകളിൽ നിന്നും നാന്നൂറിലേറെ കുട്ടികൾ പരീക്ഷയിൽ പങ്കെടുക്കുകയുണ്ടായി.

**അധ്യാപക അനധ്യാപക സ്ഥലമാറ്റം**

അടുത്ത അധ്യായന വർഷം സ്ഥലമാറ്റം ആഗ്രഹിക്കുന്ന അധ്യാപക അനധ്യാപകർ നിശ്ചിത മാതൃകയിൽ തയ്യാറാക്കിയ അപേക്ഷ 2024 ഫെബ്രുവരി 26 മുതൽ മാർച്ച് 2 വരെയുള്ള ദിവസങ്ങളിൽ കോർപ്പറേറ്റ് മാനേജർക്ക് നേരിട്ട് സമർപ്പിക്കേണ്ടതാണ്. സ്ഥിര നിയമനാംഗികാരം ലഭിച്ചവർക്കും പ്രോബേഷൻ കാലം പൂർത്തീകരിച്ചവർക്കും മാത്രമേ സ്ഥലമാറ്റത്തിന് അപേക്ഷിക്കാൻ അർഹതയുള്ളു.

**ആദരാഞ്ജലികൾ**

മരുതോങ്കര സെന്റ്. മേരീസ് ഹൈസ്കൂളിലെ പ്രധാനധ്യാപക തസ്തികയിൽനിന്നും സ്തുത്യർഹ സേവനത്തിന് ശേഷം വിരമിച്ച് വിശ്രമജീവിതത്തിലായിരുന്ന ശ്രീ. കെ.എം. ജോർജ്ജ് കട്ടക്കയം സാർ (91) നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. 1960 ൽ മരുതോങ്കര ഹൈസ്കൂളിൽ സഹാധ്യാപകനായി ഔദ്യോഗിക ജീവിതം ആരംഭിച്ച ജോർജ്ജ് സാർ 1978 ൽ കുളത്തുവയൽ ഹൈസ്കൂളിൽ പ്രധാനാധ്യാപകനായി. 1986 ൽ മരുതോങ്കര സ്കൂളിലേക്ക് സ്ഥലമാറ്റം ലഭിക്കുകയും 1987 ൽ സർവ്വീസിൽ നിന്ന് വിരമിക്കുകയും ചെയ്തു. സാമൂഹിക, രാഷ്ട്രീയ, ആദ്ധ്യാത്മിക ജീവകാരുണ്യ മേഖലകളിൽ നിറസാന്നിധ്യമായിരുന്നു ജോർജ്ജ് സാർ. ആദരണീയനായ

ഈ അധ്യാപക ശ്രേഷ്ഠന്റെ നിര്യാണത്തിൽ ദുഖിതരായിരിക്കുന്ന കുടുംബാംങ്ങളുടേയും സഹപ്രവർത്തകരുടേയും വിദ്യാർത്ഥികളുടേയും ദുഖത്തിൽ പങ്കുചേരുന്നു.

**ഫാ. ജോസഫ് വർഗീസ്**
**കോർപ്പറേറ്റ് മാനേജർ**

# പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

കോഴിക്കോട് മേരിക്കുന്ന് ആസ്ഥാനമായി ആരംഭിച്ച പോപ്പ് ജോൺ പോൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൗൺസിലിംഗ് ആൻഡ് സൈക്കോതെറാപ്പിയിൽ ഡയറക്ടർ ഫാദർ കുര്യൻ പുരമഠത്തിന്റെ നേതൃത്വത്തിൽ കൗൺസിലിങ്ങും ക്ലാസ്സുകളും ഓഫ് ലൈനായും ഓൺലൈനായും നടത്തുന്നു.

**അറിയിപ്പുകൾ**

കോഴ്സുകൾ: രാജസ്ഥാനിലെ സിംഗാനിയ യൂണിവേഴ്സിറ്റിയുമായി കൊളാബൊറേറ്റ് ചെയ്ത്, കൗൺസലിംഗ് സൈക്കോളജിയിൽ രണ്ടു വർഷത്തെ ഓൺലൈൻ / ഓഫ് ലൈൻ മാസ്റ്റേഴ്സ് പ്രോഗ്രാം നടക്കുന്നു.

1. മാസ്റ്റേഴ്സ് ഇൻ കൗൺസലിംഗ് സൈക്കോളജി (ഓഫ്ലൈൻ).
2. മാസ്റ്റേഴ്സ് ഇൻ ഗൈഡൻസ് & കൗൺസലിംഗ് (ഓൺലൈൻ).

2024-2026 വർഷത്തെ പുതിയ എം.എസ്.സി (ഓൺലൈൻ/ ഓഫ് ലൈൻ) ബാച്ചുകളിലേക്കുള്ള രജിസ്ട്രേഷൻ ആരംഭിച്ചിരിക്കുന്നു.

കൗൺസലിംഗ് സേവനം ആവശ്യമുള്ളവർക്കും, കോഴ്സുകളെകുറിച്ച് കൂടുതൽ അറിയാൻ ആഗ്രഹിക്കുന്നവർക്കും ഈ കോഴ്സുകളിൽ ചേരാൻ താത്പര്യമുള്ളവർക്കും ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്.

Mob. no: 9496575018 / 9037379180

**ഫാ. കുര്യൻ പുരമഠത്തിൽ**
**ഡയറക്ടർ, പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്**

# എയ്ഡർ എഡ്യൂക്കെയർ

**സ്റ്റുഡന്റ്സ് അനാലിസിസ്**

എയ്ഡർ എഡ്യു കെയറിന്റെ മൂന്നാം ഘട്ടത്തിലേക്ക് ഫെബ്രുവരി മാസം മുതൽ പ്രവേശിച്ചു. ആദ്യ ഘട്ടത്തിൽ പ്രൈമറി കോളിങ്ങും (എല്ലാ പ്ലസ് ടു വിദ്യാർത്ഥികളെയും വ്യക്തിപരമായി വിളിക്കുകയും റാപ്പോ ബിൽഡപ്പ് നടത്തുകയും ചെയ്തു), രണ്ടാം ഘട്ടത്തിൽ സർവ്വേ അപ്ഡേറ്റ് ചെയ്യുകയും വിദ്യാപീഠം, എയ്ഡർ കണക്ട് എന്നിവ പ്രാബല്യത്തിൽ വരുത്തുകയും വിദ്യാപീഠം എൻ റോളിങ് നടന്നുവരികയും ചെയ്യുന്നു.  മൂന്നാം ഘട്ടത്തിൽ വിദ്യാർത്ഥികളുമായി സംസാരിച്ച് അവരുടെ വിദ്യാഭ്യാസ, കരിയർ മേഖലയുടെ അവലോകനം നടത്തി ഗ്രൂപ്പുകളാക്കുകയാണ് ചെയ്തു വരുന്നത്. 10 മൊഡ്യൂളികളുടെ കീഴിൽ (മോട്ടിവേഷൻ, സ്കിൽസ്, ഡിഫിക്കൽറ്റി ഓഫ് സബ്ജക്ട്സ്, ഇന്ററെസ്റ്റ് ഓഫ് സബ്ജക്റ്റ്സ്, കരിയർ പ്രിഫറൻസ്– ഫസ്റ്റ്, സെക്കന്റ് & തേഡ്, എൻട്രൻസ് എക്സാം ഓറിയന്റേഷൻ, ഡിസെബിലിറ്റീസ്, റിസർവേഷൻ & സ്കോളർഷിപ്സ്, റിക്വസ്റ്റഡ് കൗൺസലിങ് & ഹെൽപ്പ്) കുട്ടികളെ ഗ്രൂപ്പ് ചെയ്തു വരുന്നു. പ്ലസ് ടു പരീക്ഷയ്ക്ക് ശേഷം ഇവർക്കാവശ്യമായ ഡയറക്ട് ഹെൽപ്പ് നൽകുന്നതായിരിക്കും.

**വിദ്യാപീഠം എൻറോളിങ്**

വിദ്യാപീഠത്തിലേക്കുള്ള വിദ്യാർത്ഥികളുടെ എൻറോളിങ് നടന്നു വരുന്നു. നിലവിൽ എഴുനൂറിലധികം പ്ലസ് ടു വിദ്യാർത്ഥികൾ വിദ്യാപീഠത്തിൽ പ്രവേശിച്ച് പ്രൊഫൈൽ ക്രിയേഷനും സി വി ക്രിയേഷനും നടത്തുകയും വിദ്യാപീഠത്തിന്റെ സഹായങ്ങൾ സ്വീകരിച്ചു വരികയും ചെയ്യുന്നു.

**സി എഫ് റ്റി – പ്രോഗ്രാം ഫീൽഡ് വർക്ക്**

തിരുവമ്പാടി അൽഫോൻസ കോളേജിന്റെ നേതൃത്വത്തിൽ നടത്തിയ സി എഫ് റ്റി (ചൂസ് ഫ്രാൻസ് ടൂർ) പരിപാടിയിൽ അഞ്ഞൂറിലധികം വിദ്യാർത്ഥികളെ പ്രോഗ്രാമിലേക്ക് എത്തിക്കാനും രണ്ട് ഓൺലൈൻ ഓറിയന്റേഷൻ മീറ്റിങ്ങുകൾ സംഘടിപ്പിക്കാനും എയ്ഡർ ടീം വർക്കിലൂടെ സാധിച്ചു.

**ഹൃദയപൂർവ്വം നന്ദി**

എയ്ഡർ എഡ്യു കെയർ പൈനീയർ ടീമിൽ നിന്നും വിവിധ തിരക്കുകൾ മൂലം താൽകാലികമായി സേവനം അവസാനിപ്പിക്കുന്ന സി. റിനി എം എസ് എം ഐ, സി. ആൻ മരിയ എസ് എ ബി എസ് എന്നിവർക്ക് ഹൃദയപൂർവ്വം നന്ദി അർപ്പിക്കുന്നു.

നിലവിലെ ടീം അഗംങ്ങളും ഫൊറോനകളും

സി. സജിനി പ്രസന്റേഷൻ – തിരുവമ്പാടി ഫൊറോന, കരുവാരക്കുണ്ട് ഫൊറോന, സി. ജിജി എം എസ് എം ഐ – മരുതോങ്കര ഫൊറൊന, വിലങ്ങാട് ഫൊറോന, സി. റ്റിൻസ് എസ് എ ബി എസ്– ആനക്കാംപൊയിൽ ഇടവക, സി. മെൽവിൽ എസ് എ ബി എസ് – തിരുവമ്പാടി ഇടവക സി. റിൻസി എസ് എഫ് എൻ – പെരിന്തൽമണ്ണ ഫൊറോന, കൂടരഞ്ഞി ഇടവക, സി. ലിൻസി എസ് എഫ് എൻ – പെരിന്തൽമണ്ണ ഫൊറോന, സി. സോന എഫ് സി സി – കോടഞ്ചേരി ഫൊറോന, സി. റ്റിസി എസ് എച്ച് – തോട്ടുമുക്കം ഫൊറോന, മലപ്പുറം ഫൊറോന, സി. ജിസ് ലറ്റ് എം എസ് ജെ – താമരശ്ശേരി ഫൊറോന, സി. സ്നേഹ സി എം സി – കൂരാച്ചുണ്ട് ഫൊറോന

എയ്ഡർ ടീം മീറ്റ്സ്, കംബയിൻഡ് വർക്ക് ഡേ

ജനുവരി 20 ന് പി എം ഒ സി യിൽ വെച്ച് ടീം മീറ്റ് നടത്തി. ഫെബ്രുവരി 24 ന് ബിഷപ്സ് ഹൗസിൽ വെച്ച് ടീം മീറ്റും കംബയിൻഡ് വർക്ക് ഡേയും നടത്തി. രണ്ട് ഓൺലൈൻ മീറ്റിങ്ങുകളും ചേർന്നു.

ഏപ്രിൽ, മെയ് മാസങ്ങളിലെ പരിപാടികൾ

1. ഗ്രൂപ്പ് ഓറിയന്റേഷൻ, മോട്ടിവേഷൻ, സ്കിൽ ഡെവലപ്മെന്റ് സെഷൻസ്

സ്റ്റുഡന്റ്സ് അനാലിസിന്റെ അടിസ്ഥാനത്തിൽ കുട്ടികളെ ഓൺലൈനായും ഓഫ് ലൈനായും ഗ്രൂപ്പ് അടിസ്ഥാനത്തിൽ വിളിച്ചു ചേർക്കുന്നു. ഫൊറോന തലത്തിലോ, ക്ലസ്റ്റൽ തലത്തിലോ ആയിരിക്കും മീറ്റിങ്ങുകൾ സംഘടിപ്പിക്കുക. ലോ മോട്ടിവേറ്റഡ് ആയിട്ടുള്ള കുട്ടികളെ ഡെവലപ്പ് ചെയ്യാനും പരമാവധി ആനുകൂല്യങ്ങൾ വാങ്ങിക്കൊടുക്കാനും സ്കിൽ അടിസ്ഥാനത്തിൽ കരിയർ തിരഞ്ഞെടുക്കാനും വ്യക്തിപരമായി സഹായിക്കുന്നു.

2. പേഴ്സണൽ ഇന്റർവ്യൂ & ഇൻഡിവിജ്വൽ കരിയർ ഫിക്സിങ്

വിദ്യാർത്ഥികളെ വ്യക്തിപരമായി കണ്ട്, വിലയിരുത്തലുകൾ നടത്തി തുടർ പഠനത്തിന് കോഴ്സ് തിരഞ്ഞെടുക്കാൻ സഹായിക്കു

കയും മികച്ച കലാലയങ്ങൾ തിരഞ്ഞെടുക്കാൻ സഹായിക്കുകയും ചെയ്യുന്നു.

3. പ്ലസ് വൺ, പത്താം ക്ലാസ് വിദ്യാർത്ഥികളുടെ വിദ്യാപീഠം എൻറോളിങ്

ഏപ്രിൽ, മെയ് മാസങ്ങളിലായി പ്ലസ് വൺ, പ്ലസ് ടു വിദ്യാർത്ഥികളുടെയും പത്താക്ലാസ് വിദ്യാർത്ഥികളുടെയും വിദ്യാപീഠം എൻറോളിങ് പൂർത്തിയാക്കുന്നു.

4. സർവ്വേ അപ്ഡേഷൻ

കാറ്റക്കിസം അധ്യാപകരുടെ സഹായത്തോടെ നിലവിലെ ഡാറ്റാബേസ് അപ്ഡേറ്റ് ചെയ്യുന്നു. ബൈബിൾ നഴ്സറി മുതൽ 2024 വർഷത്തെ പ്ലസ് ടു ബാച്ച് വരെയുള്ളവരുടെ വിവരങ്ങളാണ് അപ്ഡേറ്റ് ചെയ്യുന്നത്.

**ഫാ. ജോർജ്ജ് വെള്ളയ്ക്കാകുടിയിൽ**
**ഏയ്ഡർ എഡ്യൂകെയർ**

# കെ.സി.വൈ.എം. എസ്.എം.വൈ.എം

**ലീഡ് – രൂപത സമിതി നേതൃപരിശീലന ശിൽപശാല**

2024 ജനുവരി 27,28 (ശനി, ഞായർ) ദിവസങ്ങളിലായി പി.എം.ഒ.സിയിൽ വെച്ച് 2024 പ്രവർത്തന വർഷത്തെ രൂപത സമിതി നേതാക്കന്മാർക്കുള്ള നേതൃത്വ പരിശീലന ശില്പശാല സംഘടിപ്പിക്കപ്പെട്ടു. സംഘടന സംവിധാനത്തെയും സമിതി അംഗങ്ങളെയും കൂടുതൽ അടുത്തറിയാൻ പ്രസ്തുത ക്യാമ്പ് സഹായകകരമായി. ഫാ. ജസ്റ്റിൻ ഒ എഫ് എം കപ്പൂച്ചിൻ സെഷനുകൾക്ക് നേതൃത്വം നൽകി. പ്രസംഗ പരിശീലനം, നേതൃപരിശീലനം സംഘടന സംവിധാനം, നിയമാവലി, കർമ്മപദ്ധതി രൂപീകരണം, റോസ്റ്റിങ് എന്നിവ ഉൾപ്പെടുത്തി നടത്തിയ ക്യാമ്പിന് രൂപത പ്രസിഡന്റ് റിച്ചാൾഡ് ജോൺ, ഫാ. മാത്യു തെക്കേക്കരമറ്റത്തിൽ, ഫാ. ജോർജ്ജ് വെള്ളയ്ക്കാക്കുടിയൽ, സി. റൊസീൻ എസ്എബിഎസ് എന്നിവർ നേതൃത്വം നൽകി. താമരശ്ശേരി രൂപത അധ്യക്ഷൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ക്യാമ്പ് സന്ദർശിക്കുകയും അഭിസംബോധന ചെയ്ത് സംസാരിക്കുകയും ചെയ്തു. എലാൻസ് ടീമിന്റെ നേതൃത്വത്തിൽ ഫിനാൻഷ്യൽ

ലിറ്ററസി എന്ന വിഷയത്തെ സംബന്ധിച്ച് ഒരു മണിക്കൂർ സെഷനും സംഘടിപ്പിച്ചു.

അഭിവന്ദ്യ പിതാവിന്റെ ആശിർവാദത്തോടെ പ്രവർത്തനങ്ങൾക്ക് തുടക്കം

2024 പ്രവർത്തന വർഷത്തിനൊരുക്കമായി രൂപത സമിതി നേതാക്കന്മാർ മാർ റെമിജിയോസ് ഇഞ്ചനാനിയിൽ പിതാവിൽ അനുഗ്രമേറ്റുവാങ്ങുകയും അഭിവന്ദ്യ പിതാവ് യുവജന നേതാക്കളോട് സംവദിക്കുകയും ചെയ്തു.

രൂപത കർമ്മപദ്ധതി 'സവ്റ' പ്രകാശനം ചെയ്തു

കെ.സി.വൈ.എം – എസ്.എം.വൈ.എം താമരശ്ശേരി രൂപതയുടെ 2024 പ്രവർത്തന വർഷ കർമ്മപദ്ധതി 'സവ്റ' രൂപത വികാരി ജനറാൾ മോൺ. അബ്രഹാം വയലിൽ പ്രകാശനം ചെയ്തു. മേഖല നേതാക്കന്മാർക്കായി സംഘടിപ്പിക്കപ്പെട്ട ദ്വിദിന നേതൃത്വ ശിൽപശാലയുടെ ഭാഗമായി താമരശ്ശേരി ചാവറ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ നടന്ന ചടങ്ങിലാണ് പ്രകാശന കർമ്മം നിർവ്വഹിച്ചത്. രൂപത പ്രസിഡന്റ് റിച്ചാൾഡ് ജോൺ അധ്യക്ഷനായിരുന്നു. മുൻ രൂപത പ്രസിഡന്റും കട്ടിപ്പാറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമായ പ്രേംജി ജെയിംസ് ചടങ്ങിൽ മുഖ്യാതിഥിയായിരുന്നു. രൂപത അസിസ്റ്റന്റ് ഡയറക്ടർ ഫാ. ജോബിൻ തെക്കേക്കരമറ്റത്തിൽ, ജനറൽ സെക്രട്ടറി അലീന മാത്യു ചെട്ടിപ്പറമ്പിൽ, അനിമേറ്റർ സി. റൊസീൻ എസ്.എ.ബി.എസ്. വൈസ് പ്രസിഡന്റ് അലൻ ബിജു, താമരശ്ശേരി മേഖല പ്രസിഡന്റ് അഞ്ചൽ കെ. ജോസഫ് എന്നിവർ സംസാരിച്ചു.

**മേഖല സമിതി നേതാക്കൾക്കായുള്ള ലീഡ് – നേതൃപരിശീലന ശിൽപശാല**

ഫെബ്രുവരി 10,11 തിയതികളിൽ മേഖല നേതാക്കന്മാർക്കായി ദ്വിദിന നേതൃത്വ ശിൽപശാല താമരശ്ശേരി ചാവറ ഇംഗ്ലീഷ് മീഡിയം സ്കൂളിലും മാർ മങ്കുഴിക്കരി മെമ്മോറിയൽ പാസ്റ്ററൽ സെന്ററിലുമായി സംഘടിപ്പിച്ചു. 11 മേഖലകളിൽ നിന്നായി 55 മേഖല സമിതി നേതാക്കൾ പങ്കെടുത്തു. മോൺ. അബ്രഹാം വയലിൽ ഉദ്ഘാടനം ചെയ്ത ക്യാമ്പിൽ മുൻ രൂപത പ്രസിഡന്റും കട്ടിപ്പാറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമായ പ്രേംജി ജെയിംസ് ചടങ്ങിൽ മുഖ്യാതിഥിയായിരുന്നു. ഫാ. ജസ്റ്റിൻ ഒ എഫ് എം കപ്പൂച്ചിൻ സെഷനുകൾക്ക് നേതൃത്വം നൽകി. പ്രസംഗ പരിശീലനം, നേതൃപരിശീലനം സംഘടന സംവിധാനം, നിയമാവലി, കർമ്മപദ്ധതി രൂപീകരണം, റോസ്റ്റിങ് എന്നിവ ഉൾപ്പെടുത്തി നടത്തിയ ക്യാമ്പിന് രൂപത പ്രസിഡന്റ് റിച്ചാൾഡ് ജോൺ, ഫാ. മാത്യു തെക്കേക്കരമറ്റത്തിൽ, ഫാ.

ജോർജ്ജ് വെള്ളയ്ക്കാക്കുടിയൽ, സി. റൊസീൻ എസ് എ ബി എസ് എന്നിവർ നേതൃത്വം നൽകി. എലാൻസ് ടീമിന്റെ നേതൃത്വത്തിൽ ഫിനാൻഷ്യൽ ലിറ്ററസി എന്ന വിഷയത്തെ സംബന്ധിച്ച് സെഷനും ശിൽപശാലയിൽ നടത്തി.

**സംസ്ഥാന സെനറ്റ് സമ്മേളനം**

ഫെബ്രുവരി 16, 17, 18 തിയതികളിലായി കോട്ടപ്പുറം രൂപതയുടെ ആതിഥേയത്വത്തിൽ വികാസ് ആനിമേഷൻ സെന്ററിൽ നടത്തപ്പെട്ട 46-ാമത് കെ.സി.വൈ.എം. സംസ്ഥാന സെനറ്റ് സമ്മേളനത്തിൽ താമരശ്ശേരി രൂപതയെ പ്രതിനിധീകരിച്ച് ഡയറക്ടർ ഫാ. ജോർജ് വെള്ളക്കാകുടിയിൽ, അസിസ്റ്റന്റ് ഡയറക്ടർ ഫാ. മാത്യു തെക്കേകരമറ്റത്തിൽ, ആനിമേറ്റർ സി. റോസീൻ ടഅആട, പ്രസിഡന്റ് റിച്ചാൾഡ് ജോൺ പന്തപ്ലാക്കൾ, ജനറൽ സെക്രട്ടറി അലീന മാത്യു ചെട്ടിപറമ്പിൽ, സംസ്ഥാന സിൻഡിക്കേറ്റ് അംഗങ്ങളായ അഭിലാഷ് കുടിപ്പാറ, ആഗി മരിയ ജോസഫ് സംസ്ഥാന സെനറ്റ് അംഗങ്ങളായ ആൽബിൻ ജോസ്, അലീന ലെയ്സൺ എന്നിവർ പങ്കെടുത്തു.

ഹോളി ഫ്ളെയിംസ് - പരീക്ഷ ഒരുക്ക സെമിനാറും ആരാധനയും

രൂപതാതല പരീക്ഷ ഒരുക്ക സെമിനാറും ആരാധനയും കരുവാരക്കുണ്ട് മേഖലയുടെ ആതിധേയത്വത്തിൽ കരുവാരക്കുണ്ട് ഹോളി ഫാമിലി ദേവാലയത്തിൽ വെച്ച് ഫെബ്രുവരി 25 ഞായറാഴ്ച സംഘടിപ്പിച്ചു. രാവിലെ വി. കുർബാനയോടെ ആരംഭിക്കുകയും തുടർന്ന് ദിവ്യകാരുണ്യ ആരാധനയും കൈവെപ്പ് പ്രാർത്ഥയും വെഞ്ചിരിപ്പും നടത്തി. തുടർന്ന് ശ്രീ. ആന്റണി ജോയ് നയിച്ച് എങ്ങനെ പരീക്ഷയെ നേരിടാം എന്ന വിഷയത്തെ അധികരിച്ച സെമിനാർ നടത്തപ്പെട്ടു. എലാൻസ് ടീം നേതൃത്വം നൽകിയ ഫിനാൻഷ്യൽ ലിറ്ററസി എന്ന ക്ലാസും സംഘടിപ്പിച്ചു. ഫൊറോന വികാരി ഫാ. തോമസ് പൊരിയത്ത്, മേഖല ഡയറക്ടർ ഫാ. സിജോ കോട്ടയ്ക്കൽ, മേഖല സമിതി അംഗങ്ങൾ, രൂപത പ്രസിഡന്റ് റിച്ചാൾഡ് ജോൺ, രൂപത അസി. ഡയറക്ടർ ഫാ. ജോബിൽ തെക്കേക്കരമറ്റത്തിൽ, രൂപത വൈസ് പ്രസിഡന്റുമാരായ അലോണ, അലൻ എന്നിവർ നേതൃത്വം നൽകി. മേഖലയിലെ ആറ് ഇടവകകളിൽ നിന്നായി നൂറോളം യുവജനങ്ങൾ പങ്കെടുത്തു.

**വന്യജീവി ആക്രമണ പ്രധിഷേധം- കൽപ്പറ്റ**

ഫെബ്രുവരി 22 ന് മാനന്തവാടിയിൽ വിവിധ സംഘടനകളുടെ നേതൃത്വത്തിൽ നടന്ന പ്രധിഷേധ ദിനത്തിൽ കെ സി വൈ എം എസ് എം വൈ എം താമരശ്ശേരി രൂപതയെ പ്രതിനിധീകരിച്ച് രൂപത പ്രസിഡന്റ് റിച്ചാൾഡ് ജോൺ, അസി. ഡയറക്ടർ ഫാ. ജോബിൽ തെ

ക്കേക്കരമറ്റം, സി. റൊസീൻ, ജനറൽ സെക്രട്ടറി അലീന മാത്യു, ജോയൽ ആന്റണി എന്നിവർ പങ്കെടുക്കുകയും സംസാരിക്കുകയും ഐക്യദാർഢ്യം അറിയിക്കുകയും ചെയ്തു.

സീറോ മലബാർ അസംബ്ലി– യുവജന നേതൃസംഗമം

ആഗസ്റ്റിൽ നടക്കുന്ന സീറോമലബാർ സഭാ അംസംബ്ലിയുടെ മുന്നോടിയായി ഫെബ്രുവരി 25 ന് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ സംഘടിപ്പിച്ച പ്രാഥമിക യുവജന സംഘടനാ നേതൃസംഗമത്തിൽ രൂപതയെ പ്രിതിനീധീകരിച്ച് ഫാ. ജോർജ്ജ് വെള്ളയ്ക്കാക്കുടിയിൽ, വിശാഖ് തോമസ്, അഭിലാഷ് കുടിപ്പാറ, ചെൽസിയ മാത്യു, ക്രിസൽ സുനിൽ എന്നിവർ പങ്കെടുത്തു.

ഹൃദയപൂർവ്വം നന്ദി, സ്വാഗതം

തിരുവമ്പാടി മേഖലയുടെ അസ്സിസ്റ്റന്റ് ഡയറക്ടറായി സേവനം ചെയ്ത് പുതിയ ഇടവക ദൗത്യവുമായി യാത്രയാകുന്ന ഫാ. ജിതിൻ പന്തലാടിക്കൽ അച്ചന് പ്രസ്ഥാനത്തിന്റെ ഹൃദയപൂർവ്വകമായ നന്ദി അറിയിക്കുന്നു. തിരുവമ്പാടി മേഖലയെ നയിക്കാനായി നിയമിതനായിരിക്കുന്ന ഫാ. ജോസഫ് വിലങ്ങുപാറ അച്ചന് ഹൃദ്യമായ സ്വാഗതവും പ്രാർത്ഥനാശംസകളും.

**അഭിനന്ദനങ്ങൾ**

1. വാ. സിസ്റ്റർ റാണിമരിയയുടെ ത്യാഗോജ്ജ്വലമായ ജീവിതം പശ്ചാത്തലമാക്കി വിവിധ ഭാഷകളിൽ പ്രദർശിപ്പിച്ച ഫെയ്സ് ഓഫ് ദി ഫെയ്സ്ലെസ് എന്ന ചലച്ചിത്രത്തിന്റെ പ്രൊമോഷന്റെ ഭാഗമായി കെ.സി.വൈ.എം സംസ്ഥാന സമിതിയും ചിത്രത്തിന്റെ അണിയറ പ്രവർത്തകരും സംയുക്തമായി നടത്തിയ റിവ്യൂ മത്സരത്തിൽ പ്രോത്സാഹന സമ്മാനത്തിന് അർഹയായ വിലങ്ങാട് യൂണിറ്റ് അംഗം ജിസ്ന തോമസ് കാരികുന്നേലിന് അഭിനന്ദനങ്ങൾ.
2. കെ. സി. വൈ. എം. സംസ്ഥാന സമിതിയുടെ ഓഡിറ്റർ ആയി തെരഞ്ഞെടുക്കപ്പെട്ട താമരശേരി രൂപതയുടെ സംസ്ഥാന സെനറ്റ് അംഗം ആൽബിൻ ജോസിന് അഭിവാദ്യങ്ങൾ.

**പ്രധിഷേധങ്ങൾ**

മണ്ണിൽ പണിയെടുക്കുന്നവന് നേരെ കണ്ണ് തുറക്കാൻ ഇനിയും എത്രനാൾ...? വയനാട്ടിൽ വർദ്ധിച്ചു വരുന്ന വന്യജീവി അതിക്രമങ്ങളിൽ ഭരണകൂടം തുടരുന്ന നിശബ്ദതക്ക് എതിരെ പ്രധിഷേധം രേഖപ്പെടുത്തി.

**അനുശോചനങ്ങൾ**

1. രൂപത സമിതി അംഗം ക്രിസ്സൽ സുനിലിന്റെ മാതൃപിതാവിന്റെ നി

ര്യാണത്തിൽ കെ.സി.വൈ.എം. താമരശ്ശേരി രൂപത കുടുംബത്തിന്റെ അനുശോചനം രേഖപ്പെടുത്തി.

2. കെ.സി.വൈ.എം. സംസ്ഥാന ഡയറക്ടർ ഫാ. സ്റ്റീഫൻ തോമസ് ചാലക്കരയുടെ പിതാവ് സി. എ. തോമസ് ചാലക്കരയുടെ നിര്യാണ ത്തിൽ കെ.സി.വൈ.എം. താമരശേരി രൂപതയുടെ അനുശോചനം രേഖ പ്പെടുത്തി.

**മറ്റ് പരിപാടികൾ**

ഫെബ്രുവരി 17 ന് രൂപത എക്സിക്യൂട്ടീവ് യോഗം ചേർന്നു. ഫെബ്രുവരി 20 ന് മേഖല ഡയറ്ടേഴ്സ് അനിമേറ്റേഴ്സ് ഓൺലൈൻ യോഗം ചേർന്നു. ഫെബ്രുവരി 21 മേഖല ഭാരവാഹി യോഗം ഓൺലൈനിൽ ചേർന്നു. ഫെബ്രുവരി 20 ന് യൂത്ത് ഫോർമേഷൻ ജൂനിയർ ക്ലർജി യോഗം ചേർന്നു.

**അറിയിപ്പുകൾ**

1. അനിമേറ്റേഴ്സ് യൂത്ത് ഫോർമേഷൻ മീറ്റ്

മാർച്ച് 7 വ്യാഴാഴ്ച വൈകിട്ട് 4 മണിക്ക് ആരംഭിച്ച് വെള്ളിയാഴ്ച വൈകിട്ട് 4 ന് സമാപിക്കുന്ന തരത്തിൽ ഈങ്ങാപ്പുഴ ജൂബിലി റിട്രീറ്റ് സെന്ററിൽ വെച്ച് യൂത്ത് അനിമേറ്റേഴ്സ് ഫോർമേഷൻ സംഘടിപ്പി ക്കുന്നു. കെ സി ബി സി യൂത്ത് കമ്മീഷൻ സെക്രട്ടറിയും കെ സി വൈ എം സംസ്ഥാന ഡയറക്ടറുമായ ഫാ. സ്റ്റീഫൻ തോമസ് ചാല ക്കര നേതൃത്വം നൽകുന്നു. എല്ലാ ഇടവക അനിമേറ്റേഴ്സും പങ്കെ ടുക്കേണ്ടതാണ്. വികാരിയച്ചൻമാർ അവരെ പറഞ്ഞയക്കുമല്ലോ.

2. രൂപതാതല കുരിശിന്റെ വഴി

രൂപതാതല കുരിശിന്റെ വഴി മരുതോങ്കര മേഖലയുടെ ആഭിമുഖ്യ ത്തിൽ മാർച്ച് 16 ന് ചെമ്പനോടയിൽ നിന്നും പൂഴിത്തോട്ടിലേക്ക് സംഘടിപ്പിക്കുന്നു. മരുതോങ്കര ഫൊറോനയിലെ എല്ലാ ദേവാലയ ങ്ങളിലും ഇത് സംബന്ധിച്ച അറിയിപ്പ് നൽകുമല്ലോ. എല്ലാ വിശ്വാ സികളെയും സ്വാഗതം ചെയ്യുന്നു.

3. എം വൈ സി (മേഖല യൂത്ത് കോൺഫറൻസ്)

മേഖല സമിതിയുടെ നേതൃത്വത്തിൽ യൂണിറ്റ് നേതാക്കൾക്കായി ഏപ്രിൽ, മെയ് മാസങ്ങളിലായി രൂപത ടീമിന്റെ നേതൃത്വത്തിൽ എം വൈ സി – ഏകദിന ക്യാമ്പ് സംഘടിപ്പിക്കുന്നു. രാവിലെ 9 ന് തുടങ്ങി വൈകിട്ട് 4 ന് സമാപിക്കുന്ന രീതിയിൽ ക്രമീകരിക്കുന്ന ക്യാമ്പിന് എല്ലാ യൂണിറ്റ് എക്സിക്യൂട്ടീവ് അംഗങ്ങളെയും പറഞ്ഞ യക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. (ഇടവകയിൽ നിന്ന് 10 പേർ) രജി സ്ട്രേഷൻ ഫീസ് നൽകേണ്ടതാണ്. ഉദ്ഘാടന സെഷൻ, ഐസ്

ബ്രേക്കിങ്, നേതൃപരിശീലന–പ്രസംഗപരിശീലന സെഷൻ, യൂത്ത് ഫോർമേഷൻ പ്രാഥമി ഒരുക്കസെഷൻ, ആനുകാലിക ചർച്ചകൾ, സംഘടന സംവിധാനത്തെ പരിചയപ്പെടൽ, സംഘടന ഉത്തരവാദിത്വ നിർവ്വഹണം എന്നിവ പ്രധാനമായും ഉൾപ്പെടുത്തിയിരിക്കുന്നു. ഓരോ മേഖലയിലെയും തിയ്യതി മേഖലസമിതി അറിയിക്കുന്നതായിരിക്കും.

4. പ്രയാൺ– മേഖലകളുടെ യൂണിറ്റ് വിസിറ്റ്

യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്താനും നേതൃത്വത്തിലുള്ളവരെ കൂടുതൽ പരിചയപ്പെടാനും യൂണിറ്റ് ഡയറക്ടർ, ആനിമേറ്റർ എന്നിവരുമായി സംഘടനാപരമായ കാര്യങ്ങൾ ചർച്ച ചെയ്യാനും യൂണിറ്റിന്റെ പ്രവർത്തനങ്ങളുടെ സമഗ്രമായ വിലയിരുത്തലുകൾ നടത്താനും ഉദ്ദേശിച്ചുകൊണ്ട് മേഖലസമിതി യൂണിറ്റുകളിലേക്ക് നടത്തുന്ന ഔദ്യോഗിക സന്ദർശനം പ്രയാണ് മാർച്ച് മാസം മുതൽ ആരംഭിക്കുന്നു. വികാരിയച്ചൻമാർ വേണ്ട സഹായങ്ങൾ നൽകുമല്ലോ.

5. യൂത്ത് ഫോർമേഷൻ പ്രൊജക്ട് 2024–26

കെ സി ബി സി യുവജനവർഷത്തിന്റെ പശ്ചാത്തലത്തിലും താമരശ്ശേരി രൂപത റൂബി ജൂബിലി ഒരുക്കത്തിന്റെ ഭാഗമായും 2024 മുതൽ 2026 വരെ മൂന്ന് വർഷത്തോളം നീണ്ടു നിൽക്കുന്ന യുവജന പരിശീലന പദ്ധതി രൂപീകരിക്കുന്നു. യുവജനങ്ങളുടെ കാലികമായ പ്രശ്നങ്ങളെയും ചോദ്യങ്ങളെയും സാമൂഹിക പ്രതിസന്ധികളെയും വിശ്വാസപരവും സഭാത്മകവുമായ സംശയങ്ങളെയും ദൂരീകരിക്കാനും അവരെ വിശ്വാസ സംരക്ഷകരായും സഭയുടെ പടയാളികളായും സമൂഹത്തെ നയിക്കുന്നവരായും രൂപീകരിക്കാൻ ഉദ്ദേശിച്ചുകൊണ്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

വിവിധ ഘട്ടങ്ങൾ, പരിപാടികൾ

1. യുവജനങ്ങളുടെ കാലികമായ പ്രശ്നങ്ങളെ യുവജനങ്ങളിൽ നിന്നുതന്നെ കണ്ടെത്തുന്നു. അതിനായി സർവ്വേകളും ഗ്രൂപ്പ് ചർച്ചകളും പ്രയോജനപ്പെടുത്തുന്നു. ഏപ്രിൽ–മെയ് മാസങ്ങളിൽ നടക്കുന്ന എം വൈ സി (മേഖല യൂത്ത് കോൺഫറൻസിലും) ഈ പ്രക്രിയ നടത്തുന്നതായിരിക്കും. പ്രസ്തുത ചോദ്യങ്ങൾ, പ്രശ്നങ്ങൾ എന്നിവ വിശദമായ പഠനത്തിനും ചർച്ചകൾക്കും വിധേയമാക്കുന്നു. അവയുടെ അടിസ്ഥാനത്തിൽ പരിശീന ടെക്സ്റ്റ്, വർക്ക് ഷീറ്റുകൾ, അസൈൻമെന്റുകൾ തുടങ്ങിയവ തയ്യാറാക്കുന്നു.

2. യുവജന പരിശീലനത്തിനായി 15 വൈദികരും 30 സിസ്റ്റേഴ്സും 30 യുവജനങ്ങളും ഉൾപ്പെടുന്ന റിസോഴ്സ് ടീമിനെ സജ്ജരാക്കുന്നു,

വിദഗ്ദമായ പരിശീലനം നൽകുന്നു. മാർച്ച് 7,8 ദിവസങ്ങളിൽ നടത്തുന്ന അനിമേറ്റേഴ്സ് മീറ്റിങ്ങിൽ അനിമേറ്ററേഴസിന്റെ സെലക്ഷൻ നടത്തുന്നതായിരിക്കും. ജൂനിയർ ക്ലർജി തലത്തിലുള്ള വൈദികരുടെ തിരഞ്ഞെടുപ്പും ആദ്യ മീറ്റിങ്ങും നടത്തി.

3. 2024 ആഗസ്റ്റ് മാസം മുതൽ ഇടവക തലങ്ങളിൽ യുവജനങ്ങളുടെ സംഗമങ്ങൾ സംഘടിപ്പിക്കുന്നു. 25 മണിക്കൂർ ദൈർഘ്യമുള്ള യുത്ത് ഫോർമേഷൻ പാക്കേജ് ഇടവക തലങ്ങളിൽ വിവിധ ദിവസങ്ങളിലായി നടപ്പിലാക്കുന്നു, അറ്റന്റൻസ്, ഫോർമേഷൻ പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കേറ്റ് എന്നിവ നൽകുന്നു. ഇടവകയിലെ മുഴുവൻ യുവജനങ്ങളെയും പ്രത്യേകമായി 10, 11, 12 ക്ലാസുകളിലെ യുവജനങ്ങളെയും ഉൾപ്പെടുത്തിയാണ് സംഗമങ്ങൾ നടത്തുക.

4. 2025 വർഷത്തിൽ യൂണിറ്റുകളിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികളെ ഉൾക്കൊള്ളിച്ചുകൊണ്ട് മേഖല, റീജിയണൽ ഫോർമേഷൻ സംഘടിപ്പിക്കുന്നു. ഇത് യൂണിറ്റുകളിൽ നൽകിയ ഫോർമേഷന്റെ സെക്കന്റ് ഗ്രേഡ് ടെക്സ് അടിസ്ഥാനത്തിലായിരിക്കും നൽകുക.

5. 2026 വർഷങ്ങളിൽ മേഖലകളിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന യുവജനങ്ങൾക്കായി പാക്കേജിന്റെ രൂപതതല സെഷനുകൾ സംഘടിപ്പിക്കുന്നു.

6. 2026 വർഷത്തിൽ വിശ്വാസത്തിലും ക്രൈസ്തവ ജ്ഞാനതിതലും സഭാ സ്നേഹത്തിലും അടിയുറച്ച ആയിരത്തോളം യുവജനങ്ങളുടെ ഫെയ്ത്ത് ഡിഫൻഡേഴ്സ്, ചർച്ച് ഡിഫൻഡേഴ്സ് ടീമുകളെ രൂപീകരികരിക്കുന്നു. സുവിശേഷ പ്രഘോഷണത്തിന് ഉപകരിക്കുന്ന 100 പേരെ സജ്ജരാക്കുന്നു. സാമൂഹിക രാഷ്ട്രീയ നവോത്ഥാനത്തിന് കഴിവുള്ള യുവജനകൂട്ടായ്മ സജ്ജമാക്കുന്നു. ഇവർക്ക് തുടർ പരിശീലനം നൽകുന്നു.

വൈദികർക്കും സിസ്റ്റേഴ്സിനും യൂത്ത് മിനിസ്ട്രി പരിശീലനം

രൂപതയിലെ മുഴുവൻ വൈദികർക്കുമായി യുവജന മിനിസ്ട്രി പരിശീലനം ഫോറോന തലത്തിലോ റീജിയണൽ തലത്തിലോ നൽകുന്നു. യുവജനവർഷ പദ്ധതിയായി ഈ പരിശീലനം ക്രമീകരിച്ചു വരുന്നു. എല്ലാ വികാരിയച്ചൻമാരുടെയും പിന്തുണയും സഹകരണവും അഭ്യർത്ഥിക്കുന്നു.

**ഫാ. ജോർജ്ജ് വെള്ളയ്ക്കാകുടിയിൽ**
**കെ.സി.വൈ.എം - എസ്.എം.വൈ.എം**

# സൊസൈറ്റി ഓഫ് സെൻ്റ് വിൻസെൻ്റ് ഡി പോൾ

കോടഞ്ചേരി എസിയുടെ വാർഷിക സെമിനാർ ഫെബ്രുവരി ആറാം തീയതി ചൊവ്വാഴ്ച ഇരൂട് സെൻ്റ് ജോസഫ് പള്ളിയിൽ വച്ച് നടത്തപ്പെട്ടു. 9 മണിക്ക് രജിസ്ട്രേഷനോടുകൂടി ആരംഭിച്ചു. ജപമാലയ്ക്ക് ശേഷം എ സി പ്രസിഡണ്ട് ബ്രദർ ഫിലിപ്പ് മുട്ടത്ത് പറമ്പിലിന്റെ അധ്യക്ഷതയിൽ സെമിനാർ ആരംഭിച്ചു. എസി വൈ സ് പ്രസിഡണ്ട് ബ്രദർ ജോസ് തോമസ് കുമ്പിക്കൽ പ്രാരംഭ പ്രാ ർത്ഥന നടത്തി. ബ്രദർ സെബാസ്റ്റ്യൻ വാമറ്റത്തിൽ ജ്ഞാന വായ ന നടത്തി. ഈരൂട് കോൺഫറൻസ് വൈസ് പ്രസിഡണ്ട് ബ്രദർ ചാക്കോ ചുണ്ടയിൽ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. താ മശ്ശേരി സെൻട്രൽ കൗൺസിൽ ആത്മീയ ഉപദേഷ്ടാവ് ഫാ. തോ മസ് നാഗപറമ്പിൽ സെമിനാർ ഉദ്ഘാടനം ചെയ്തു. ഫാ. ബിജു ചെന്നിക്കര സെമിനാറിന് ആശംസ അർപ്പിച്ചു. ഫാ. മരിയദാസ് തു രുത്തിമറ്റം ഒഎഫ്എം, വിൻസൺ എന്നിവർ ക്ലാസ് എടുത്തു. ബ്രദ ർ തോമസ് ജോൺ മൂഴിക്കച്ചാലിൽ എല്ലാവർക്കും നന്ദി പറഞ്ഞു. സിസ്റ്റർ സിസിലി തോമസ് ചീരംകുഴിയിൽ ഉപസംഹാര പ്രാർത്ഥ ന ചൊല്ലി.

താമരശ്ശേരി സെൻട്രൽ കൗൺസിൽ യോഗം ഫെബ്രുവരി പത്താം തീയതി ദേവഗിരി ഓശാന ഭവനത്തിൽ വച്ച് ചേരുകയുണ്ടായി. സിസി പ്രസിഡണ്ട് ബ്രദർ തോമസ് പുലിക്കോട്ടിൽ അധ്യക്ഷത വഹിച്ച യോഗത്തിൽ മുഴുവൻ ബോർഡ് അംഗങ്ങളും എ സി പ്രസിഡന്റുമാരും പങ്കെടുത്തു. ഓരോ ഏസിയിലെയും പ്രവർത്തന റിപ്പോർട്ട് പ്രസിഡന്റുമാർ അവതരിപ്പിച്ച വിലയിരുത്തുകയുണ്ടായി.

**ബ്രദർ. തോമസ് പുലിക്കോട്ടിൽ**
**CC പ്രസിഡന്റ്**

# മാതൃവേദി

രൂപത എക്സിക്യൂട്ടീവ് യോഗവും 2024 25 പ്രവർത്തന വർഷത്തേക്കുള്ള ഭാരവാഹികളുടെ തെരഞ്ഞെടുപ്പും

സീറോ മലബാർ മാതൃവേദി താമരശ്ശേരി രൂപത എക്സിക്യൂട്ടീവ് യോഗവും 2024–25 പ്രവർത്തന വർഷത്തേക്കുള്ള ഭാരവാഹികളുടെ തെരഞ്ഞെടുപ്പും താമരശ്ശേരിയിൽ വച്ച് നടന്നു.

രൂപത പ്രസിഡണ്ട്
സ്വപ്ന ഗിരീഷ് കുമ്പാട്ട്, കൈതപ്പൊയിൽ – താമരശ്ശേരി
വൈസ് പ്രസിഡണ്ട്
രജനി മാത്യു പഴയപറമ്പിൽ –മഞ്ചേരി
സെക്രട്ടറി
ജെസ്സി സോജൻ പൊൻമലകുന്നേൽ –വിലങ്ങാട്
ജോയിന്റ് സെക്രട്ടറി
മെറ്റിൽഡാ സെബാസ്റ്റ്യൻ മുക്കാട്ട് –പരിയാപുരം
ട്രഷറർ
ലുമിന ജിൽസ് നെടുങ്കല്ലേൽ – വേനപ്പാറ
എക്സിക്യൂട്ടീവ് അംഗങ്ങൾ

1. മഞ്ജു സണ്ണി എമ്പ്രയിൽ –നരിനട
2. സൗമ്യ സേവിയർ ഓലികുന്നേൽ – വാലില്ലാപുഴ
3. ജിനി ടോം ഓഴത്തിൽ – കാളികാവ്
4. വിനീത ബിനോയ് പുലിക്കോട്ടിൽ – അമലാപുരി
5. ഡോളി ദേവസ്യ വെട്ടിക്കാമലയിൽ – തെയ്യപ്പാറ
6. സിനി ബിനു കന്നാലിൽ – കരിങ്ങാട്

സീറോ മലബാർ മാതൃവേദിയുടെ ഗ്ലോബൽ സമ്മേളനം

സീറോ മലബാർ മാതൃവേദിയുടെ ഗ്ലോബൽ സമ്മേളനം ഫെബ്രുവരി 16, 17 തീയതികളിൽ കോഴിക്കോടുള്ള PMOC യിൽ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് ഉദ്ഘാടനം ചെയ്തു.

സംസ്ഥാനതലത്തിൽ എൻഎസ്എസ്സിന്റെ മികച്ച പ്രോഗ്രാം കോർഡിനേറ്റർക്കുള്ള അവാർഡ് നേടിയ സോളി തോമസിനെയും, മികച്ച സാമൂഹിക പ്രവർത്തകയ്ക്കുള്ള നന്മ അവാർഡ് നേടിയ ആഗ്നസ് ബേബിയെയും സമ്മേളനത്തിൽ ആദരിച്ചു. രണ്ടു ദിവസങ്ങളിലായി നടന്ന സമ്മേളനത്തിൽ ഫാ. തൂമുള്ളിൽ ഉത്തമ ക്രിസ്ത്യാനിയെ വാർത്തെടുക്കുന്നതിൽ അമ്മമാർക്കുള്ള പങ്ക് എന്ന

വിഷയത്തിലും ഡോ. ചാക്കോ കാളാംപറമ്പിൽ ഉത്തരവാദിത്ത പൂർണ്ണമായ മാതൃത്വം കുടുംബത്തിലും സഭയിലും സമുദായത്തിലും എന്ന വിഷയത്തെക്കുറിച്ച് ക്ലാസുകൾ നൽകി. വികാരി ജനറൽ മോൺ. അബ്രഹാം വയലിൽ അനുഗ്രഹ പ്രഭാഷണം നടത്തി. സീറോ മലബാർ സഭയുടെ ഇരുപത്തിമൂന്ന് രൂപതകളിൽ നിന്നായി 135 അമ്മമാരും രൂപത ഡയറക്ടർമാരും ആനിമേറ്റേഴ്സും സമ്മേള നത്തിൽ പങ്കെടുത്തു

ജനറൽബോഡി യോഗവും, കർമ്മപദ്ധതി പ്രകാശനവും

താമരശ്ശേരി രൂപത സീറോ മലബാർ മാതൃവേദിയുടെ ജനറൽ ബോ ഡി യോഗവും, കർമ്മപദ്ധതി പ്രകാശനവും, പുതിയ രൂപത ഭാരവാ ഹികളുടെ സത്യപ്രതിജ്ഞയും ഫെബ്രുവരി 24 ശനിയാഴ്ച രാവിലെ 11 മണിക്ക് താമരശ്ശേരി മേരിമാതാ കത്തീഡ്രൽ ഓഡിറ്റോ റിയത്തിൽ വച്ച് നടന്നു. മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് യോഗം ഉദ്ഘാടനം ചെയ്തു.

മികച്ച മാതൃവേദി യൂണിറ്റ്

താമരശ്ശേരി രൂപത സീറോ മലബാർ മാതൃവേദിയുടെ 2023 പ്ര വർത്തനവർഷത്തിലെ (ജനുവരി, ഡിസംബർ) മികച്ച പ്രവർത്തന ങ്ങൾ നടത്തിയ യൂണിറ്റുകളെ വിലയിരുത്തുകയും കൃത്യമായ മാന ദണ്ഡങ്ങളിലൂടെ അവയെ കണ്ടെത്തുകയും ചെയ്തിരിക്കുന്ന വി വരം ഏറെ സന്തോഷത്തോടെ അറിയിക്കുന്നു. സമ്മാനർഹരായ യൂണിറ്റുകളെ പ്രത്യേകം അഭിനന്ദിക്കുന്നു.

2023 വർഷത്തെ മികച്ച മാതൃവേദി യൂണിറ്റ്

ഒന്നാം സ്ഥാനം മാങ്കാവ് ഇടവക; രണ്ടാം സ്ഥാനം വേനപ്പാറ ഇടവക; മൂന്നാം സ്ഥാനം മഞ്ചേരി ഇടവക; അ+ ഗ്രേഡ് തിരുവമ്പാടി ഇടവക.

2023 വർഷത്തെ മികച്ച മേഖല

ഒന്നാം സ്ഥാനം പെരിന്തൽമണ്ണ മേഖല; രണ്ടാം സ്ഥാനം തോട്ടുമു ക്കം മേഖല; മൂന്നാം സ്ഥാനം തിരുവമ്പാടി മേഖല.

നന്ദി

കഴിഞ്ഞ രണ്ടു വർഷക്കാലം താമരശ്ശേരി രൂപത സീറോ മലബാർ വേദിയെ മുന്നോട്ടു നയിച്ച രൂപതാ പ്രസിഡണ്ട് ശ്രീമതി ലിസി കു റ്റ്യാനിക്കലിനും രൂപത എക്സിക്യൂട്ടീവ് അംഗങ്ങൾക്കും ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുകയും ദൈവാനുഗ്രഹം പ്രാർത്ഥിക്കുക യും ചെയ്യുന്നു.

**ഫാ. ജോസഫ് അന്തീനാട്ട്**
**ഡയറക്ടർ, മാതൃവേദി**

# ബഥാനിയ ധ്യാനകേന്ദ്രം

**അവന്റെ മുറിവിനാൽ നിങ്ങൾ സൗഖ്യമുള്ള വരാക്കപ്പെട്ടിരിക്കുന്നു (പത്രോസ് 2:24).**

**ധ്യാനങ്ങൾ**

ഫെബ്രുവരി16 മുതൽ 19 വരെയായിരുന്നു താമസിച്ചുള്ള ധ്യാനം. നോമ്പുകാലം ഫലദായകമായിത്തീരാൻ വേണ്ടി നല്ല ഒരു ധ്യാനാനുഭവം ആഗ്രഹിച്ച് കടന്നുവന്ന ഇരുന്നൂറോളം പേരുണ്ടാ യിരുന്നു.

ഇടവകാധ്യാനങ്ങൾ

ഈ മാസം ബഥാനിയ ടീം നയിച്ച വാർഷിക ധ്യാനങ്ങൾ മൂന്നു ഇടവകകളിൽ ഉണ്ടായിരുന്നു. ഫെബ്രുവരി 5,6,7 തിയ്യതികളിൽ തോട്ടുമുക്കം ഇടവകയിലും 12,13,14,15 തിയ്യതികളിൽ കട്ടിപ്പാറ ഇടവകയിലും ആയിരുന്നു താമരശ്ശേരി രൂപതയിലെ വാർഷിക ധ്യാനങ്ങൾ. മാനന്തവാടിരൂപതയിലെ തേനേരി ഇടവകയിൽ 22,23,24,25 തിയ്യതികളിലായിരുന്നു വാർഷിക ധ്യാനം. നല്ല ഒരു ധ്യാനത്തിനായി ഇടവകാ ജനത്തെ ഒരുക്കിയെടുത്ത ബഹു. വികാരിയച്ചന്മാരുടെ സമർപ്പണം എടുത്തു പറയേണ്ടതാണ്.

ഏകദിന കൺവെൻഷൻ

ഈ മാസത്തെ എല്ലാ വെള്ളിയാഴ്ചകളിലും ഏകദിന കൺവെൻഷനുകൾ നടന്നു. തങ്ങളുടെ നിരവധിയായ ആവശ്യങ്ങളും ആഗ്രഹങ്ങളും ദൈവ സന്നിധിയിൽ സർപ്പിച്ച് പ്രാർത്ഥിക്കുന്നതി നായി നാടിന്റെ പലഭാഗങ്ങളിൽ നിന്നുമായി അനേകര് വെള്ളിയാഴ്ച കൺവെൻഷനിൽ പങ്കെടുക്കുന്നതിനായി ബഥാനിയായിൽ വരുന്നുണ്ട്. 2-ാം തിയ്യതി ആദ്യ വെള്ളിയാഴ്ച ആവേ മരിയ ഹാൾ തിങ്ങി നിറഞ്ഞ് പ്രാർത്ഥനാപൂർവ്വം ശുശ്രൂഷയിൽ പങ്കെടുക്കുന്ന ദൈവ ജനത്തെയാണ് കാണാൻ കഴിഞ്ഞത്. ദിവ്യകാരുണ്യ പ്രദക്ഷിണത്തിൽ നമദ്ധ്യത്തിലേക്ക് എഴുന്നെള്ളിയ ഈശോയെ ആരാധനാഗീത ങ്ങളോടെയാണ് സമൂഹം എതിരേറ്റത്. രാവിലെ 9 മണിക്ക് ആരംഭിച്ച കൺവെൻഷനിൽ കുരിശിന്റെ വഴി, ജപമാല, ദിവ്യകാരുണ്യ ആരാധന, സൗഖ്യശുശ്രൂഷ, ഡെലി വറൻസ് ശുശ്രൂഷ, വി.കുർബ്ബാന, വചന സന്ദേശം, വി.കുമ്പസാരം, സ്പിരിച്ചൽ ഷെയറിങ്ങ് തുടങ്ങിയവ ഉണ്ടായിരുന്നു.

സ്പിരിച്ചൽ ഷെയറിങ്

എല്ലാദിവസവും ബഥാനിയയിൽ മദ്ധ്യസ്ഥ പ്രാർത്ഥന ഉണ്ടായിരുന്നു. ഇവിടുത്തെ എല്ലാ ശുശ്രൂഷകളുടെയും ശക്തി സ്രോതസ്സ് ദിവ്യകാരുണ്യ സന്നിധിയിൽ ത്യാഗപൂർവ്വം സമർപ്പിക്കുന്ന മദ്ധ്യസ്ഥ പ്രാർത്ഥനയാണ്. പ്രത്യേകം തെരഞ്ഞെടുക്കപ്പെട്ട ശുശ്രൂഷകരാണ് ഈ പ്രാർത്ഥനകൾ നയിക്കുന്നത്.

അധ്യാപക സംഗമം

താമരശ്ശേരി രൂപതയിലെ കോപ്പറേറ്റീവ് മാനേജ്മെന്റിനു കീഴി ലുള്ള സ്കൂളുകളിലെ അധ്യാപകരുടെ സംഗമം ഫെബ്രുവരി 10-ാം തിയ്യതി ബഥാനിയായിൽ വച്ച് നടന്നു. 1300 അധ്യാപകർ പങ്കെടുത്തു.

മാർച്ചു മാസത്തിലെ ശുശ്രൂഷകൾ

1) ഇടവകാ ധ്യാനങ്ങൾ

3,4,5,6 തിയ്യതികളിൽ മാനന്തവാടി രൂപതയിലെ ഒണ്ടയങ്ങാടി ഇടവക.

18,19,20,21 തിയ്യതികളിൽ കണ്ണോത്ത് ഇടവക.

2) ബഥാനിയായിലെ ശുശ്രൂഷകൾ

01 ആദ്യവെള്ളി : ഏകദിന കൺവെൻഷൻ

08 വെള്ളി : ഏകദിന കൺവെൻഷൻ
: ജീവിത വിശുദ്ധീകരണ ധ്യാനം (8-11)

15 വെള്ളി : ഏകദിന കൺവെൻഷൻ

22 വെള്ളി : ഏകദിന കൺവെൻഷൻ

24 ഞായർ: ഓശാന
: ജീവിത വിശുദ്ധീകരണ ധ്യാനം (24-27)

**ഫാ. സെബാസ്റ്റ്യൻ പുളിക്കൽ**
**ഡയറക്ടർ, ബഥാനിയ ധ്യാനകേന്ദ്രം**

# വികസന വേദി

**ന്യൂഇയർ ആഘോഷം**

കാറ്റുള്ളമല ദർശന മഹിളാസമാജം വാർഷികാഘോഷവും കേക്ക് മുറിച്ചു ന്യൂഇയർ ആഘോഷവും നടത്തി. തുടർന്നുസെക്രട്ടറി റിപ്പോർട്ട് അവതരിപ്പിച്ചു. അംഗങ്ങളുടെ കലാപരിപാടികൾ നടത്തി. ഏറ്റവും കൂടുതൽ ഹാജറിന് സമ്മാനങ്ങൾ നല്കി. പരസ്പര സഹായ നിധി നറുക്കെടുപ്പ് നടത്തി. സ്നേഹ വിരുന്നിനു ശേഷം യോഗം പിരിഞ്ഞു. COD ഏരിയ കോ–ഓർഡിനേറ്റർ നേതൃത്വം കൊടുത്തു.

**ആരോഗ്യ ക്യാമ്പ്**

പുതുപ്പാടി ഗ്രാമവികസനസമിതി മൈലള്ളാംപാറ MCC യും കോഴിക്കോട് കോംട്രസ്റ്റ് കണ്ണാശുപത്രിയും സഹകരിച്ചു സൗജന്യ തിമിര ശസ്ത്രക്രിയ നിർണ്ണയ ക്യാമ്പ് നടത്തി. 118 പേർ ക്യാമ്പിൽ പങ്കെടുത്തു രോഗനിർണ്ണയം നടത്തി. 22 പേർക്ക് കണ്ണടയും, 16 പേർക്ക് തിമിര ശത്രക്രിയ നടത്തുവാനും 26 പേർക്ക് തുടർചികിത്സയും റഫർ ചെയ്തു. COD ഏരിയ കോ–ഓർഡിനേറ്റർ, ങഇഇ പ്രതിനിധികൾ എന്നിവർ നേതൃത്വം കൊടുത്തു.

സ്വയം സഹായ സംഘം (SHG) രൂപീകരണം

പുതുപ്പാടി, മരുതോങ്കര എന്നിവിടങ്ങളിൽ പുതിയ സംഘം രൂപീകരണം നടത്തി. 14 പേര് അടങ്ങുന്ന ഗ്രൂപ്പിന് സി.ഒ.ഡി.യെക്കുറിച്ചും അതിന്റെ പ്രവർത്തങ്ങളെക്കുറിച്ചും പറഞ്ഞു കൊടുത്തു. സി.ഒ.ഡി പ്രോഗ്രാം കോ–ഓർഡിനേറ്റർ, ഏരിയ കോഓർഡിനേറ്റർ എന്നിവർ നേതൃത്വം കൊടുത്തു.

**SHG ഗ്രേഡിംഗ്**

ബാങ്ക് ലോൺ എടുക്കുന്നതിനു വേണ്ടി സംഘങ്ങളുടെ ബുക്ക്സ് റെക്കോർഡ്സ് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഗ്രേഡിംഗ് ഷീറ്റ് തയ്യാറാക്കി. സി.ഒ.ഡി ഏരിയ കോ–ഓർഡിനേറ്റർ നേതൃത്വം കൊടുത്തു. ഗ്രേഡിംഗ് നടത്തിയ സംഘങ്ങൾ മിനുട്സ് തയ്യാറാക്കി സി.ഒ.ഡി ഡിറക്ടർക്ക് അപേക്ഷ സമർപ്പിച്ചു റെക്കമെന്റ് നൽകുകയും ചെയ്തു.

**സജീവം ലഹരി വിമുക്ത ബോധവൽക്കരണ ക്ലാസ്**

സജീവം ലഹരി വിരുദ്ധ ക്യാമ്പായിനിന്റെ ഭാഗമായി സെന്റർ ഫോർ ഓവറോൾ ഡെവലപ്പ്മെന്റും ഡ്രീം കോഴിക്കോടും താമരശ്ശേരി രൂപത എഡ്യൂക്കേഷണൽ കോർപ്പറേറ്റ് സൊസൈറ്റിയും സംയുക്തമായി മാരത്തോൺ സ്ട്രീറ്റ്പ്ലേ സെന്റ് ആന്റണി യുപി സ്കൂൾ കണ്ണോത്ത് വെച്ച് സജീവം സംസ്ഥാന കോർഡിനേറ്റർ ശ്രീ. സജോ ജോയ് ഉദ്ഘാടനം ചെയ്തു. സെന്റ് ആന്റണി യുപി സ്കൂൾ കണ്ണോത്ത് ഹെഡ് മാസ്റ്റർ ശ്രീ. പി .എ. ജോസിന്റെ അധ്യക്ഷതയിൽ നടന്ന പരിപാടിയിൽ ഡ്രീം ജില്ല കോർഡിനേറ്റർ ശ്രീ. അതുൽ എൻ ജോണി, സി.ഒ.ഡി പ്രോജക്ട് കോർഡിനേറ്റർ ജോയ് കെ സി, പ്രോജക്ട് ഓഫീസർ സിദ്ധാർഥ് എസ് നാഥ് എന്നിവർ സംസാരിച്ചു. കണ്ണോത്ത് യുപി സ്കൂൾ, കണ്ണോത്ത് ഹൈസ്കൂൾ, കോടഞ്ചേരി ഹൈസ്കൂൾ, നെല്ലിപ്പൊയിൽ ഹൈസ്കൂൾ എന്നീ സ്ഥലങ്ങളിൽ ലഹരിവിരുദ്ധ തെരുവ് നാടകങ്ങൾ അരങ്ങേറി

സജീവം ലഹരി വിരുദ്ധ ക്യാമ്പായിനിന്റെ ഭാഗമായി സെന്റർ ഫോർ ഓവറോൾ ഡെവലപ്പ്മെന്റും അൽഫോൻസ കോളേജ് തിരുവമ്പാടിയും താമരശ്ശേരി രൂപത എഡ്യൂക്കേഷണൽ കോർപ്പറേറ്റ് സൊസൈറ്റിയും സംയുക്തമായി മാരത്തോൺ സ്ട്രീറ്റ്പ്ലേ സംഘടിപ്പിച്ചു തിരുവമ്പാടി ആൽഫോൺസാ കോളേജിലെ ഒന്നാം വർഷ വിദ്യാർഥികളാണ് തെരുവ് നാടകങ്ങൾ അവതരിപ്പിച്ചത്. തിരുവമ്പാടി ഹൈസ്കൂൾ, കൂടരഞ്ഞി ഹൈസ്കൂൾ, പുല്ലൂരാംപാറ യുപി, ഹൈസ്കൂൾ എന്നീ വേദികളിൽ ലഹരിവിരുദ്ധ തെരുവ് നാടകങ്ങൾ അരങ്ങേറി.

ജില്ലാ ശിശു സംരക്ഷണ യൂണിറ്റ് കോഴിക്കോട്, സി.ഒ.ഡി. താമരശ്ശേരി, ഗവണ്മെന്റ് ഹോളി ഫാമിലി ഹയർ സെക്കണ്ടറി സ്കൂൾ കട്ടിപ്പാറ, ജില്ലാ മാനസിക ആരോഗ്യ പരിപാടി കോഴിക്കോടും സംയുക്തമായി  ലഹരി വിരുദ്ധ ബോധവത്കരണ ക്ലാസ് നടത്തി. ജില്ലാ മാനസിക ആരോഗ്യ പരിപാടി കോഴിക്കോട് സോഷ്യൽ വർക്കർ ശില്പ ക്ലാസ്സുകൾക്ക് നേതൃത്വം കൊടുത്തു. ഇമരള കാവൽ പദ്ധതി സ്റ്റാഫ് അംഗങ്ങൾ പങ്കെടുത്തു.

ആക്ടിവ സ്കൂട്ടർ, ലാപ് ടോപ് വിതരണം

COD യുടെ ആഭിമുഖ്യത്തിൽ നാഷണൽ NGO കോൺഫെഡറേഷന്റെ 50% സാമ്പത്തിക സഹായത്തോടെ വുമൺ ഓൺ വീൽസ്

പദ്ധതിയിലൂടെ വനിതകൾക്ക് ആക്ടിവ സ്കൂട്ടർ, ഡിജിറ്റൽ ട്രാൻസ് ഫോർമേഷൻ പദ്ധതിയിലൂടെ കുട്ടികൾക്ക് ലാപ് ടോപ് എന്നിവ വിതരണം ചെയ്തു. സി.ഒ.ഡി പ്രൊജക്റ്റ് കോഓർഡിനേറ്റർ സിദ്ധാർഥ്, ഏരിയ കോഓർഡിനേറ്റർ എന്നിവർ പങ്കെടുത്തു.

ഡയാലിസിസ് യൂണിറ്റ്

ഓമശ്ശേരി വേനപ്പാറ സെന്റ് അൽഫോൻസാ ഡയാലിസിസ് യൂണിറ്റിന്റെ ഉദ്ഘാടന പരിപാടി നടന്നു. താമരശ്ശേരി രൂപത ബിഷപ്പ് മാർ റെമിജിയോസ് പിതാവിന്റെ അധ്യക്ഷതയിൽ തിരുവമ്പാടി MLA ശ്രീ. ലിന്റോ ജോസഫ് ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. ഡയാലിസിസ് യൂണിറ്റിന്റെ ഡയറക്ടർ ഫാ. ജോൺ ഒറവുങ്കര സ്വാഗതം പറഞ്ഞു. യൂണിറ്റിന്റെ പ്രവർത്തനങ്ങൾക്ക് സഹായങ്ങൾ ചെയ്തു തന്ന Ms.MARIA WOSTE (GERMAY) വിശിഷ്ട അതിഥി സന്നിഹിതയായിരുന്നു. അവരെ പൊന്നാട അണിയിച്ചു ആദരിക്കുകയും ചെയ്തു. കൂടാതെ Ms.MARIA WOSTE പരിചയപ്പെടുത്തിയ ഫാ. സാബു മഠത്തികുന്നേൽ (ജർമ്മനി) അഭിനന്ദനം അറിയിക്കുകയും ചെയ്തു. താമരശ്ശേരി രൂപത വികാരി ജനറൽ, മുക്കം മുനിസിപ്പാലിറ്റി ചെയർമാൻ, കൗൺസിലർ, വാർഡ് മെമ്പർ, രൂപത പാസ്റ്റർ കൗൺസിൽ സെക്രട്ടറി, വികാരി വേനപ്പാറ പള്ളി, തുടങ്ങിയവർ ആശംസ അർപ്പിച്ചു സംസാരിച്ചു. മറ്റു വൈദികർ, COD സ്റ്റാഫ് അംഗങ്ങൾ, പ്രദേശവാസികൾ എന്നിവർ പങ്കെടുത്തു. COD ഡയറക്ടർ ഫാ. ജോർജ് ചെമ്പരത്തിക്കൽ നന്ദി പറഞ്ഞു.

**ഫാ. ജോർജ്ജ് ചെമ്പരത്തിക്കൽ**
**ഡയറക്ടർ, വികസനവേദി**

# യേശുനിധി

2024 ജനുവരി മാസത്തിൽ യേശുനിധിയിൽ നിന്ന് വിവിധ ആവശ്യങ്ങൾക്കായി നല്കി തുകയും ഇടവകയും താഴെ ചേർക്കുന്നു..

| | | |
|---|---|---|
| **Education** | | |
| 1 | Anackampoil | 10,000.00 |
| 2 | Cheerattamala | 10,000.00 |
| 3 | Kalkundu | 8,000.00 |
| 4 | Pushpagiri | 10,000.00 |
| 5 | Pushpagiri | 12,000.00 |
| 6 | Venappara | 10,000.00 |
| 7 | Vilangad | 10,000.00 |
| **Home** | | |
| 8 | Adackakundu | 10,000.00 |
| 9 | Chembukadave | 10,000.00 |
| 10 | Kuppayakode | 15,000.00 |
| 11 | Thazhekode | 10,000.00 |
| **Marriage** | | |
| 12 | Kariyathumpara | 15,000.00 |
| 13 | Mariapuram | 15,000.00 |
| 14 | Perinthalmanna | 20,000.00 |
| 15 | Thiruvambady | 20,000.00 |
| 16 | Vettilappara | 10,000.00 |
| **Medical** | | |
| 17 | Anackampoil | 8,000.00 |
| 18 | Anackampoil | 10,000.00 |
| 19 | Chempanoda | 10,000.00 |
| 20 | Chempanoda | 8,000.00 |
| 21 | Chippilithode | 12,000.00 |
| 22 | Kakkadampoil | 5,000.00 |
| 23 | Kariyathumpara | 8,000.00 |
| 24 | Karuvarakundu | 15,000.00 |
| 25 | Mavoor | 12,000.00 |
| 26 | Muthukad | 8,000.00 |
| 27 | Nooramthode | 10,000.00 |
| 28 | Passukadave | 10,000.00 |
| 29 | Peruvannamuzhi | 10,000.00 |
| 30 | Peruvannamuzhi | 10,000.00 |
| 31 | Poothampara | 10,000.00 |
| 32 | Poothampara | 10,000.00 |
| 33 | Pullorampara | 15,000.00 |
| 34 | Vayalada | 10,000.00 |
| 35 | Vilakkamthode | 10,000.00 |
| 36 | Vilangad | 10,000.00 |
| **Total** | | **396,000.00** |

**ഫാ. കുര്യാക്കോസ് മുകാല**
ഫിനാൻസ് ഓഫീസർ

# അജപാലനക്കുറിപ്പുകൾ

ജനുവരി

28 ഉച്ചകഴിഞ്ഞ്, തിരുവമ്പാടി ഇടവകയിൽ, താമരശ്ശേരി രൂപതാവൈദികൻ ബഹു. സെബാസ്റ്റ്യൻ പുരയിടത്തിലിന്റെ പിതാവ് പരേതനായ വർഗ്ഗീസിന്റെ മൃതസംസ്കാര കർമ്മങ്ങൾക്ക് നേതൃത്വം നൽകി.

ഫെബ്രുവരി

01 കുന്നോത്ത് ഗുഡ് ഷെപ്പേർഡ് മേജർ സെമിനാരിയിൽ വൈദിക വിദ്യാർത്ഥികൾക്കായി ക്ലാസ്സെടുത്തു.

01 – 07 ബാഗളൂരിൽ സെന്റ് ജോൺസ് മെഡിക്കൽ കോളേജ് കാമ്പസിൽ നടന്ന സി.ബി.സി.ഐ. മീറ്റിങ്ങിൽ സംബന്ധിച്ചു.

07 വൈകുന്നേരം, പരേതനായ ശ്രീ. കിഴക്കരക്കാട്ട് കെ. ഒ. ജോസഫിന്റെ (കുഞ്ഞേട്ടൻ) ഭവനം സന്ദർശിക്കുകയും കുടുംബാംഗങ്ങളെ അനുശോചനം അറിയിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു.

08 – 10 പുതുപ്പാടി ഫിലിപ്പ് നേരി ജനറലേറ്റിൽ രണ്ടാമത് സിനാക്സിസിന് ആദ്ധ്യക്ഷം വഹിച്ചു.

08 വൈകുന്നേരം, കോഴിക്കോട് ദേവമാതാ കത്തീഡ്രലിൽ കോഴിക്കോട് രൂപതാമെത്രാൻ അഭിവന്ദ്യ വർഗീസ് ചക്കാലക്കൽ പിതാവിന്റെ മെത്രാഭിഷേകത്തിന്റെ രജത ജൂബിലി ആഘോഷത്തോടനുബന്ധിച്ച് നടന്ന സമൂഹബലിയിൽ പങ്കെടുക്കുകയും തുടർന്ന നടന്ന അനുമോദന മീറ്റിങ്ങിൽ ആശംസകൾ അറിയിച്ചു സംസാരിക്കുകയും ചെയ്തു.

09 വൈകുന്നേരം, താമരശ്ശേരി സെന്റ് അൽഫോൻസ നേഴ്സറി & എൽ.പി. സ്കൂളിന്റെ 33–ാമത് വാർഷികാഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു.

കോടഞ്ചേരി ഫൊറോന ഇടവകയിൽ നടന്ന പോപ്പുലർ മിഷൻ ധ്യാനത്തിന്റെ സമാപന സമ്മേളനത്തിൽ പങ്കെടുത്തവരെ അഭിസംബോധനചെയ്യുകയും പ്രാർത്ഥിച്ച് ആശീർവദിക്കുകയും

ചെയ്തു.

10 രാവിലെ, തിരുവമ്പാടിയിൽ സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനം വെഞ്ചരിക്കുകയും സമ്മേളനം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

പുല്ലൂരാംപാറ ബഥാനിയ ധ്യാനകേന്ദ്രത്തിൽ താമരശ്ശേരി രൂപത കോർപ്പറേറ്റ് എജ്യുക്കേഷണൽ ഏജൻസി അദ്ധ്യാപകരുടെ സംഗമവും യാത്രയയപ്പ് സമ്മേളനവും ഉത്ഘാടനം ചെയ്തു.

മേരിക്കുന്ന് നിർമ്മല ഹോസ്പിറ്റലിൽ ചികിത്സയിലായിരിക്കുന്ന ബഹു. ജെയിംസ് വാമറ്റത്തിലച്ചനെ സന്ദർശിച്ചു.

11 രാവിലെ, ബൽത്താങ്ങാടി രൂപത സ്ഥാപനത്തിന്റെയും രൂപതയുടെ പ്രഥമ അദ്ധ്യക്ഷൻ അഭിവന്ദ്യ ലോറൻസ് മുക്കുഴി പിതാവിന്റെ മെത്രാഭിഷേകത്തിന്റെയും രജത ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ബൽത്തങ്ങാടി കത്തീഡ്രൽ അങ്കണത്തിൽ നടന്ന സമൂഹബലിയിലും പൊതുസമ്മേളനത്തിലും പങ്കെടുത്തു.

12 രാവിലെ, താമരശ്ശേരി മേരി മാതാ കത്തീഡ്രലിൽ വിഭൂതി തിരുക്കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

താമരശ്ശേരി രൂപതാഭവനിൽ ആൽഫ ട്രസ്റ്റ് മീറ്റിങ്ങിൽ സംബന്ധിച്ചു.

താമരശ്ശേരി രൂപതാഭവനിൽ ജൂഡിത്ത് ഫോറം എക്സിക്യൂട്ടീവ് മീറ്റിങ്ങിൽ പങ്കെടുത്തു.

വൈകുന്നേരം, കാട്ടാനയുടെ അക്രമണത്താൽ കൊല്ലപ്പെട്ട, മാനന്തവാടി പടമല പനച്ചിയിൽ അജീഷിന്റെ ഭവനം സന്ദർശിച്ച് കുടുംബാംഗങ്ങളെ ആശ്വസിപ്പിച്ചു.

സുൽത്താൻ ബത്തേരി ശ്രേയസ് റിട്രീറ്റ് സെന്ററിൽ ചർച്ച് ഓഫ് സൗത്ത് ഇന്ത്യയുടെ സൗത്ത് കേരള രൂപതയിലെ പാസ്റ്റർമാർക്കും സഹായികൾക്കുമുള്ള വാർഷിക ധ്യാനം ഉദ്ഘാടനം ചെയ്തു.

13 രാവിലെ, വിലങ്ങാട് ഫൊറോന വൈദിക മന്ദിരത്തിൽ ഫൊറോനയിലെ വൈദികരെ കാണുകയും ഓരോ ഇടവകയുടെയും അജപാലന പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

13–14 മരുതോങ്കര ഫൊറോന വൈദിക മന്ദിരത്തിൽ ഫൊറോനയിലെ വൈദികരെ കാണുകയും ഓരോ ഇടവകയുടെയും അജപാലന പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

വൈകുന്നേരം, കുണ്ടുതോട് ഇടവകയിൽ മരുതോങ്കര ഫൊറോന ബൈബിൾ കൺവെൻഷൻ തിരിതെളിച്ച് ഉത്ഘാടനം ചെയ്യുകയും വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകുകയും ചെയ്തു.

15 രാവിലെ, കുളത്തുവയൽ എം.എസ്.എം.ഐ. ജനറലേറ്റിൽ വി. കുർബാന അർപ്പിച്ചു.

കൂരാച്ചുണ്ട് ഫൊറോന വൈദിക മന്ദിരത്തിൽ ഫൊറോന യിലെ വൈദികരെ കാണുകയും ഓരോ ഇടവകയുടെയും അജപ ാലന പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

16 രാവിലെ, ചുണ്ടത്തുംപൊയിൽ ഇടവകയിൽ ഒരു കുടുംബ ത്തിലെ നാലാമത്തെ കുഞ്ഞിന് പ്രാരംഭ കൂദാശകൾ നല്കി.

ശസ്ത്രക്രിയയ്ക്ക് വിധേയനാകുന്ന ബഹു. മാത്യു ഓണയാ ത്തുംകുഴി അച്ചനെ മേരിക്കുന്ന് ആശുപത്രിയിൽ സന്ദർശിച്ചു.

പി.എം.ഒ.സി.യിൽ സീറോ മലബാർ മാതൃവേദിയുടെ അന്തർദേശീയ ജനറൽ ബോഡിമീറ്റിംഗ് ഉദ്ഘാടനം ചെയ്തു.

കുളത്തുവയൽ ഇടവക ദൈവാലയത്തിൽ താമരശ്ശേരി സേക്ര ഡ് ഹാർട്ട് സാന്തോം പ്രോവിൻസ് അംഗമായ സി. മേഴ്സി ജോസ് പ്ലാത്തോട്ടത്തിലിന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് നേതൃത്വം ന ൽകി.

വൈകുന്നേരം, പുല്ലുരാംപാറ ബഥാനിയ ധ്യാനകേന്ദ്രത്തിൽ ധ്യാനത്തിൽ സംബന്ധിക്കുന്നവർക്കുവേണ്ടി വി. കുർബാന അർപ്പി ച്ചു.

17 രാവിലെ, രാമനാഥപുരം രൂപതയിൽ കോയമ്പത്തൂർ ദിവ്യോ ദയ ഇന്റർ റിലീജിയസ് സെന്ററിൽ, സമർപ്പിത ദിനത്തോടനുബ ന്ധിച്ച് സംഘടിപ്പിച്ച രൂപതയിലെ മുഴുവൻ സമർപ്പിതരുടെയും സംഗമത്തിൽ വി. കുർബ്ബാനയർപ്പിച്ച് സന്ദേശം നൽകി.

18 കൂടത്തായി ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

വൈകുന്നേരം, കോഴിക്കോട് ഈശോ സഭ പ്രൊവിൻഷ്യൽ ഹൗസിൽ ഈശോ സഭയുടെ ജനറാൾ ഫാ. അർത്തൂറോ സോസ എസ്.ജെ യ്ക്ക് നൽകിയ സ്വീകരണത്തിൽ സംബന്ധിച്ചു.

19 രാവിലെ, മരുതോങ്കര ഇടവകയിൽ പരേതനായ കട്ടക്കയം

ജോർജ്ജിന്റെ ഭവനത്തിൽ ചെന്ന് ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

പാറോപ്പടി ഫൊറോന വൈദിക മന്ദിരത്തിൽ ഫൊറോന യിലെ വൈദികരെ കാണുകയും ഓരോ ഇടവകയുടെയും അജപാ ലന പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

20 കോടഞ്ചേരി ഫൊറോന വൈദിക മന്ദിരത്തിൽ ഫൊറോന യിലെ വൈദികരെ കാണുകയും ഓരോ ഇടവകയുടെയും അജപ ാലന പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

21 കരുവാരക്കുണ്ട് ഫൊറോന വൈദിക മന്ദിരത്തിൽ ഫൊറോ നയിലെ വൈദികരെ കാണുകയും ഓരോ ഇടവകയുടെയും അജപാ ലന പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

22 രാവിലെ, താമരശ്ശേരി രൂപതാഭവനിൽ അൽഫോൻസ എഡ്യു ക്കേഷണൽ ട്രസ്റ്റ് മീറ്റിങ്ങിൽ സംബന്ധിച്ചു.

എഫ്.സി.സി. പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ലില്ലി ജോ ണിനെ രൂപതാഭവനിൽ സ്വീകരിച്ചു.

വൈകുന്നേരം, കല്പറ്റയിൽ, മാനന്തവാടി രൂപതയുടെയും കത്തോലിക്ക കോൺഗ്രസ്സിന്റെയും മറ്റ് സംഘടനകളുടെയും നേ തൃത്വത്തിൽ വന്യമൃഗശല്യത്തിനെതിരായി നടന്ന പ്രതിഷേധ പ്ര കടനത്തിലും തുടർന്ന് നടന്ന പൊതുസമ്മേളനത്തിലും സംബന്ധി ച്ചു.

23 രാവിലെ, കുളത്തുവയൽ എം.എസ്.എം.ഐ. ജനറലേറ്റിൽ സിനാക്സിസിൽ പങ്കെടുക്കുന്ന അംഗങ്ങൾക്കുവേണ്ടി ദിവ്യബലി അർപ്പിക്കുകയും ക്ലാസ്സെടുക്കുകയും ചെയ്തു.

ഉച്ചയ്ക്ക്, തിരുവമ്പാടി അൽഫോൻസ കോളേജിൽ സോളാർ പവർ സപ്ലൈ പ്ലാന്റ് ഉദ്ഘാടനം ചെയ്തു.

24 രാവിലെ, വെറ്റിലപ്പാറ ഇടവകയിൽ പരേതനായ വന്ദ്യ പിതാവ് സി. എ. പോൾ ഇഞ്ചനാനിയിലിന്റെ ആറാം ചരമ വാർഷി കത്തോടനുബന്ധിച്ച് വി. കുർബ്ബാന അർപ്പിച്ചു.

താമരശ്ശേരി രൂപത ഭവനിൽ വിശ്വാസോത്സവ പഠനശിബിരം ഉത്ഘാടനം ചെയ്തു.

താമരശ്ശേരി മേരി മാതാ കത്തീഡ്രൽ പാരീഷ് ഹാളിൽ, മാതൃ വേദി രൂപതാ ജനറൽ ബോഡി മീറ്റിങ്ങ് ഉത്ഘാടനം ചെയ്തു.

താമരശ്ശേരി മേരി മാതാ കത്തീഡ്രൽ അങ്കണത്തിൽ, കെ.സി.വൈ.എം. രൂപതാസമിതിയുടെ ആഭിമുഖ്യത്തിൽ കോഴിക്കോട് മെഡിക്കൽ കോളേജിലെ രോഗികൾക്കായി നല്കുന്ന പൊതിച്ചോർ വിതരണത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു.

താമരശ്ശേരി അൽഫോൻസ ആർക്കേഡിൽ എൽ.ഡി.എസ്സിന്റെ രൂപതാ തല ഓഫീസ് വെഞ്ചരിച്ചു.

താമരശ്ശേരി അൽഫോൻസാ ആർക്കേഡിൽ, പൊതുമരാമത്ത് വകുപ്പ് മന്ത്രി ശ്രീ. മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്ത താമരശ്ശേരി അഗ്രികൾച്ചറൽ ഫാർമേർസ് സോഷ്യൽ വെൽഫയർ കോ–ഓപ്പറേറ്റീവ് സൊസൈറ്റിയുടെ (ഠഅഎഇഛട) ഉദ്ഘാടന സമ്മേളനത്തിൽ ആദ്ധ്യക്ഷം വഹിച്ചു.

വൈകുന്നേരം, താമരശ്ശേരി രൂപതാഭവനിൽ, പുതുതായി തിരഞ്ഞെടുക്കപ്പെട്ട എം.എസ്.എം.ഐ. ജനറൽ സുപ്പീരിയർ സി. എൽസി വടക്കേമുറി എം.എസ്.എം.ഐയെയും ടീമംഗങ്ങളേയും സ്വീകരിച്ചു.

25 – 29 ചാന്ദാ, അദിലാബാദ് രൂപതകളിലെ മിഷൻ പ്രദേശങ്ങൾ സന്ദർശിച്ചു.



# *ANGELUS*

***Saint Peter's Square***

## *Sunday, 21 January 2024*

In principle, God would not need us, but He does, despite the fact that it involves taking on many of our limitations: we are all limited, or rather sinners, and He takes this on. Look, for example, at how much patience He had with the disciples: often they did not understand His words (cf. Lk 9:51-56), at times they do not agree among themselves (cf. Mk 10:41), for a long time they are unable to accept some essential aspects of His preaching, such as service (cf. Lk 22:27). And yet Jesus chose them and continued to believe in them. This is important: the Lord chose us to be Christians. And we are sinners, we commit one after the other, but the Lord continues to believe in us. This is wonderful.

In effect, bringing God's salvation to everyone was for Jesus the greatest joy, His mission, the meaning of His existence (cf. Jn 6:38), or, as He says, his food (cf. Jn 4:34). And in every word and deed with which we join with Him, in the beautiful adventure of giving love, light and joy multiply (cf. Is 9:2): not only around us, but also in us. To proclaim the Gospel, then, is not wasted time: it is being happier by helping others to be happy; it is to free ourselves by helping others to be free; it is becoming better by helping others to be better!

# THAMARAMOTTUKAL

Registered with Registrar of Newspapers of India.

| RNI NO. 71212/99 | Date of Publication : 29-02-2024 |





Printed & Published by Fr. Abraham Kavilpurayidathil, on behalf of Chancellor, Diocese of Thamarassery, Bishop's House, P.B. No. 1, Thamarassery P.O., Kozhikode - 673 573. Printed at Alphonsa Offset Press, Near Cathedral Thamarassery P.O., Kozhikode - 673 573 and published at Thamarassery. Editor : Fr. Abraham Kavilpurayidathil, Thamaramottukal Monthly, Volume 26, issue 03, March 2024, Pages 77.